

പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം
14–ാം പഞ്ചവത്സര പദ്ധതി

വികസന രേഖ
2022-27

മുഖമൊഴി

നമ്മുടെ ഗ്രാമത്തിന്റെ സർവ്വതോന്മുഖമായ വികസന പ്രവർത്തനങ്ങൾക്കുള്ള ഒരു വികസന രേഖയാണിത്. ജനകീയാസൂത്രണത്തിന്റെ ഇരുപത്തഞ്ചാണ്ട് പിന്നിടുന്ന ഈ വേളയിൽ കേരളത്തിന്റെ 14-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി, പൂയപ്പള്ളിയുടേയും വികസനം നമ്മുടെ പ്രഥമ പരിഗണനയായി കാണണം. ഇതിന്റെ ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വികസന മേഖലയുടേയും അവസ്ഥ റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുകയുണ്ടായി. കഴിഞ്ഞ 25 വർഷകാലത്തെ ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലുള്ള രേഖകളും, ദ്വിദീയ വിവരശേഖരണവും കണക്കിലെടുത്ത് ഓരോ വികസന മേഖലകളും നേരിടുന്ന വെല്ലുവിളികളെ തിട്ടപ്പെടുത്തുകയുണ്ടായി. ഓരോ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ പരിഹാര സാധ്യതകൾ സംബന്ധിച്ചും നിഗമനത്തിൽ എത്തുകയുണ്ടായി. ഈ വസ്തുതകളുടെ വെളിച്ചത്തിൽ ഓരോ വികസന മേഖലയിലേയും വികസന തന്ത്രം എന്തായിരിക്കണമെന്നും, വരുന്ന 5 വർഷത്തെ വികസന പരിപ്രേക്ഷ്യം എങ്ങനെ ആയിരിക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്. ഈ വികസന കാഴ്ചപ്പാട് പ്രായോഗികമാക്കുന്നതിന് ആവശ്യമായ നാനാ മേഖലകളിൽ നിന്നുമുള്ള സമ്പത്ത് സ്വരൂപിക്കുവാനും വിനിയോഗിക്കുവാനുമുള്ള ഒരു സമീപനവും സ്വീകരിച്ചിട്ടുണ്ട്.

14-ാം പഞ്ചവത്സര പദ്ധതി കുറ്റമറ്റതും കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുള്ള പോരായ്മകൾ തിരുത്തിയും വ്യക്തമായ ലക്ഷ്യത്തോടു കൂടിയുള്ളതുമായ ഈ വികസന രേഖ വികസന സെമിനാറിന്റെ വിശദമായ പരിശോധനയ്ക്കും, അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ജെസ്സി റോയി

(പ്രസിഡന്റ്, പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്)

പൂയപ്പള്ളി
04.07.2022

ഉള്ളടക്കം

ചരിത്രം		03
അദ്ധ്യായം 1	ആമുഖം	10
അദ്ധ്യായം 2	പ്രകൃതി ദുരന്തങ്ങളും അതിജീവനവും	51
അദ്ധ്യായം 3	വികസന നയവും തന്ത്രവും	53
അദ്ധ്യായം 4	വിഭവ സമാഹരണം	57
അദ്ധ്യായം 5	വികസന മേഖല	58
	നവകേരള മിഷൻ നേട്ടങ്ങൾ	
	1. പൊതുഭരണവും, ധനകാര്യവും	
	2. കൃഷി, തൊഴിലുറപ്പ്, മണ്ണ്-ജല സംരക്ഷണം	
	3. മൃഗ സംരക്ഷണം , ക്ഷീര വികസനം	
	4. പ്രാദേശിക സാമ്പത്തിക വികസനം	
	5. ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം	
	6. സാമൂഹ്യ നീതി, ഭിന്നശേഷിക്കാർ,.വൃദ്ധർ, കുട്ടികൾ	
	7. വനിത വികസനം	
	8. പട്ടികജാതി/വർഗ്ഗ വികസനം	
	9. ആരോഗ്യം	
	10. കുടിവെള്ളം ,ശുചിത്വം	
	11. വിദ്യാഭ്യാസം, കലയും സംസ്കാരവും,യുവജന കാര്യം	
	12. പൊതുമരാമത്ത്, വൈദ്യുതി, ഊർജ്ജം ഉൾപ്പടെ)	
	13. കാലാവസ്ഥ, ദുരന്ത നിവാരണം, ജൈവ സാന്നിദ്ധ്യം	
അദ്ധ്യായം 6	പതിനാലാം പഞ്ചവത്സരപദ്ധതി പ്രവർത്തനങ്ങൾ	250

നാൾവഴികളിലൂടെ

ചരിത്രം ഉറങ്ങിക്കിടക്കുന്ന മണ്ണാണ് പൂയപ്പള്ളി. കൊട്ടാരക്കര, ചിറയിൻകീഴ് താലൂക്കുകളിൽ ഒരു കാലത്ത് ബുദ്ധമതം പ്രചാരത്തിലിരുന്നതായി ''കേരള വിജ്ഞാന കോശത്തിലും'' ഇളംകുളം കുഞ്ഞൻപിള്ളയുടെ ''അന്നത്തെകേരളം, സാംസ്കാരത്തിന്റെ നാഴിക കല്ലുകൾ'' എന്നീ ഗ്രന്ഥങ്ങളിലും പ്രതിപാദിച്ചു കാണുന്നു. പൂയപ്പള്ളി പഞ്ചായത്തിലും ഒരു കാലത്ത് ബുദ്ധമതം പ്രചാരത്തിലിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിലെ മിക്കക്ഷേത്രങ്ങളിലും അടുത്തകാലം വരെ എടുപ്പുകുതിരക്കെട്ട് ഉണ്ടായിരുന്നു. അത് ബുദ്ധമതം ഇവിടെ പ്രചാരത്തിലിരുന്നതിന്റെ തെളിവായി എടുക്കാവുന്നതാണ്. പള്ളി എന്ന പദത്തിന് ബുദ്ധവിഹാരം, എഴുത്തുകളരി, പള്ളിക്കൂടം എന്നീ അർത്ഥങ്ങളാണുള്ളത്. പൂയപ്പള്ളി, മരുതമൺപള്ളി എന്നീ പേരുകൾ ബുദ്ധമതവുമായി ബന്ധപ്പെട്ടു വന്ന പേരുകളാണ്. പൂയം നക്ഷത്ര ദിവസങ്ങളിൽ ബുദ്ധമതാനുയായികൾ ആളുകളെ കൂട്ടി വിദ്യ അഭ്യസിച്ചിരുന്നുവെന്നും അതിൽ നിന്നാണ് പൂയപ്പള്ളി എന്ന പേര് ഈ പ്രദേശത്തിന് ലഭിച്ചതെന്നും പഴമക്കാർ പറയുന്നു. 'മരുതം' എന്ന പദത്തിന് നിരന്ന കൃഷിസ്ഥലം എന്നാണർത്ഥം. ഈ നിരന്ന കൃഷി സ്ഥലത്ത് ബുദ്ധമതവിഹാരങ്ങളോ പള്ളിക്കൂടങ്ങളോ നിലനിന്നിരുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം മരുതമൺപള്ളി എന്ന പേര് വന്നിട്ടുള്ളത്. മരുതം എന്ന പദത്തിന് നിരന്ന കൃഷി സ്ഥലം എന്നാണർത്ഥം. ഇങ്ങനെ നിരന്ന കൃഷി സ്ഥലത്ത് ബുദ്ധമതവിഹാരങ്ങളോ, പള്ളിക്കൂടങ്ങളോ നിലനിന്നിരുന്ന തിന്റെ അടിസ്ഥാനത്തിലാവും ഈ പ്രദേശത്ത് മരുതമൺ പള്ളി എന്ന നാമധേയം കൈവന്നതെന്ന് പഴമക്കാർ പറയുന്നു. ഈ പഞ്ചായത്തിലെ നിരന്ന പ്രദേശവും മരുതമൺപള്ളിയാണ്.

ഓയൂരിന് സമീപമുള്ള ചുങ്കത്തറ തെക്കേ അതിർത്തിയായും ഓടനാവട്ടത്തിനു വടക്കുള്ള ചുങ്കത്തറ വടക്കേ അതിർത്തിയായും വെളിയം എന്നൊരു നാട്ടുരാജ്യം നിലനിന്നിരുന്നെന്നും ഈ ഭൂപ്രദേശം ഭരിച്ചിരുന്നത് വെളിയൻ എന്ന നാടുവാഴിയായിരുന്നെന്നും അങ്ങനെ ഈ പ്രദേശത്തിന് വെളിയം എന്ന പേര് കൈവന്നാതായും ശ്രീമാൻ.ഇളംകുളം കുഞ്ഞൻപിള്ള രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. പൂയപ്പള്ളി ഈ നാട്ടുരാജ്യത്തിന്റെ ഭരണാതിർത്തിക്കുള്ളിൽ ആയിരുന്നുവെന്നു പറയപ്പെടുന്നു.ബ്രിട്ടീഷുകാർക്കെതിരെ പടനയിച്ച ധീരനായ വേലുത്തമ്പി ദളവയുടെ ജഡം മണ്ണടിയിൽ നിന്നും തിരുവനന്തപുരത്തേയക്ക് കൊണ്ടുപോകും വഴി ഇന്നത്തെ പൂയപ്പള്ളി പോലീസ് സ്റ്റേഷൻ സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഇറക്കിവെച്ച് കിങ്കരന്മാർ വിശ്രമിച്ചതായും കാഴ്ച്ചക്കാരായി എത്തിയ നാട്ടുകാരെ വേലുത്തമ്പി ദളവയുടെ ശിരസ് ശൂലത്തിൽ കുത്തി ഉയർത്തിക്കാണിച്ചതായും പഴമക്കാർ പറയുന്നു.

ബ്രിട്ടീഷുകാർക്കെതിരെ പടനയിച്ച ധീരനായ വേലുത്തമ്പി ദളവയുടെ ജഡം മണ്ണടിയിൽ നിന്നും തിരുവനന്തപുരത്തേയക്ക് കൊണ്ടുപോകും വഴി ഇന്നത്തെ പൂയപ്പള്ളി പോലീസ് സ്റ്റേഷൻ സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഇറക്കിവെച്ച് കിങ്കരന്മാർ വിശ്രമിച്ചതായും കാഴ്ച്ചക്കാരായി എത്തിയ

നാട്ടുകാരെ വേലുത്തമ്പി ദളവയുടെ ശിരസ് ശൂലത്തിൽ കുത്തി ഉയർത്തിക്കാണിച്ചതായും പഴമക്കാർ പറയുന്നു.

പൂയപ്പള്ളി പഞ്ചായത്തിലെ മരുതമൺപള്ളി ജംഗ്ഷന് സമീപമുള്ള മാക്രിയില്ലാകുളം ഐതിഹൃത്തിന്റെ പട്ടികയിൽ പ്പെടുന്നതാണ്. ഈ കുളത്തിൽ 'മാക്രികൾ' ജീവിക്കുന്നില്ല. സന്ധ്യാവന്ദനത്തിനായി കുളപ്പടയിൽ ധ്യാന നിരതിനായിരുന്ന നമ്പൂതിരിയ്ക്ക് മാക്രിയുടെ കരച്ചിൽ അലോസരം സൃഷ്ടിച്ചതായും മേലിൽ ഈ കുളത്തിൽ മാക്രികൾ ഇല്ലാതെ പോകട്ടെയെന്ന് നമ്പൂതിരി ശപിച്ചതായും അന്നുമുതൽ ഈ കുളത്തിൽ മാക്രികൾ വാഴുന്നില്ലാ യെന്നുമാണ് ഐതിഹ്യം. ഈ കുളത്തിൽ മാക്രി വാഴാത്തതിന് എന്തെങ്കിലും ശാസ്ത്രീയ അടസ്ഥാനം ഉണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

ദേശീയ സ്വാതന്ത്ര്യസമരത്തിലും ഉത്തരവാദ ഭരണ പ്രക്ഷോഭരണത്തിലും ജന്മിത്വത്തിന് എതിരായുള്ള സമര പോരാട്ടങ്ങളിലും ഈ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾ അവരുടേതായ സജീവമായ പങ്ക് വഹിച്ചിട്ടുണ്ട്. പൂയപ്പള്ളി തോട്ടത്തിൽ വൈദ്യരുടെ മകൻ കുഞ്ഞുകുഞ്ഞ് എന്ന് വിളിച്ചിരുന്ന ഇടിക്കുള എന്ന ആളുടെ നേതൃത്വത്തിൽ പൂയപ്പള്ളിയിൽ നിന്നും റ്റി.കെ.കോശി വൈദ്യൻ, മൈലോട് ചക്കന്റഴികത്ത് ഗോപാലൻ, പരമു, മൈലോട് തോട്ടത്തിൽ വീട്ടിൽ രാമൻ, ഗോപാലൻ, മൈലോട് കുഴിവിളയിൽ നീലകണ്ഠൻ പൂയപ്പള്ളി പ്ലാവിള വീട്ടിൽ ചാക്കോ, കല്ലുവിള വീട്ടിൽ ചാക്കോ തുടങ്ങിയ 12 പേർ തിരുവനന്തപുരത്ത് അക്കാമ്മചെറിയാന്റെ നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യ സമര പ്രക്ഷോഭരണത്തിൽ പങ്കെടുക്കുകുയും അതിൽ ഇടിക്കുള എന്നയാൾക്ക് കുതിരപ്പട്ടാളത്തിന്റെ ചവിട്ടേൽക്കുകയും അതിനുശേഷം രോഗം ബാധിച്ച് മരിക്കുകയും ചെയ്തു.

ജന്മിത്വത്തിനെതിരെ ഈ പഞ്ചായത്തിൽ നടന്ന സമരം ശ്രദ്ധേയമാണ്. ഈ പഞ്ചായത്തിലെ കൊട്ടറ, മരുതമൺപള്ളി എന്നീ പ്രദേശങ്ങൾ തിരുവിതാംകൂറിലെ ഒന്നാമത്തെ ജന്മി യായിരുന്ന അകവൂർമന നമ്പൂതിരിയുടെ തനത് വക യായിരുന്നു. അകവൂർ മനക്കാർക്ക് അന്നത്തെ രാജാവ് കരം ഒഴിവായി 600 ദേശ വഴികളിൽപ്പെട്ട രണ്ടു ദേശവാഴിക ളായിരുന്നു കൊട്ടറയും, മരുതമൺപള്ളിയും. കൊട്ടറയും, മരുതമൺപള്ളിയും അടങ്ങുന്ന പ്രദേശത്തെ ഭൂമി കുടിയാന്മാരെന്ന നിലവിൽ കൃഷിക്കാർ കൈവശം വെയ്ക്കുകയും അകവൂർ മനയ്ക്ക് കരംകൊടുക്കുകയും ചെയ്തു വരികയായിരുന്നു. യഥാർത്ഥ കൈവശ ക്കാരായിരുന്ന കുടിയാന്മാരുടെ അദ്ധ്വാനഫലം, പാട്ടവും, വാരവുമായി ചൂഷണം ചെയ്യപ്പെട്ടിരുന്നു.ജന്മിക്ക് തോന്നുമ്പോൾ കുടിയാന്മാകരെ ഭൂമിയിൽ നിന്നും ഇറക്കി വിടാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. വസ്തുക്കളിൽ നിന്ന് വൃക്ഷങ്ങൾ മുറിക്കുന്നതിനോ ചുള്ളി ഒടിക്കുന്നതിനോ പോലും കൈവശക്കാർക്ക് അവകാശമുണ്ടായിരുന്നില്ല. ഇതിനെതിരെയായി സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പുതന്നെ ഈ പഞ്ചായത്തിൽ കുടിയാൻ പ്രക്ഷോഭം ആരംഭിച്ചിരുന്നു. ഈ പ്രക്ഷോഭത്തിന് നേതൃത്വം നൽകിയിരുന്നത് ''കർഷകൻ'' എന്ന അപര നാമധേയത്തിൽ പിൽക്കാലത്ത് അറിയപ്പെട്ട വെളിയം ശ്രീ.ജി.കൃഷ്ണപിള്ളയായിരുന്നു. ജന്മിത്വത്തിനെതി രായി, കൊട്ടറ, മരുതമൺപള്ളി പ്രദേശങ്ങളിൽ, ശ്രീ.വെളിയം കൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ പലതവണ

ജാഥകളും പ്രകടനങ്ങളും നടത്തിയിട്ടുണ്ട്. ഈ പഞ്ചായത്തിലെ ആദ്യ പ്രസിഡന്റായിരുന്ന ശ്രീ.പി.ജനാർദ്ധനൻ, ശ്രീ.കൃഷ്ണപിള്ള യ്ക്ക് സഹായിയായി മുൻ പന്തിയിലുണ്ടായിരുന്നു കുടിയാന്മാരുടെ അവകാശ പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ശ്രീ.ജി.കൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ കുടിയാൻ എന്ന പേരിൽ ആദ്യം ഒരു ദ്വൈമാസികയും പിന്നീട് കർഷകൻ എന്ന പേരിലൊരു മാസികയും പ്രസിദ്ധീകരിച്ചിരുന്നു. ഈ സമരത്തിന്റെ ഭാഗമായി രൂപീകരിച്ച സമരസംഘടനയുടെ പേര് കുടിയാൻ സംഘം എന്നായിരുന്നു. അന്നത്തെ ജന്മിമാർ മുടിയാൻ സംഘം എന്നു വിളിച്ചു ആക്ഷേപിച്ചിരുന്നു. ശ്രീ.കൃഷ്ണപിള്ള രചിച്ച 1968 ൽ പ്രസിദ്ധീകരിച്ച മാക്രിയില്ലാക്കുളം എന്ന പുസ്തകം കുടിയാൻ പ്രക്ഷോഭത്തിന്റെ സമരചരിത്രമാണ്. ശ്രീ.കർഷകൻ കൃഷ്ണപിള്ളയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് ജന്മിത്തത്തിനെതിരായുള്ള സമരം കർഷക സംഘങ്ങളുടെ നേതൃത്വത്തിൽ തുടർന്ന് മുന്നോട്ടു പോകുകയും ഇതിന്റെ പരിണിതഫലമായി 1957 ൽ അധികാരത്തിൽ വന്ന ശ്രീ.ഇ.എം.എസിന്റെ നേതൃത്വ ത്തിലുള്ള ഗവൺമെന്റ് ജന്മിക്കരം നിരോധനബില്ല് പാസാക്കി നടപ്പാക്കുകയും തൽഫലമായി കൈവശകൃഷിക്കാർക്കെല്ലാം അവരുടെ വസ്തുക്കൾക്ക് പൂർണ്ണ ഉടമസ്ഥാവകാശം ലഭിക്കുകയും ചെയ്തു

ആയൂർവേദ ചികിത്സാരംഗത്ത് പ്രഗൽഭരായ പലരും ഈ പഞ്ചായത്തിൽ മുൻകാലത്ത് ജീവിച്ചിരുന്നു. അതിൽ കൊട്ടാരം വൈദ്യൻമാരായ ചാവർകോട് വൈദ്യൻമാരുമായി ബന്ധമുള്ള നെല്ലിപ്പറമ്പ് വലിയവീട്ടിൽ ശ്രീ. കൊച്ചുകുഞ്ഞ് വൈദ്യൻ അന്തരിച്ചു. പന്തളം കൊട്ടാരത്തിലെ വൈദ്യൻമാരായിരുന്ന നാൽക്കവല ചിറക്കൽ വൈദ്യൻമാരും അടുത്തകാലത്ത് അന്തരിച്ചു. ശ്രീ. മണിവൈദ്യൻ വരെയുള്ള കൈപ്പള്ളിയഴികത്ത് വൈദ്യൻമാരും ഈ പഞ്ചായത്തിലെ വൈദ്യൻമാരുടെ പരമ്പരയിൽ പെടുന്നവരാണ്. കന്നുകാലി ചികിത്സയിൽ പ്രഗൽഭനായിരുന്ന പാണയത്തുപുത്തൻവീട്ടിൽ ശ്രീ.ഗോപാലക്കുറുപ്പ് വൈദ്യൻ അടുത്തകാലത്താണ് അന്തരിച്ചത്.

ശ്രദ്ധേയമായ മറ്റൊരു സംഗതി ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. കൊട്ടറ അച്ചൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന കൊട്ടറ, ചെറുകരകുന്നിൽ കുടുംബാംഗമായ റവ: കെ.എം.ജേക്കബ് അവർകളുടെ പേര് ലോകത്ത് ഏറ്റവും കൂടുതൽകാലം പുരോഹിതനായി സേവനം അനുഷ്ഠിച്ചതിന്റെ പേരിൽ ഗിന്നസ്ബുക്കിന്റെ 1986 ലെ പതിപ്പിൽ വന്നിട്ടുള്ളതാണ്. 1981 ൽ ജനിച്ച അദ്ദേഹം 103 -ാം വയസ്സിലാണ് അന്തരിച്ചത്. 86 വർഷം മാർത്തോമ സഭയിൽ പുരോഹിതനായി ഏറ്റവും കൂടുതൽ കാലം പ്രേഷിത പ്രവർത്തനം നടത്തിയ വൈദികൻ എന്ന നിലയിലാണ് അദ്ദേഹം ലോക റിക്കാർഡിന് ഉടമയായത്.

അന്തരിച്ച റ്റി.കെ.കോശിവൈദ്യൻ സ്വാതന്ത്ര്യസമര പ്രക്ഷോഭണങ്ങളിൽ സജീവ പങ്കാളി ആയായിരുന്നതുപോലെ തന്നെ പൂയപ്പള്ളി പഞ്ചായത്തിന്റെ വികസനത്തിന് പല രംഗങ്ങളിലും ആത്മാർത്ഥമായി പ്രവർത്തിച്ചിരുന്ന ആളും കോൺഗ്രസിന്റെ ഈ പ്രദേശത്തെ അറിയപ്പെടുന്ന നേതാവുമായിരുന്നു. പൂയപ്പള്ളി പോലീസ് സ്റ്റേഷൻ, ഹൈസ്ക്കൂൾ, സബ് രജിസ്ട്രാർ ആഫീസ് തുടങ്ങിയ പല പൊതു സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിന് കോശിവൈദ്യന്റെ മുൻകൈ ഉണ്ടായിരുന്നു. തച്ചുശാസ്ത്രത്തിൽ അഗ്രഗണ്യനായിരുന്ന, തടികൊണ്ട് വിമാനം നിർമ്മിച്ച് 50 അടി

ഉയരത്തിൽ പറപ്പിച്ച മൈലോട് ഇളവാംകോണത്ത് ശങ്കരനാചാരിയുടെ പേര് എടുത്ത് പറയേണ്ടതാണ്. കറങ്ങുന്ന എടുപ്പു കുതിരയും, ചലിക്കുന്ന ശില്പങ്ങളും, പ്രവർത്തിക്കുന്ന യന്ത്രങ്ങളും തടികൊണ്ട് നിർമ്മിക്കുന്നതിനുള്ള അസാധാരണമായ ബുദ്ധിവൈഭവം അദ്ദേഹം കാണിച്ചിരുന്നു. അദ്ദേഹത്തിന്റെ മകൻ ആർട്ടിസ്റ്റ് ശ്രീ.സി.എസ്.വിശ്വം ഇന്ന് ലോക പ്രശസ്തനാണ്. മോസ്കോയിലെ ഗോർക്കി റിക്രിയേഷൻ സെന്ററിൽ പ്രദർശിപ്പിച്ചിരിക്കുന്ന ആനക്കൊമ്പിലുള്ള നെഹ്റു ഗാന്ധിപ്രതിമകൾ, വത്തിക്കാൻ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന 'വിശുദ്ധ കർമ്മലമാതാവും ഉണ്ണി മിശിഹായും' ദന്തപ്രതിമ, ലണ്ടൻ മ്യൂസിയത്തിൽ വച്ചിട്ടുള്ള ദന്ത വിഗ്രഹമായ മഹാലക്ഷ്മി, ലണ്ടൻ ടെമ്പിൾ സ്റ്റാർ മ്യൂസിയത്തിൽ ''കോർട്ട് ഓഫ് ആം'', യു. എൻ. ഒ. യിലെ ബുദ്ധപ്രതിമ, ന്യൂയോർക്കിലെ റീഡേഴ്സ് ഡൈജസ്റ്റ് മാഗസിൻ ഓഫീസിൽ പ്രദർശിപ്പിച്ചിട്ടുള്ള 'ന്യൂസ്പേപ്പർബോയ്'' തുടങ്ങിയ ശിൽപ്പങ്ങൾ വിശ്വത്തിന്റെ ലോകപ്രശസ്ത നിർമ്മിതികളാണ്.

ഇന്ന് നമ്മുടെ നാട്ടിൽ ഒരു ചെറിയ ചുമ വന്നാൽ കുഞ്ഞുങ്ങൾ പോലും പറയുന്നത് കൃഷ്ണതുളസി കഫ് സിറപ്പ് കഴിക്കൂ എന്നാണ്. ഇങ്ങനെ ലോകമെമ്പാടും അറിയപ്പെടുന്ന കൃഷ്ണതുളസി കഫ് സിറപ്പ് നിർമ്മിച്ച് വിതരണം ചെയ്യുന്ന എം.വി.എം ആയുർവേദിക് റിസർച്ച് ലാബ് പൂയപ്പള്ളിയിലാണ് സ്ഥിതി ചെയ്യുന്നത്. ജനങ്ങളുടെ ക്ഷേമത്തിനായി ലഭ്യമായ ഏറ്റവും മികച്ച ഗുണമേന്മയുള്ള ആയുർവേദ ഹെർബൽ ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് പുരാതന ഔഷധ ശാസ്ത്രത്തിന്റെ രോഗശാന്തി സ്പർശം വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, അന്തരിച്ച പിതാവ് ശ്രീ.മാണിവൈദ്യരുടെ പേരിൽ ശ്രീ.കെ.എം.ബാബു 1991-ൽ സ്ഥാപിച്ചതാണ് എം.വി.എം ആയുർവേദ റിസർച്ച് ലാബ്. ശ്രീ.മാണിവൈദ്യൻ, തെക്കൻ കേരളത്തിലെ പ്രശസ്ത ആയുർവേദ ഭിഷഗ്വരനാണ്. ശ്രീ. കെ.എം.ബാബു, ആയുർവേദ കുടുംബ പാരമ്പര്യത്തിന്റെ അഞ്ച് തലമുറകളെ ഉയർത്തിപിടിച്ചു കൊണ്ട്, ആയുർവേദത്തിന്റെ പഴക്കമേറിയ നേട്ടങ്ങൾ സമകാലിക രൂപത്തിൽ കൊണ്ടുവരാൻ ആഗ്രഹിച്ചു, ആദ്യ ഉൽപ്പന്നമായ കൃഷ്ണതുളസി കഫ് സിറപ്പ് എന്ന ഉൽപന്നത്തിലൂടെ, അത് ഒടുവിൽ കേരളത്തിൽ ഒരു വീട്ടുപേരായി മാറി. തുടക്കം മുതൽ, വളരെ പ്രയോജനപ്രദമായ ഉൽപ്പന്നങ്ങൾക്ക് കമ്പനിക്ക് നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. 2009-ലെ ധനം ബിസിനസ് മാഗസിൻ ആരോഗ്യ സംരക്ഷണ ഉൽപ്പന്നങ്ങളിൽ ഒന്നാം നമ്പർ ബ്രാൻഡായി കൃഷ്ണതുളസി കഫ് സിറപ്പിനെ തിരഞ്ഞെടുത്തു.

1996 -ൽ ജനകീയാസൂത്രണം തുടങ്ങുമ്പോൾ പൂയപ്പള്ളിയിൽ 45.74 കി.മീ റോഡ് ഉണ്ടായിരുന്നത് 2022 ആയപ്പോൾ 113 കി.മീ ആയിട്ടുണ്ട്. നൂറുകണക്കിന് ഓട്ടോറിക്ഷകൾ, ടാക്സികൾ, ഇരുചക്രവാഹനങ്ങൾ എന്നിവയും ദൈനംദിന യാത്രക്കായി ഉപയോഗപ്പെടുത്തുന്നുണ്ട്.

ഇത്രയേറെ പുരോഗതി വിവിധ മേഖലകളിലുണ്ടായിട്ടും പഞ്ചായത്തിലെ അടിസ്ഥാന സമ്പത്തുല്പാദന മേഖലയായ കാർഷിക വ്യാവസായിക രംഗങ്ങൾ അതിരൂക്ഷമായ മുരടിപ്പിനെയാണ് ഇന്ന് നേരിടുന്നത്. പ്രവാസികളായ പൂയപ്പള്ളിക്കാരിൽ നിന്നുള്ള വരുമാനമാണ് സമ്പത്ത് വ്യവസ്ഥയെ ജീവത്താക്കി നിലനിർത്തുന്നത്.

റബ്ബർ, തെങ്ങ് കൃഷിയാണ് പഞ്ചായത്തിലെ മുഖ്യമായ കൃഷി, എന്നാൽ ഉൽപ്പാദന ചെലവ് വർദ്ധിക്കുകയും ഉൽപ്പന്നങ്ങളുടെ വില ഇടിയുകയും ചെയ്തതിന്റെ ഫലമായി കൃഷിക്കാർ കൃഷിയെ കാര്യമായി സംരക്ഷിക്കാത്തതിനാൽ ഉൽപ്പാദനം കുറയുകയും ആയതിനാൽ അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെയാണ് ഇന്ന് കൃഷിക്കാർ നേരിടുന്നത്. ഭൂരിപക്ഷം ആളുകൾക്കും കൃഷി ഒരു അനുബന്ധ തൊഴിൽ മാത്രമായി സ്വീകരിച്ചുവരികയാണ്.

പരമ്പരാഗത വ്യവസായങ്ങൾ പൂർണ്ണമായും നിന്ന് പോയിരിക്കുന്നു. ചെത്തും, ബീഡി , മൺകല നിർമ്മാണം എന്നിവ നാമമാത്രമായിരിക്കുന്നു. ആധുനീകരണം നടക്കാത്തതും, വൈവിദ്ധ്യവൽക്കരണം ഇല്ലാത്തതുമാണ് ഈ വ്യവസായങ്ങളുടെ തകർച്ചയ്ക്ക് പ്രധാന കാരണം. പഴയകാല നാട്ടറിവുകൾ ഉപയോഗപ്പെടുത്തിയും, ശാസ്ത്ര സാങ്കേതിക രംഗത്തെ നേട്ടങ്ങൾ പരമ്പരാഗത വ്യവസായങ്ങളിലേക്കും സന്നിവേശിപ്പിച്ചും ഈ മുരടിപ്പിനെ മുറിച്ച് കടക്കാവുന്നതേയുള്ളൂ.

പഞ്ചായത്ത് ഭരണ സമിതികൾ

കൊല്ലം ജില്ലയുടെ തെക്കുപടിഞ്ഞാറ് ഭാഗത്തായി സ്ഥിതിചെയ്യുന്നതും, കേരളത്തെ പതിമൂന്ന് കാർഷികമേഖലകളായി തരം തിരിച്ചിട്ടുള്ളതിൽ ''തെക്കൻ ഇടനാട്'' മേഖലയിൽപ്പെട്ടതാണ് പൂയപ്പള്ളി പഞ്ചായത്ത്. 1953 ആഗസ്റ്റ് 15 തീയതിയാണ് പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചത്. 1953 ആദ്യ തിരഞ്ഞെടുപ്പ് നടന്നു. 10 വർഷം നീണ്ട നിന്ന ഭരണ സമിതി പിന്നീട് 1962 ൽ അടുത്ത ഇലക്ഷൻ നടക്കുകയും പുതിയ ഭരണസമിതി അധികാരത്തിൽ വരികയും ചെയ്തു. ഈ ഭരണസമിതി 16 വർഷം നീണ്ടു നിൽക്കുകയുണ്ടായി. 1979 ലാണ് മൂന്നാമത്തെ ഭരണസമിതി അധികാരത്തിൽ വരുന്നതും 5 വർഷത്തെ ഭരണത്തിന് ശേഷം 1984 ൽ 7.5 വർഷം നീണ്ട നിന്ന അടുത്ത ഭരണസമിതി അധികാരത്തിൽ വരികയുമുണ്ടായി. അന്ന് പ്രസിഡന്റായിരുന്നത് ശ്രീ.ജനാർദ്ദനക്കുറുപ്പ് ആയിരുന്നു.

1995 ലെ അഞ്ചാമത്തെ ഭരണസമിതി അധികാരത്തിൽ വരികയും അതിൽ ആദ്യ 2.5 വർഷം ശ്രീമതി.ആർ.ജയശ്രീ പ്രസിഡന്റായിരിക്കുകയും, ശേഷം 14.05.1998 ൽ രണ്ടാമത്തെ ഭരണസമിതി അധികാരത്തിൽ വരികയും ടി ഭരണസമിതിയുടെ പ്രസിഡന്റായി ശ്രീമതി. വിലാസി ശ്രീധരൻ അധികാരത്തിൽ വരികയും ചെയ്തു. ആറാമത് ഭരണസമിതിയ അധികാരത്തിൽ വരുന്നത് 2005 ലാണ്. ടി ഭരണസമിതിയിലും ആദ്യ പകുതി ശ്രീ.റ്റി.എസ്.പത്മകുമാർ പ്രസിഡന്റായിരുന്നു. രണ്ടാമത്തെ പകുതിയിൽ ശ്രീ.കെ.വേണുഗോപാൽ പ്രസിഡന്റായി വരികയുണ്ടായി. ഈ ഭരണസമിതി 2010 ൽ അധികാരം ഒഴിഞ്ഞു അടുത്ത ഭരണസമിതി 2010 ൽ അധികാരമേറ്റു.

2010 ൽ പുതുതായി വന്ന ഭരണസമിതിയിൽ ശ്രീമതി. വസന്തകുമാരി പ്രസിഡന്റായി 2015 വരെ തുടരുകയും, തുടർന്ന് 2015 ൽ ശ്രീ.എസ്.എം. ഹംസ റാവുത്തർ പ്രസിഡന്റായ ഭരണസമിതി അധികാരത്തിൽ വരികയുമുണ്ടായി. തുടർന്ന 2020 നവംബർ മാസം ശ്രീമതി. ജെസ്സി റോയി പ്രസിഡന്റായ ഭരണസമിതി തുടർന്നു പോരുകയും ചെയ്യുന്നു.

അദ്ധ്യായം - 1

ആമുഖം
പൊതുസ്ഥിതി

പഞ്ചായത്ത്	:	പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്
വില്ലേജ്	:	പൂയപ്പള്ളി
ബ്ലോക്ക് പഞ്ചായത്ത്	:	കൊട്ടാരക്കര
താലൂക്ക്	:	കൊട്ടാരക്കര
ജില്ല	:	കൊല്ലം
വിസ്തീർണ്ണം	:	22.28 ച.കി.മീ.
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	1) മൈലോട് 2) പൂയപ്പള്ളി 3) കൊട്ടറ
ജില്ല പഞ്ചായത്ത് ഡിവിഷൻ	:	വെളിനല്ലൂർ
അതിരുകൾ		
വടക്ക്	:	വെളിയം ഗ്രാമപഞ്ചായത്ത്
കിഴക്ക്	:	വെളിനല്ലൂർ, ഇളമാട് ഗ്രാമപഞ്ചായത്തുകൾ
പടിഞ്ഞാറ്	:	നെടുമ്പന, കരീപ്ര ഗ്രാമപഞ്ചായത്തുകൾ
തെക്ക്	:	വെളിനല്ലൂർ, കല്ലുവാതുക്കൽ, ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തുകൾ
ജനസംഖ്യ	:	24447 (2011 ലെ സെൻസസ്)
പുരുഷന്മാർ	:	11445
സ്ത്രീകൾ	:	13002
വാർഡുകൾ	:	16
പട്ടികജാതി ജനസംഖ്യ	:	3182
പുരുഷന്മാർ	:	1550
സ്ത്രീകൾ	:	1632
ജനവാസമുള്ള വീടുകൾ	:	8761
പഞ്ചായത്ത് രൂപീകരിച്ച വർഷം	:	1953 ആഗസ്റ്റ് 15
സാക്ഷരത	:	95.11%

സ്ഥാപനങ്ങളും ആസ്ഥാനങ്ങളും

1. ഗ്രാമപഞ്ചായത്ത് ഓഫീസ്	-	പൂയപ്പള്ളി
2. ഗവ.ഹൈസ്ക്കൂൾ	-	പൂയപ്പള്ളി
3. ഗവ. എൽ.പി സ്ക്കൂൾ	-	നാൽക്കവല
4. ജി.ഡബ്ല്യു.എൽ.പി സ്ക്കൂൾ	-	ഓട്ടുമല
5. ഫാമിലി ഹെൽത്ത് സെന്റർ	-	മരുതമൺപള്ളി
6. ആയൂർവേദ ഡിസ്പെൻസറി	-	പൂയപ്പള്ളി
7. ഹോമിയോ ഡിസ്പെൻസറി	-	പൂയപ്പള്ളി
8. മൃഗാശുപത്രി	-	മരുതമൺപള്ളി
9. കൃഷി ഓഫീസ്	-	കുരിശുംമൂട്
10. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം	-	പൂയപ്പള്ളി
11. വി.ഇ.ഒ ഓഫീസ്	-	പൂയപ്പള്ളി
12. വില്ലേജ് ഓഫീസ്	-	പൂയപ്പള്ളി
13. സബ് രജിസ്ട്രാർ ഓഫീസ്	-	പൂയപ്പള്ളി
14. സബ് ട്രഷറി	-	പൂയപ്പള്ളി
15. ഇ.എസ്.ഐ ഡിസ്പെൻസറി	-	പൂയപ്പള്ളി
16. കുടുംബശ്രീ ഓഫീസ്	-	പൂയപ്പള്ളി
17. പോലീസ് സ്റ്റേഷൻ	-	പൂയപ്പള്ളി
18. റബ്ബർബോർഡ് ഫീൽഡ് ഓഫീസ്	-	പൂയപ്പള്ളി
19. അക്ഷയ കേന്ദ്രം	-	പൂയപ്പള്ളി, മൈലോട്, കുരിശുംമൂട്

ഗ്രാമപഞ്ചായത്ത് ഭരണസമിതി

പ്രസിഡന്റ്	:	ശ്രീമതി. ജെസ്സി റോയി (ചെങ്കുളം വാർഡ്-13)
വൈസ് പ്രസിഡന്റ്	:	ശ്രീ.വിശ്വനാഥൻപിള്ള.എം (കുന്നുംവാരം വാർഡ് 2)
ചെയർപേഴ്സൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റി	:	ശ്രീമതി.വസന്തകുമാരി.ബി (കാറ്റാടി വാർഡ് 10)
ചെയർമാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	:	ശ്രീ. ജയൻ.റ്റി.ബി (നെല്ലിപ്പറമ്പ് വാർഡ് 7)
ചെയർപേഴ്സൻ ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി	:	ശ്രീമതി. ജയാ രാജേന്ദ്രൻ (കൊട്ടറ വാർഡ് 1)
1) മെമ്പർ (തച്ചക്കോട് വാർഡ് 3)	:	ശ്രീ. ശ്രീലാൽ.വി.പി
2) മെമ്പർ (പൂയപ്പള്ളി വാർഡ് 4)	:	ശ്രീ. രാജു ചാവടി
3) മെമ്പർ (കാഞ്ഞിരംപാറ വാർഡ് 5)	:	ശ്രീമതി. ആതിര.റ്റി.എസ്
4) മെമ്പർ (മൈലോട് വാർഡ് 6)	:	ശ്രീമതി. മായ.എസ്
5) മെമ്പർ (വേങ്കോട് വാർഡ് 8)	:	ശ്രീമതി. ശ്രീകല അനിൽ
6) മെമ്പർ (കോഴിക്കോട് വാർഡ് 9)	:	ശ്രീ. ജി. ഗിരീഷ് കുമാർ
7) മെമ്പർ (പയ്യക്കോട് വാർഡ് 11).	:	ശ്രീമതി. ശശികല.എൽ
8) മെമ്പർ (കുരിശുംമൂട് വാർഡ് 12)	:	ശ്രീ. ഉദയൻ.ആർ
9) മെമ്പർ (മരുതമൺപള്ളി വാർഡ് 14)	:	ശ്രീമതി. അന്നമ്മ ബേബി
10) മെമ്പർ (പുന്നക്കോട് വാർഡ് 15)	:	ശ്രീമതി. സരിത.വി
11) മെമ്പർ (നാല്ക്കവല വാർഡ് 16)	:	ശ്രീമതി. വിനീതാ ജോൺ

മറ്റ് ജനപ്രതിനിധികൾ

എം.പി.	:	ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ
എം.എൽ.എ.	:	ശ്രീ. ജി.എസ്.ജയലാൽ
ജില്ലാ പഞ്ചായത്ത് അംഗം (പൂയപ്പള്ളി)	:	അഡ്വ. എസ്. ഷൈൻ കുമാർ
ബ്ലോക്ക് പഞ്ചായത്ത്	:	
1. മൈലോട് ഡിവിഷൻ	:	ശ്രീമതി. ഗീതാ ജോർജ്ജ്
2. പൂയപ്പള്ളി ഡിവിഷൻ	:	ശ്രീമതി. ബിന്ദു.ബി
3. കൊട്ടറ ഡിവിഷൻ	:	ശ്രീ. ജി. തോമസ്

ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ

സെക്രട്ടറി	:	ശ്രീ.രാജേഷ്കുമാർ. ആർ
അസി. സെക്രട്ടറി	:	ശ്രീമതി.വീണ. എസ്
ഹെഡ് ക്ലാർക്ക്	:	ശ്രീമതി.സുനിത. ബി
അക്കൗണ്ടന്റ്	:	ശ്രീ.ശ്രീരാജ്. എസ്. എസ്
ലൈബ്രേറിയൻ	:	ശ്രീ.അനിൽകുമാർ. വി
സീനിയർ ക്ലാർക്കുമാർ:	:	ശ്രീ.ഗിരീഷ്. എ
		ശ്രീ.രാജീവ്. പി
		ശ്രീമതി.ശ്രീരേഖ. റ്റി. എസ്
ക്ലർക്കുമാർ	:	ശ്രീ.ചന്ദ്രബാബു. ബി
		ശ്രീമതി.ലീജ. കെ
		ശ്രീമതി.ഷനില. വി. ആർ
ഓഫീസ് അറ്റൻഡന്റ്	:	ശ്രീമതി.ബിന്ദു. റ്റി
		ശ്രീമതി.ആതിരഗോപിനാഥ്. ജി. എം
എഫ്. റ്റി. എസ്	:	ശ്രീമതി.മേരി.ബി
ടെക്നിക്കൽ അസിസ്റ്റന്റ്	:	ശ്രീ.വിജേഷ്.വി
പ്രോജക്ട് അസിസ്റ്റന്റ്	:	ശ്രീമതി.ആര്യ ബാബു
ഡാറ്റാ എൻട്രി ഓപ്പറേറ്റർ (ജില്ലാ പഞ്ചായത്ത്)	:	ശ്രീമതി.നിത്യ. സി.വി
ജീപ്പ് ഡ്രൈവർ	:	ശ്രീ.രാമചന്ദ്രൻ.പിള്ള
എൻജിനീയറിംഗ് വിഭാഗം	:	
അസി: എൻഞ്ചിനീയർ	:	ശ്രീ.സൈജു. ഒ.ബി
ഓവർസീയർ		ശ്രീമതി.അശ്വതി, ഗ്രേഡ് I
		ശ്രീമതി.ലത, ഗ്രേഡ് III
വി. ഇ. ഒ	:	ശ്രീ.പ്രദീപ്കുമാർ. എം
		ശ്രീ.മനോജ്കുമാർ. എം
എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗം		
അക്രഡിറ്റഡ് എഞ്ചിനീയർ	:	ശ്രീമതി. ജയ.എം.എ
ഓവർസീയർ		ശ്രീ.വിനോദ്
		ശ്രീ.നിഥിൻ.എം
ഡേറ്റാ എൻട്രി ഓപ്പറേറ്റർ	:	ശ്രീമതി.രതി.എസ്.ആർ
		ശ്രീമതി.സുനിത.എസ്
പ്രേരക്		
സാക്ഷരത പ്രേരക്	:	ശ്രീമതി.അജിതകുമാരി
സാക്ഷരത പ്രേരക്	:	ശ്രീമതി.ഗീതാമണി

നിർവ്വഹണ ഉദ്യോഗസ്ഥർ

• സെക്രട്ടറി	:	ശ്രീ. രാജേഷ്കുമാർ. ആർ
• അസിസ്റ്റന്റ് സെക്രട്ടറി	:	ശ്രീമതി. വീണ. എസ്
• അസിസ്റ്റന്റ് എഞ്ചിനീയർ	:	ശ്രീ. സൈജു. ഒ. ബി
• കൃഷി ഓഫീസർ	:	ശ്രീമതി. ദിവ്യ. എസ്. എൽ
• മെഡിക്കൽ ഓഫീസർ (FHC)	:	ഡോ. ഡാലി. എസ്
• മെഡിക്കൽ ആഫീസർ (ഹോമിയോ)	:	ഡോ. മിനികുമാരി
• മെഡിക്കൽ ആഫീസർ (ആയുർവേദം)	:	ഡോ. ശ്രീലക്ഷ്മി
• വെറ്റിനറി സർജൻ	:	ഡോ. മാലിനി. കെ
• ഐ.സി.ഡി.എസ്.സൂപ്പർവൈസർ	:	ശ്രീമതി. വിനീത ബേബി ജോക്കബ്
• വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	:	ശ്രീ. പ്രദീപ്കുമാർ. എം ശ്രീ. മനോജ്കുമാർ. എം
• ഹെഡ്മിസ്ട്രസ്, GWLPS ഓട്ടുമല	:	ശ്രീമതി. ബീന. ജി. ആർ
• ഡയറി ഫാം ഇൻസ്ട്രക്ടർ	:	ശ്രീമതി. ശശികല. എസ്
• ഫിഷറീസ് ഇൻസ്പെക്ടർ	:	ശ്രീ. സോഫ്ജി. എസ്. ഭദ്രൻ

ആസൂത്രണ സമിതി


(09.03.2017 ലെ എം.എസ്. – 10/2017 പ്രകാരം രൂപീകരിച്ചത്)

ചെയർപേഴ്സൺ	:	**ശ്രീമതി. ജെസ്സി റോയി**(പഞ്ചായത്ത് പ്രസിഡന്റ്)
വൈ. ചെയർമാൻ	:	**അഡ്വ. റ്റി.എസ്. പത്മകുമാർ**
സ്റ്റാൻഡിംഗ്കമ്മിറ്റി അദ്ധ്യക്ഷൻമാർ		
	:	**ശ്രീ. വിശ്വനാഥൻ പിള്ള.എം** (വൈ. പ്രസിഡന്റ്)
		ശ്രീമതി. ബി.വസന്തകുമാരി (വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ)
		ശ്രീ. ജയൻ.റ്റി.ബി (ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)
		ശ്രീമതി. ജയാ രാജേന്ദ്രൻ (ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാ. ക ചെയർപേഴ്സൺ)
വിദഗ്ദ്ധ സമിതി അംഗങ്ങൾ	:	**1. സുദർശനൻ, ദേവായനം**
		2. ശ്രീ.ചന്ദ്രമോഹനൻ നായർ, സൗഹൃദംബി
		3. ശ്രീ.ത്യാഗരാജൻ, പറങ്കിമാംവിളവീട്, കാർത്തിക
		4. ശ്രീ.വേണുഗോപാൽ, മുരളിസദനം
		5. ശ്രീ.സുരേഷ് ജേക്കബ്, കൊച്ചുപുത്തൻവീട്,
		6. ശ്രീ.ഹംസാ റാവുത്തർ,എസ്.എം. മൻസിൽ
		7. ശ്രീ.എൻ.രാജശേഖരൻപിള്ള,
		8. ശ്രീ.രാജഗോപാലൻ നായർ, ഗോകുലം
കൺവീനർ	:	**ശ്രീ.രാജേഷ്കുമാർ.ആർ** (പഞ്ചായത്ത് സെക്രട്ടറി)

വർക്കിംഗ് ഗ്രൂപ്പുകൾ

1. **കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ഭരണം മെച്ചപ്പെടുത്തൽ**
   - ചെയർമാൻ — ശ്രീലാൽ.വി.പി, മെമ്പർ 3-ാം വാർഡ്
   - കൺവീനർ — രാജേഷ്കുമാർ. ആർ, സെക്രട്ടറി
2. **കൃഷി (ഉൽപ്പാദനവും സംഭരണവും സംസ്കരണവും വിപണനവും ഉൾപ്പെടെ) മത്സ്യബന്ധനം, തൊഴിലുറപ്പ് പദ്ധതി (മണ്ണ് സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, മുതലായവ ഉൾപ്പെടെ)**
   - ചെയർമാൻ — ആതിര.റ്റി.എസ്, മെമ്പർ വാർഡ്-5
   - കൺവീനർ — ദിവ്യ.എസ്.എൽ, കൃഷി ആഫീസർ
3. **മൃഗസംരക്ഷണവും ക്ഷീര വികസനവും**
   - ചെയർമാൻ — ശ്രീകല അനിൽ , മെമ്പർ വാർഡ് 8
   - കൺവീനർ — ഡോ. മാലിനി.കെ, വെറ്റിനറി സർജൻ
4. **പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം സൂഷ്മ സംരംഭങ്ങൾ ഉൾപ്പെടെ)**
   - ചെയർമാൻ — ബി.വസന്തകുമാരി, മെമ്പർ 10-ാം വാർഡ്
   - കൺവീനർ — മനോജ്കുമാർ. എം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
5. **പൊതുമരാമത്ത് (ഊർജ്ജം, വൈദ്യുതി ഉൾപ്പെടെ)**
   - ചെയർമാൻ — ഉദയൻ.ആർ , മെമ്പർ 12-ാം വാർഡ്
   - കൺവീനർ — സൈജു. ഒ.ബി, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ. ഐ. ഡി
6. **ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)**
   - ചെയർമാൻ — സരിത.വി, മെമ്പർ 15-ാം വാർഡ്
   - കൺവീനർ — മനോജ്കുമാർ. എം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
7. **സാമൂഹ്യനീതി (ഭിന്നശേഷിയുളളവർ, വൃദ്ധർ, കുട്ടികൾ, ഭിന്നലിംഗവിഭാഗം)**
   - ചെയർമാൻ — ജയൻ.റ്റി.ബി, മെമ്പർ 7-ാം വാർഡ്
   - കൺവീനർ — വിനീത ബേബി, ഐ.സി.ഡി.എസ് സൂപ്പർവൈസർ
8. **പട്ടികജാതി വികസനം**
   - ചെയർമാൻ — രാജു ചാവടി, മെമ്പർ 4-ാം വാർഡ്
   - കൺവീനർ — വീണ.എസ്, അസിസ്റ്റന്റ് സെക്രട്ടറി
9. **കുടിവെളളം, ശുചിത്വം മുതലായവ**
   - ചെയർമാൻ — ജി.ഗിരീഷ്കുമാർ, മെമ്പർ 2-ാം വാർഡ്
   - കൺവീനർ — പ്രദീപ്കുമാർ. എം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
10. **വനിത വികസനം**
    - ചെയർമാൻ — വിനീതാ ജോൺ , മെമ്പർ 16-ാം വാർഡ്
    - കൺവീനർ — വിനീത ബേബി, ഐ.സി.ഡി.എസ് സൂപ്പർവൈസർ
11. **ആരോഗ്യം**
    - ചെയർമാൻ — ജയാ രാജേന്ദ്രൻ, മെമ്പർ 1-ാം വാർഡ്
    - കൺവീനർ — ഡോ. ഡാലി.എസ്, മെഡിക്കൽ ആഫീസർ (എഫ്. എച്ച്. സി)
12. **വിദ്യാഭ്യാസവും, കലയും, സംസ്കാരവും, യുവജനകാര്യവും**
    - ചെയർമാൻ — അന്നമ്മബേബി, മെമ്പർ 14-ാം വാർഡ്
    - കൺവീനർ — ബീന. ജി. ആർ, ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് ഓട്ടുമല
13. **ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം**
    - ചെയർമാൻ — ജെസ്സി റോയി, പ്രസിഡന്റ്
    - കൺവീനർ — രാജേഷ്കുമാർ. ആർ, സെക്രട്ടറി

മാപ്പ്


DISTRICT : KOLLAM
FANCHAYATH : POOYAPPALLY
Ward Nos
POOYAPPALLY
1 Kottara
2 Kurnuvaram
3 Thachakkode
4 Pooyappally
5 Karjiranpara
6 Myinde
7 Neelipparambu
8 Venkodu
9 Kozhikkodu
10 Katadi
11 Payyamkocu
12 Kulishum Moodu
13 Chenkulam
14 Mauthannapally
15 Punnakkode
16 Nalkavala
VEIYAM
CHADAYAMANGALAM BLOCK
KAREEPRA
ELAMATHALA BLOCK
ILAKKARA BLOCK



ഭൂപ്രകൃതി

കൊല്ലം ജില്ലയിലെ 70 ഗ്രാമ പഞ്ചായത്തുകളിൽ ഒന്നാണ് പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്. കൊട്ടാരക്കര ബ്ലോക്കു പഞ്ചായത്തിലെ ആറു ഗ്രാമ പഞ്ചായത്തുകളിലൊന്നും പൂയപ്പള്ളി വില്ലേജിൽപ്പെടുന്നതുമാണ് ഈ ഗ്രാമപഞ്ചായത്ത്. പഞ്ചായത്ത് നിലവിൽ വന്നത് 1953 ആഗസ്റ്റ് 15-ാം തീയതിയാണ്. പഞ്ചായത്തിന്റെ വിസ്തീർണം 22.28 ച.കി.മി. ആണ്.കൊല്ലം ജില്ലയുടെ തെക്ക് പടിഞ്ഞാറു ഭാഗത്ത് മലനാടിനും തീരപ്രദേശത്തിനും ഇടയിൽ ഇടനാട്ടിൽ ചെറുകുന്നുകളും താഴ്വരകളും ഉൾപ്പെടുന്ന സസ്യശ്യാമളമായ ഗ്രാമപ്രദേശമാണ് പൂയപ്പള്ളി പഞ്ചായത്ത്. ഗ്രാമമാതാവിന്റെ പുടുവക്കസഖെന്നോണം പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറേ അതിരായി 5.4 കി.മീറ്റർ ഇത്തിക്കര ആർ ഒഴുകന്നു.

ഭൂഗോളത്തിൽ പഞ്ചായത്തിന്റെ സ്ഥാനം :

ഉത്തര അക്ഷാംശം $8^0$51'10" നും $8^0$55'30" നും പൂർവ്വ രേഖാംശം $76^0$44'20"നും $76^0$48" നും മദ്ധ്യേ ആണ്.

പഞ്ചായത്ത് പ്രദേശത്തിന്റെ സ്ഥാനം അതിർത്തി :

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ വടക്ക് വെളിയം ഗ്രാമപഞ്ചായത്തും, കിഴക്ക് ഇളമാട് ഗ്രാമപഞ്ചായത്തും തെക്ക് വെളിനല്ലൂർ,ആദിച്ചനല്ലൂർ എന്നീ ഗ്രാമ പഞ്ചായത്തുകളും, പടിഞ്ഞാറ് കരീപ്ര ഗ്രാമ പഞ്ചായത്തുമാണുള്ളത്.

പഞ്ചായത്തിൽ എത്താനുള്ള വഴികൾ :

നാഷണൽ ഹൈവേയിൽ കൊല്ലം ആയൂർ റോഡിന് മദ്ധ്യേയും, പാരിഷ്പള്ളിയിൽ നിന്നും പാരിഷ്പള്ളി-വെളിനല്ലൂർ- കൊട്ടാരക്കര റോഡ് വഴിയും എം.സി റോഡിൽ ആയൂർ നിന്ന് വാളകം-ഓടനാവട്ടം വഴിയും, കൊട്ടാരക്കരയിൽ നിന്നും ഓയൂർ റോഡ് വഴിയും പഞ്ചായത്ത് ആസ്ഥാനമായ പൂയപ്പള്ളിയിൽ എത്തിച്ചേരാവുന്നതാണ്.

ഭൂപ്രകൃതിയും വിഭങ്ങളും :

ഭൂവിജ്ഞാനത്തെ അവഗണിച്ചുകൊണ്ടുള്ള ഏതൊരു വികസന പ്രവർത്തനവും അശാസ്ത്രീയമാണ്, ആസൂത്രണ പ്രക്രിയയിൽ അതാതു ഭൂപ്രദേശങ്ങളുള്ള ഭൂമിശാസ്ത്രപരമായ അറിവ് ഒഴിച്ചു കൂടാനാവാത്തതാണ്. ആസൂത്രണത്തിന് വിധേയമാകേണ്ട ഭൂപ്രകൃതി, മൺതരങ്ങൾ, കാലാവസ്ഥ, ജല ലഭ്യത തുടങ്ങി എല്ലാ പ്രകൃതിദത്ത വിഭവങ്ങളെയും അപഗ്രഥിച്ചുകൊണ്ടാവണം ആസൂത്രിത പദ്ധതിക്ക് തുടക്കം കുറിക്കേണ്ടത്. ഓരോ പ്രദേശത്തിന്റെയും വികസനം ആ പ്രദേശത്ത് വസിക്കുന്ന ജനങ്ങളുടെയും മറ്റ് പ്രകൃതിവിഭവങ്ങളുടെയും സന്തുലിതാവസ്ഥയ്ക്ക് അനുയോജ്യമായതും ആ പ്രദേശത്തിന്റെ സ്ഥായിയായ വികസനത്തിന് വഴിയൊരുക്കുന്നതുമായിരിക്കണം. ഇത്തരം പരിപാടികളിൽ വ്യത്യസ്ത പ്രദേശങ്ങളുടെ ഭൂമിശാസ്ത്രഘടകങ്ങളുടെ അവലോകനം ഒഴിച്ചുകൂടാനാവാത്തതാണ്.

ഭൂമിയുടെ കിടപ്പനുസരിച്ച് ഈ പഞ്ചായത്തിനെ നാലായി തിരിക്കാം..

1. കുന്നിൻ പുറങ്ങൾ
2. ചരിഞ്ഞ പ്രദേശം
3. താഴ്വാരം
4. ഇടത്തരം ചരിവുകൾ

ക്രമ നം.	ഭൂവിഭാഗം	വിസ്തീർണ്ണം (ഹെക്ടർ)	ശതമാനം
1	താഴ്വര	770	34.56%
2	ഇടത്തരം ചരിവുകൾ	1090	48.92%
3	ചരിവുകൾ	48	02.15%
4	കുന്നിൻ പുറങ്ങൾ	320	14.37%
	ആകെ	**2228**	**100%**

1. താഴ്വാരം :

താഴ്വര ഭാഗത്ത് നെൽവയലുകൾ സ്ഥിതി ചെയ്യുന്നു. പൊതുവിൽ പഞ്ചായത്തിന്റെ തെക്ക് കിഴക്കൻ ഭാഗങ്ങൾ ഉയർന്നതും വടക്കുപടിഞ്ഞാറ് ഭാഗം താഴ്ന്നതുമാണ്. താഴ്വര പ്രദേശത്തിന്റെ 80 ശതമാനം ഭാഗവും മുൻകാലങ്ങളിൽ സജീവമായ നെൽകൃഷി ഉണ്ടായിരുന്നതാണ്. ഇന്ന് ഇതിൽ കുറേയേറെ പ്രദേശങ്ങൾ കൃഷിയിറക്കാതെ തരിശിട്ടിരിക്കുകയാണ്. ഈ ഭാഗങ്ങളിൽ കൂടുതലും ഫലഭൂയിഷ്ടമായ ചെളിമണ്ണാണ്. ഇതിൽ തന്നെ 25 ശതമാനം പ്രദേശങ്ങൾ മണൽ കൂടുതലുള്ള ചെളി പ്രദേശങ്ങളാണ്.

നിമ്നോന്നത മേഖലകൾ:

സമുദ്ര നിരപ്പിൽ നിന്നും ഉയരത്തെ ആസ്പതമാക്കി പൂയപ്പള്ളി പഞ്ചായത്തിനെ 6 ആയി തിരിക്കാം.

ക്രമ നമ്പർ	നിമ്നോന്നത മേഖലകൾ	വിസ്തൃതി (ഹെക്ടറിൽ)	ശതമാനം
1	20 മീറ്ററിൽ താഴെ	230	8.40
2	20 നും 40 നും മധ്യേ	432	15.73
3	40 നും 60 നും മധ്യേ	784	28.55
4	60 നും 800 നും മധ്യേ	640	23.30
5	80 നും 100 നും മധ്യേ	350	12.74
6	100 നു മുകളിൽ	310	11.28
ആകെ		**2746**	**100%**

20 മീറ്ററിന് താഴെയുള്ള പ്രദേശം

ഇത്തിക്കര ആറിനോട് ചേർന്ന് കിടക്കുന്ന ഭാഗങ്ങളാണ് ഇത്. മൊത്തം വിസ്തൃതിയുടെ 230 ഹെക്ടർ സ്ഥലം വ്യാപിച്ചു കിടക്കുന്നു. ഇത് 8.4% വരും.

20 മീറ്ററിനും 40 നും മധ്യേ

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 432 ഹെക്ടർ സ്ഥലം ഉൾക്കൊള്ളുന്നു. 15.73% വരുന്ന ഈ പ്രദേശങ്ങൾ അടുതല ആറിന്റെ ഇരുവശങ്ങളും സമീപ പ്രദേശങ്ങളാണ്.

40 മീറ്ററിനും 60 നും മധ്യേ

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 784 ഹെക്ടർ സ്ഥലം ഇതിൽപ്പെടുന്നു. 28.55% വരുന്നുണ്ട്. ഭാഗി കമായി കൊട്ടറ, തച്ചക്കോട്, പൂയപ്പള്ളി ഈ സ്ഥലങ്ങൾ ഉൾപ്പെടുന്നു.

60 മീറ്ററിനും 80 നും മധ്യേ

സാമാന്യം ചരിവുള്ള ഈ പ്രദേശം ഭാഗികമായി ഉൾപ്പെടുന്ന പ്രധാന സ്ഥലങ്ങൾ നാൽക്കവല, പുന്നക്കോട് എന്നിവ യാണ്. മൊത്തം വിസ്തൃതിയുടെ 640 ഹെക്ടർ സ്ഥലം ഈ വിഭാഗത്തിൽപ്പെടുന്നു. ഇത് 23.3% വരും.

80 മീറ്ററിനും 100 നും മധ്യേ

മൊത്തം വിസ്തൃതിയുടെ 350 ഹെക്ടർ സ്ഥലം ഉൾപ്പെടുന്നു. 12.74% വരും, റബ്ബർ തോട്ടങ്ങളാണ് ഈ സ്ഥലങ്ങളിൽ കൂടുതലായി കാണപ്പെടുന്നത്.

100 മീറ്ററിന് മുകളിൽ

ആകെ വിസ്തൃതിയുടെ 11.8% വരുന്ന 310 ഹെക്ടർ സ്ഥലം ഇതിൽപ്പെടുന്നു. പ്രധാന കുന്നുകൾ എല്ലാം ഈ ഭാഗത്താണ്. ആയിരവല്ലികുന്ന്, മുടിയൂർക്കോണം എന്നിവ ഉദാഹരണം രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്.

2. ഇടത്തരം ചരിവുകൾ :

മരുതമൺപള്ളി മുതൽ കിഴക്കോട്ട് കോഴിക്കോട് വരെയും ക്ഷേത്രക്കര മുതൽ വടക്കോട്ട് ഹരിജൻ കൈത്തറി സംഘം വരെയും കൊട്ടറയുടെ കിഴക്കുഭാഗം മുതൽ പൂയപ്പള്ളി ജംഗ്ഷന്റെ പടിഞ്ഞാറു ഭാഗം വരെയും ഇടത്തരം ചരിവുപ്രദേശങ്ങളാണ്. ഇവിടുത്തെ മൺതരങ്ങൾ മണലും, ചെളിയും ചരൽമണ്ണും കലർന്നതാണ്. മണ്ണിന്റെ ഈ സ്വഭാവം മൂലം ഫലഭൂയിഷ്ടി താരതമ്യേന കൂടുതലാണ്. ഇവിടുത്തെ ഭൂമി കൂടുതലായും ഉപയോഗിച്ചിരിക്കുന്നത് മിശ്രിതവിളകൾക്കു വേണ്ടിയാണ്.

3. ചരിവുകൾ :

ചരിവു പ്രദേശങ്ങളിൽ പൊതുവെ ചരൽകലർന്ന മണ്ണാണ്. അശാസ്ത്രീയമായ ഇടപെടലും, സംരക്ഷണക്കുറവും മൂലം മണ്ണൊലിപ്പും, നീർവാർച്ചയും കൂടുതലാണ്. ഇതുമൂലം ഭൂമിയുടെ ഫലഭൂയിഷ്ഠി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. പറങ്കിമാവും മരച്ചീനിയും വ്യാപകമായി കൃഷി ചെയ്തിരുന്ന ഈ പ്രദേശത്തും റബ്ബർകൃഷി വ്യാപിച്ചു കഴിഞ്ഞു.

0^0 മുതൽ 5^0 വരെ ചരിവുള്ള പ്രദേശങ്ങൾ:

പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 24.16% വരും ആറ്റുതീരമാണ് പ്രധാനമായും ഇതിൽ വരിക. അടുതല, മൂതല തുടങ്ങിയ ഭാഗങ്ങൾ ഈ ചരിവിൽ പെടുന്നു.

5^0 മുതൽ 10^0 വരെ ചരിവുള്ള പ്രദേശങ്ങൾ:

മൊത്തം ഭൂവിസ്തൃതിയുടെ 44.53% ഈ ചരിവിൽ ആണ്. ഇവിടുത്തെ പ്രധാന വിളകൾ തെങ്ങും, റബ്ബറും ആണ്. ചെങ്കുളം, അടുതല തുടങ്ങിയ പ്രദേശങ്ങൾ ഈ വിഭാഗത്തിൽപ്പെടും. ഇവിടെ ജനവാസം കൂടുതലാണ്.

10^0 മുതൽ 18^0 വരെ ചരിവുള്ള പ്രദേശങ്ങൾ:

പഞ്ചായത്തിന്റെ മൊത്തം ഭവിസ്തൃതിയുടെ 5.28 % ഈ വിഭാഗത്തിൽപ്പെടുന്നു. ഭാഗികമായി ഈ വിഭാഗത്തിൽ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളാണ് ചെങ്കുളം, കുരിശുംമൂട് തുടങ്ങിയ ഭാഗങ്ങൾ. പഞ്ചായത്തിലെ ജലക്ഷാമമുള്ള പ്രദേശങ്ങളുടെ കൂട്ടത്തിലാണ് ഈ സ്ഥലങ്ങൾ.

4. കുന്നിൻ പ്രദേശങ്ങൾ :

ഗ്രാമപഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങൾ 131 മീറ്റർ ഉയരമുള്ള ആയിരവല്ലിക്കുന്നും, 116 മീറ്റർ ഉയരമുള്ള മുടിയോർക്കോണം കുന്നുമാണ്. ഇവിടങ്ങളിൽ റബ്ബർ കൃഷിയാണ് മുഖ്യം. വീടിനോടു ചേർന്നുള്ള നാമമാത്രമായ പ്രദേശങ്ങളിൽ തെങ്ങ് മരച്ചീനി എന്നിവ കൃഷി ചെയ്തു വരുന്നു.

ക്രമം	കുന്നിന്റെ പേര്	ഉയം (മീറ്ററിൽ)
1	ആയിരവല്ലി കുന്ന്	131
2	മുടിയൂർക്കോണം	116
3	മറ്റുള്ളവ	93

മൺതരം

ഗ്രാമപഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിലെല്ലാം ഫലഭൂയിഷ്ടമായ കരിമണ്ണാണ് കാണപ്പെടുന്നത്. മുൻപ് വ്യത്യസ്തമായ ഭക്ഷ്യവിളകൾ ഉണ്ടായിരുന്ന ഈ പ്രദേശങ്ങളിൽ ഇപ്പോൾ റബ്ബർകൃഷി വ്യാപിച്ചു കഴിഞ്ഞു. ചരിവുപ്രദേശങ്ങളിൽ ചരൽ പ്രദേശങ്ങളിൽ മണലും ചെളിയും ചരൽ മണ്ണും കലർന്നതാണ്. താഴ്വര പ്രദേശങ്ങളിൽ ഫലഭൂയിഷ്ഠി കൂടുതലുള്ള ചെളിമണ്ണാണ് കാണപ്പെടുന്നത്. മൺതരങ്ങളും അവയുടെ വിസ്തൃതിയും ചുവടെ ചേർക്കുന്നു.

ക്രമ നം.	മൺതരങ്ങൾ	ഹെക്ടർ
1	കരിമണ്ണ്	320
2	ചരൽമണ്ണ്	48
3	പശിമരാശി മണ്ണ്	1090
4	ചെളിമണ്ണ്	770

കരിമണ്ണ്

പഞ്ചായത്തിന്റെ 80% ത്തോളം സ്ഥലങ്ങളിൽ ഇത് വ്യാപിച്ചു കിടക്കുന്നു. മഴയും വേനലും ഇടവിട്ട് അനുഭവ പ്പെടുന്ന മൺസൂൺ കാലാവസ്ഥ പ്രദേശങ്ങളിലാണ് ഈ മണ്ണ് കണ്ടുവരുന്നത്. ഇത്തരം കാലാവസ്ഥയിൽ ഏതു ശിലയും രസയനീയ അപക്ഷയത്തിന് വിധേയമായി വിഘടിച്ച് കാലക്രമത്തിൽ ചെമ്മണ്ണായി മാറുന്നു. ഇതിന്റെ രൂപീകരണ പ്രക്രിയയെ ''ലാറ്റൈസേഷൻ'' എന്ന് പറയുന്നു.

എക്കൽമണ്ണ്

പഞ്ചായത്തിലെ നെൽവയലുകളിൽ കാണപ്പെടുന്നു. ഈ മണ്ണിൽ കളിമണ്ണിനെ അംശം കൂടുതലും മണലിന്റെ അംശം കുറവുമാണ്. വർഷ കാലങ്ങളിൽ കുന്നിൻ പുറങ്ങളിൽ നിന്നും ഒഴുകി വരുന്ന എക്കലും ധാതു ലവണങ്ങളും അടങ്ങിയ വെള്ളം നെൽ വയലുകളിൽ ശേഖരിക്കുകയും അവ അവിടെ തന്നെ അടിഞ്ഞു കൂടുകയും ചെയ്യുന്നു. ഇങ്ങനെ ആണ് ഇത്തരം മണ്ണ് ഉണ്ടാകുന്നത്. താരതമ്യേന ഫലപുഷ്ടി കൂടിയ ഇത്തരം മണ്ണ് ഇത്തിക്കര ആറ്റിന്റെ തീരത്തും, കരിങ്ങന്നൂർ റോഡിനോടു ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലും കൂടുതലായി കാണപ്പെടുന്നു

പൊതുവേ പഞ്ചായത്തിലെ മണ്ണിന്റെ PH 5.7 ആണ് ഇത് അമ്ല ഗുണത്തെ കാണിക്കുന്നു. മണ്ണിൽ ഹൈഡ്രജൻ അയോണുകളുടെ ഗാഢതയാണ് മണ്ണിന്റെ PH എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഹൈഡ്രജൻ അയോണുകളുടെ ഏറ്റക്കുറ ച്ചിൽ കാണിക്കൽ എടുത്തതാണ് പദാർത്ഥം അമ്ല ഗുണമുള്ളതോ, ക്ഷാരഗുണം ഉള്ളതോയെന്ന് നിശ്ചയിക്കുന്നത്.മണ്ണിലെ PH-നെ സ്വാധീനിക്കുന്ന മറ്റൊരു ഘടകം കാർബൺ വ്യവസ്ഥയാണ്. മണ്ണിലെ ജയിവീയ കാർബണിനെ അളവ്, കാർബൺ ബൈ കാർബണേറ്റ് മറ്റ് ലോഹ സംയുക്തങ്ങൾ ഇവയും PH നെ സ്വാധീനിക്കുന്നു.അനിയന്ത്രിതമായ രാസവള പ്രയോഗം മണ്ണിലെ PH കുറയുന്നതിന് കാരണമാവുകയും മണ്ണ് കൂടുതൽ അമ്ല ഗുണമുള്ളതായി തീരുകയും ചെയ്യും.ഓരോ കൃഷിക്കും അമ്ല ക്ഷാര ഗുണങ്ങൾ വ്യത്യസ്തമായിരിക്കും.

PH 7എന്നാൽ അമ്ല ക്ഷാര ഗുണങ്ങൾ തുല്യമായ അവസ്ഥ എന്ന അർത്ഥം. ഈ അവസ്ഥയിൽ പദാർത്ഥം ക്ഷാര ഗുണമോ അമ്ല ഗുണമോ കാണിക്കുകയില്ല.ശുദ്ധ ജലത്തിന്റെ PH 7 ആണ്

ജലലഭ്യത

ഗ്രാമപഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽ കൂടി 5.2 കി.മീറ്റർ പ്രദേശത്ത് ജലസമൃദ്ധമായ ഇത്തിക്കരയാറിന്റെ സാന്നിദ്ധ്യം ഉണ്ട്. കൂടാതെ പ്രധാനപ്പെട്ട നാലു തോടുകളും വറ്റുന്നതും വറ്റാത്തതുമായ 14 വലിയ കുളങ്ങളും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് കാണപ്പെടുന്നു. മഴ ലഭ്യത ശരാശരി 2554 മി.മീറ്ററാണ്.ഭൂപ്രകൃതിയും ജലലഭ്യതയും തമ്മിൽ അടുത്ത ബന്ധമാണുള്ളത്. താഴ്വരകളിലും ചരിവ് കുറഞ്ഞ പ്രദേശങ്ങളിലും വെള്ളം സുലഭമായി ലഭിക്കുന്നു. കുത്തനെ ചരിവുള്ള പ്രദേശങ്ങളിലും ഉയരം കൂടുതലുള്ള സ്ഥലങ്ങളിലും കടുത്ത ശുദ്ധ ജലക്ഷാമം അനുഭവപ്പെടുന്നു. നമുക്ക് ശരാശരി 2554 മി.മീറ്റർ മഴ ലഭിക്കുന്നുണ്ട്. ഭൂപ്രകൃതി അനുസരിച്ച് മൊത്തം വിസ്തൃതിയുടെ ഭൂരിഭാഗവും ചരിവുള്ള പ്രദേശങ്ങളാണ്. കുരിശുംമൂട്, ചെങ്കുളം, മീയന..... തുടങ്ങിയ പ്രദേശങ്ങളിലെ ചരിവുകൾ താരതമ്യേന കൂടുതലാണ്. മഴവെള്ളം മണ്ണിലേക്ക് ഊർന്ന് ഇറങ്ങാതെ ചരിവുകളിലൂടെ താഴേക്ക് ഒഴുകുകയും അവിടെ നിന്ന് തോടുകളിലൂടെ ആറ്റിലേക്ക് എത്തുകയും ചെയ്യുന്നു. തന്മൂലം ഭൂഗർഭജല ശേഖരത്തിലേക്ക് എത്തിച്ചേരേണ്ട ജലം ഓരോ മഴക്കാലത്തും കുറഞ്ഞു കൊണ്ടിരിക്കുകയാണ്. ഇതാണ് ജലക്ഷാമത്തിന്റെ അടിസ്ഥാനപരമായ കാരണം. മെയ് മാസത്തിൽ ജലക്ഷാമം ഏറ്റവും രൂക്ഷമാകുന്നു

പഞ്ചായത്തിന്റെ തെക്കേ അതിരായി ഒഴുകുന്ന ഇത്തിക്കര ആറും പഞ്ചായത്തിന്റെ അതിരായി ഒഴുകുന്ന പള്ളിമൺ ആറും അവയുടെ ശാഖാ തോടുകളും ആണ് പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകൾ.

ജല വിഭവ സ്ഥിതിയെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	**ഗ്രാമപഞ്ചായത്തിലം പ്രധാന തോടുകൾ**
1	നെയ്തോട് - കോമളത്ത്- ആലുംമൂട്- മൂഴിയിൽ കടവ് തോട്
2	മൈലോട് - എളാംകോനം- താഴെമൂഴി- വെളിയംതേട്
3	നെല്ലിപ്പറമ്പ്- വേങ്കോട്- മരുതമൺപള്ളി- ചെങ്കുളം തോട്
4	ഓട്ടുമല - കോഴിക്കോട്- കുറുമൺമൂല- ചെങ്കുളം തോട്

പഞ്ചായത്തിലെ പ്രധാന പൊതു കുളങ്ങൾ

ക്രമ നം.	കുളത്തിന്റെ പേര് , ജലലഭ്യത	നീളം	വീതി	ഉടമ സ്ഥത
1	കക്കാട്ടുചിറ (8 മാസം)	1000മീ	1മീ.	പൊതു
2	മണാക്കോട്ട്ചിറ (12 മാസം)	15മീ.	12മീ.	പൊതു
3	പാലൂക്കോണം ചിറ (4 മാസം)	950മീ.		പൊതു
4	പൂയപ്പള്ളി ചിറ (12 മാസം)	30മീ.	30മീ	പൊതു
5	ഏണിയൂർ മഠം ചിറ (9 മാസം)	20മീ.	20മീ	പൊതു
6	മുല്ലശ്ശേരി കുളം (9 മാസം)	20മീ.	10മീ	പൊതു
7	മാക്രിയില്ലാകുളം (7 മാസം)	25മീ.	25മീ	പൊതു

കാലാവസ്ഥ

സമശീതോഷ്ണ കാലാവസ്ഥ മേഖലയിൽ ഉൾപ്പെടുന്നതാണ് പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്. കാഠിന്യമുള്ള വേനൽക്കാലവും സീസണായുള്ള മഴക്കാലവും ആണുള്ളത്. ജനുവരി മാസത്തിൽ ഊഷ്മാവ് 190ഇ വരെ താഴുകയും മാർച്ച് മാസത്തിൽ ഇത് 360ഇ വരെ ഉയരുകയും ചെയ്യുന്നുണ്ട്. 2554 മീറ്ററാണ് ഈ പ്രദേശത്തെ ശരാശരി മഴലഭ്യത. ജൂൺ - ജൂലൈ മാസങ്ങളിൽ പടിഞ്ഞാറു നിന്ന് കിഴക്കോട്ടും ഒക്ടോബർ - നവംബർ മാസങ്ങളിൽ കിഴക്കു നിന്ന് പടിഞ്ഞാറോട്ടും ശക്തിയായി കാറ്റടിക്കുന്നു. നവംബർ - ഡിസംബർ മാസങ്ങളിൽ ആരുവാമൊഴി ചുരം കടന്നുവരുന്ന ശക്തമായ വരണ്ട കാറ്റ് അനുഭവപ്പെടാറുണ്ട്. ഇതിന് വൃശ്ചികക്കാറ്റ് എന്നാണ് പറയപ്പെടുക.

കാവുകൾ

പ്രകൃതിയെ നോവിക്കാതെയും നശിപ്പിക്കാതെയും ആരാധനാപൂർവ്വം കണ്ടിരുന്ന പൂർവ്വികർ നമുക്കായി കരുതിവച്ച ജൈവവൈവിദ്ധ്യമാർന്ന നമ്മുടെ കാവുകൾ വേണ്ടവിധം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. നാനാവിധത്തിലുള്ള വൃക്ഷങ്ങളും ചെടികളും മറ്റും നിറഞ്ഞ കാവുകൾ പരിസ്ഥിക്ക് വളരെയേറെ പ്രാധാന്യമുള്ള സ്ഥലങ്ങളാണ് പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ. ഇത്തരത്തിലുള്ള പ്രദേശങ്ങൾ വളരെയേറെയുണ്ട്. ക്ഷേത്രങ്ങളുടെ അടുത്താണ് കൂടുതൽ കാവുകളും കാണപ്പെടുന്നത്. ഒട്ടുമിക്കതും നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. ഇവയെ ഇപ്പോഴുള്ള അവസ്ഥയിൽ നിന്നും കൂടുതൽ മെച്ചപ്പെട്ടതായി മാറ്റിയെടുത്ത് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ പൈതൃക സ്വത്തായി കണ്ട് ആവശ്യമായ പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. കാവുകളെക്കുറിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

ക്രമനം.	കാവുകളുടെ പേര്	സ്ഥിതി ചെയ്യുന്ന സ്ഥലം
1	കുളത്തൂർകാവ്	കൊട്ടറ
2	ചിറയ്ക്കൽ കാവ്	നാൽക്കവല
3	ക്ഷേത്രക്കര കാവ്	നാൽക്കവല
4	തച്ചർകാവ്	തച്ചക്കോട്
5	പാലൂക്കോണം കാവ്	നാൽക്കവല
6	മാമനാർകാവ്	മൈലോട്
7	മാടൻകാവ്	പൂയപ്പള്ളി
8	വെളുത്തേടത്തു വാതുക്കൽ കാവ് (പൈങ്ങോലിൽ കാവ്)	കോഴിക്കോട്
9	മൂർത്തിക്കാവ്	പയ്യക്കോട്
10	ഏണിയൂർമഠം കാവ്	കോഴിക്കോട്
11	തിരിച്ചൽ കാവ്	കോഴിക്കോട്
12	പള്ളത്ത് കാവ്	ചെങ്കുളം
13	മുടിയൂർക്കോണം കാവ്	ചെങ്കുളം
14	ചുണ്ടേലഴികം കാവ്	മരുതമൺപള്ളി
15	പുത്താവ് കാവ്	മരുതമൺപള്ളി
16	ഐരൂർത്തോട്ടം കാവ്	പുന്നക്കോട്
17	മൂർത്തിക്കാവ്	പൂയപ്പള്ളി
18	പള്ളത്ത് കാവ്	ചെങ്കുളം

1. കുളത്തൂർ കാവ് – കൊട്ടറ

നൂറ്റാണ്ടുകൾ പഴക്കമുള്ളതും അതിപ്രസിദ്ധവുമായ ഒരു കാവാണ് കുളത്തൂർ കാവ്. ഈ കാവ് ഒരേക്കർ വിസ്തീർണ്ണത്തിലാണ് സ്ഥിതി ചെയ്യുന്നത്. വൃക്ഷങ്ങളും ചെടികളും മറ്റും തിങ്ങിനി റഞ്ഞ ഈ കാവിൽ സസ്യങ്ങളുടെ വേരുകളും വള്ളികളും കണ്ടാൽ പാമ്പുകൾ കിടക്കുന്നതായി തോന്നും. കാവിലെ വന്മരങ്ങളിൽ നിറയെ വവ്വാലുകൾ കാണപ്പെടുന്നു. ഈ കാവിനോടു ചേർന്ന് ഒരു കുളവും ദേവീക്ഷേത്രവും ഉണ്ട്. വിസ്തൃതമായ വയലിനോട് ചേർന്നാണ് ഈ കാവും കുളവും കാണ പ്പെടുന്നത്. ക്ഷേത്രത്തിലെ ചരിത്രം ഇപ്രകാരമാണ്. ചേപ്പാട് നിന്നുള്ള ഒരു ബ്രാഹ്മണൻ പൂജാദികർമ്മ ങ്ങൾക്കായി തെക്കൻ തിരുവിതാംകൂറിലേക്ക് വരികയും കൊട്ടറ എന്ന സ്ഥലത്തെ ഒരു നായർ കുടും ബത്തിലെ സ്ത്രീയെ മംഗല്യം കഴിച്ച് സ്ഥിരതാമസമാക്കുകയും ചെയ്ത ഈ സ്ഥലത്തിന് ചേക്കാട് എന്ന പേര് ലഭിച്ചതായി കരുതുന്നു. ഈ പ്രദേശത്തെ നാല് കുടുംബക്കാരുടെ വകയായിരുന്നു ഇത്. ഇപ്പോൾ ട്രസ്റ്റ് രജിസ്റ്റർ ചെയ്ത് പ്രദേശത്തെ എല്ലാ ഹിന്ദുക്കൾക്കും പ്രാതിനിധ്യമുള്ള ഭരണസമിതി ക്ഷേത്രകാര്യങ്ങൾ നോക്കുന്നു. കാവിന് മുൻവശത്തുള്ള നെൽവയലിൽ കൃഷി നടത്തുന്നവർ ജാതിമ തഭേദമന്യേ കറ്റയും നെല്ലും കാവിനും ക്ഷേത്രത്തിനുമായി നൽകി വരുന്നു. ക്ഷേത്രക്കുളം നാല് വശവും മതിൽ കെട്ടി ആഴം കൂട്ടിയാൽ വയലിലേക്ക് ജലം ലഭിക്കുന്നതിനും പ്രകൃതിയുടെ സന്തുലി താവസ്ഥ നിലനിർത്തുന്നതിനും സഹായകമാകും. പരിസ്ഥിക്ക് വളരെയേറെ പ്രാധാന്യമുള്ള ഈ പ്രദേശം ക്ഷേത്രം കൂടി ഉൾപ്പെടുത്തി പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങളുടെ പട്ടികയിൽപ്പെടുത്തി സംരക്ഷിക്കേണ്ടതാണ്.

2. തച്ചാർകാവ് – കൊട്ടറ

പഴക്കം ചെന്ന ഒരു കാവാണ് ഇത്. വർഷങ്ങൾക്ക് മുമ്പ് വൃക്ഷങ്ങൾ നിറഞ്ഞതായിരുന്നു ഈ കാവ് എങ്കിലും ഇപ്പോൾ അതെല്ലാം നശിച്ചു. ഏകദേശം 10 വർഷങ്ങൾക്ക് മുമ്പ് കാവനെ പുനരുദ്ധരിച്ച് അമ്പലമായി മാറ്റിയിരുന്നു. കോളമത്ത് ഭഗവതി ക്ഷേത്രം എന്ന പേരിലാണ് അറിയപ്പെടുന്നത്. കോളമത്ത് ഭഗവതിക്ഷേത്രം എന്ന പേരിലുള്ള ഒടു ട്രസ്റ്റ് ആണ് ഈ കാവിനെ സംരക്ഷിക്കുന്നത്. ഇതിനോട് ചേർന്ന് ഒരു കുളവും ഉണ്ട്. അര ഏക്കറിനടുത്ത് വരും ഇതിന്റ വിസ്തീർണ്ണം. ഈ ക്ഷേത്രവും അതിനോടു ചേർന്ന പ്രദേശങ്ങളും പൈതൃക പ്രാധാന്യമുള്ള പട്ടികയിൽപ്പെടുത്തി സംരക്ഷിക്കേണ്ടതാണ്.

3. ക്ഷേത്രക്കരകാവ് – നാൽക്കവല – മരുതമൺപള്ളി

മരുതമൺപള്ളി പെരുമൺ ഭഗവതി ക്ഷേത്രത്തോട് ചേർന്ന് ആണ് ഈ കാവ് സ്ഥിതി ചെയ്യുന്നത്. നിറയെ മരങ്ങൾ ഇല്ലാ എങ്കിലും പഴക്കം ചെന്ന മരങ്ങൾ ഉണ്ട്. ക്ഷേത്രത്തോട് ചേർന്നുള്ള സർപ്പക്കാവായി ഇതിനെ നിലനിർത്തി പൂജാകർമ്മങ്ങൾ നടത്തിവരുന്നു. കാവിന്റെയും ക്ഷേത്രത്തിന്റെയും കൂടി വിസ്തീർണ്ണം അര ഏക്കർ വരും.

4. ചിറയ്ക്കൽ കാവ് – മരുതമൺപള്ളി

ദേവീക്ഷേത്രത്തോടനുബന്ധിച്ച് മൂന്ന് കാവുകൾ ചേർന്നതാണ് ഇത്. മാടൻകാവ്, സർപ്പക്കാവ്, ക്ഷേത്രക്കാവ് എന്നിവയാണിവ. മാടൻകാവിന്റെ വിസ്തീർണ്ണം 50 സെന്റ് വരും. സർപ്പക്കാവ്, ക്ഷേത്രക്കാവ് എന്നിവ 10 സെന്റിനകത്തു വരും. സർപ്പക്കാവ് നിറയെ മരങ്ങളും സസ്യങ്ങളും വള്ളികളും നിറഞ്ഞതാണ്. 500 വർഷം പഴക്കം വരും. ആചാരപ്രകാരം ഈ അമ്പലത്തിന്റെ ഉൽപത്തിയെ കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. പട്ടാമ്പിയിൽ ഉള്ള സ്ഥലമാണ് ചിറയ്ക്കൽ. അവിടെ നിന്നും താമസം മാറി മരുതമൺപള്ളി എന്ന സ്ഥലത്തിന്റെ ഒരു ഭാഗത്ത് താമസമാക്കിയ ഒരു ബ്രാഹ്മണ സ്ത്രീ ആയിരുന്നു ഇന്നുള്ള ദേവീ ക്ഷേത്രത്തിന്റെ സ്ഥാപക. അന്ന് അവരോടൊപ്പം ജന്മദേശമായ പട്ടാമ്പിയിൽ നിന്നും സങ്കല്പിച്ച് കൂടെ കൊണ്ടുപോന്ന ദേവിയാണ് ഇപ്പോൾ ഈ അമ്പലത്തിൽ കുടിക്കൊള്ളുന്നത്. മാടൻകാവിനോട് ചേർന്ന് ഒരു ചിറ കൂടി സ്ഥിതി ചെയ്യുന്നു. ഈചിറ അധികൃതരുടെ ശ്രദ്ധ വേണ്ട വിധം ഇല്ലാത്തതിനാൽ ഉപയോഗപ്രദമല്ലാത്ത അവസ്ഥയാണ്. ഇതിനെ വേണ്ടവിധം പരിഗണിച്ചാൽ 100 ഹെക്ടറോളം വരുന്ന മാടൻ വന പാടശേഖരത്തിലേക്ക് ആവശ്യമായ ജലസേചനം നടത്താവുന്നതാണ്.

5. മാമനാർകാവ് – കാഞ്ഞിരംപാറ

വർഷങ്ങൾ പഴക്കമുള്ള ഒരു മാവ് മാത്രമാണ് ഈ കാവിലുള്ളത്. കാവിന് 30 സെന്റ് വിസ്തീർണ്ണം വരും. ഇതിനോട് ചേർന്ന് ഒരു കുളവുമുണ്ട്. ഈ പ്രദേശത്തെ ജലാശയങ്ങളെ നിയന്ത്രിക്കുന്നത് ഈ കുളമാണ്. ഇപ്പോൾ ഈ കാവ് മാമനാർ ശിവക്ഷേത്രമായാണ് അറിയപ്പെടുന്നത്.

6. മാടൻകാവ് – പാണയം – പൂയപ്പള്ളി

ഈ കാവിൽ ഒരു വലിയ ആൽമരവും ഒരു കൂവളവും ചെറിയ മൂന്ന് കാഞ്ഞിരവുമാണ് ഉള്ളത്. മുൻകാലത്ത് സസ്യങ്ങൾ നിറഞ്ഞതായിരുന്നു. ഇതെല്ലാം വെട്ടിത്തെളിച്ച് ഇപ്പോൾ അമ്പലം

പണിതുയർത്തി. 90 സെന്റ് വിസ്തീർണ്ണത്തിലാണ് ഈ കാവ് സ്ഥിതി ചെയ്യുന്നത്. ദിവേസന വിളക്ക് തെളിക്കുകയും ഞായറാഴ്ചകളിലും, മലയാള മാസം 1-ാം തീയതികളിലും പൂജ നടത്തുകയും ചെയ്തു വരുന്നു. കൂടാതെ വർഷം തോറും ഉത്സവും നടത്തി വരുന്നുണ്ട്. ഇപ്പോൾ ക്ഷേത്രം പണി നടന്നു കൊണ്ടിരിക്കുകയാണ്. ഇതിന്റെ സമീപത്തായി ബ്ലോക്ക് പഞ്ചായത്തിന്റെ വകയായി ഒരു കുളവും ഉണ്ട്.

7. പൂത്താറ്റ് കാവ് – മരുതമൺ പള്ളി

ഏകദേശം 20 സെന്റ് വരും ഇതിന്റെ വിസ്തീർണ്ണം. നിറയെ മരങ്ങളും സസ്യങ്ങളും നിറഞ്ഞ ഈ കാവിന് 50 വർഷത്തിന് മുകളിൽ പഴക്കം വരും. ഇതിനോട് ചേർന്ന് പൂത്താറ്റ് ക്ഷേത്രവും സ്ഥിതി ചെയ്യുന്നു. കാവിലേക്ക് പോകാൻ ഇടുങ്ങിയ ഒരു നടവഴി മാത്രമാണുള്ളത്. ആയതിനാൽ കാവ് സംരക്ഷിക്കാൻ പറ്റാത്ത അവസ്ഥയിലാവുകയാണ്. സർപ്പദോഷങ്ങൾക്കായി പ്രത്യേക പൂജകൾ നടത്തി വരുന്നു. കൂടാതെ ദിവസേന കാവിൽ വിളക്ക് കത്തിക്കുന്നുണ്ട്.

8. വേലംകോണത്ത് രക്തേശ്വരി മൂർത്തിക്കാവ്

65 വർഷത്തിൽപരം പഴക്കമുള് ഒരു കാവാണ് ഇത്. വർഷങ്ങൾ പഴക്കമുള്ള മരങ്ങളാണ് നില വിലുള്ളത്. കോളനിയോട് ചേർന്നുള്ള കാവാണ്. വേലൻ സമുദായത്തിൽപ്പെട്ടവരാണ് ഈ കാവിനെ സംരക്ഷിക്കുന്നത്. അവരുടെ ആരാധനാ മൂർത്തിയാണ് ഈ കാവിൽ കുടിക്കൊള്ളുന്നത്. ഇതിനോട് ചേർന്ന് പഞ്ചായത്തിന്റെ ഒരു കുളം ഉണ്ട്. ഒരു വയലിന് കരയ്ക്കായിട്ടാണ് ഈ കാവ് സ്ഥിതി ചെയ്യു ന്നത്. 30 സെന്റ് സ്ഥലം കാവും കൂടാതെ 10 സെന്റ് പാടവുമാണ്. ചിങ്ങമാസത്തിലെ തിരുവോണ നാളിൽ പുത്തരി ഊട്ടും മകം മാസം 27 ന് ഊട്ടും നടത്തി വരുന്നു.

9. ഏണിയൂർ മഠം കാവ് – കോഴിക്കോട്

ഏകദേശം 20 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഈ കാവ് ഏണിയൂർ മഠം ബ്രാഹ്മണ കുടും ബത്തിന്റെ വകയാണ്. ഇതിനോട് ചേർന്ന് മഠം വക ഒരു ക്ഷേത്രവും കുളവും ഉണ്ട്. ഇപ്പോഴും ഈ മഠത്തിലുള്ളവരാണ് ഈ കാവിനെ സംരക്ഷിക്കുന്നത്. സർപ്പ ദൈവങ്ങൾക്കായി പ്രത്യേക പൂജാദി കർമ്മങ്ങളും നടത്തി വരുന്നുണ്ട്. ഇടതിങ്ങിയല്ലാതെ വൃക്ഷങ്ങളും സസ്യങ്ങളും നിറഞ്ഞതാണ് ഈ കാവ്.

10. തിരിച്ചൻകാവ് – പയ്യക്കോട്

ഏകദേശം 50 സെന്റ് വിസ്തൃതിയുള്ള ഈ കാവ് നിറയെ മരങ്ങളും ചെടികളും വള്ളികളും നിറഞ്ഞതാണ്. വർഷങ്ങൾ പഴക്കമുള്ള മരങ്ങളാണുള്ളത്. ഇതിനോട് ചേർന്ന് ഒരു ദേവീക്ഷേത്രവും കുളവുമുണ്ട്. ഈ കാവ് യാത്രക്കാർക്ക് കാണാവുന്ന വിധം റോജിന്റെ അരികിലായിട്ടാണ് സ്ഥിതി ചെയ്യുന്നത്.

11. പള്ളത്ത് കാവ് – ചെങ്കുളം

വള്ളികളും സസ്യങ്ങളും കൊണ്ട് നിറഞ്ഞ ഈ കാവിൽ വൃക്ഷമായി ഒരു പാല മാത്രമാണുള്ള ത്. കാവിനുള്ളിൽ ചെറിയ രണ്ട് ആൽത്തറ ഉണ്ട്. ഏകദേശം 100 വർഷം പഴക്കമുള്ള ഈ കാവിന് 30

സെന്റ് വിസ്തീർണ്ണം വരും. മുടിയൂർക്കോണം സിദ്ദനാർ സർവ്വീസ് സൊസൈറ്റിയുടെ ഒരു ശാഖയിലെ ഒരാളിന്റെ പേരിൽ പതിച്ച് കിട്ടിയിട്ടുണ്ട് ഈ കാവ് നിൽക്കുന്ന സ്ഥലം.

ഈ കാവുകൾ കൂടാതെ, പണ്ട് ഇടതൂർന്ന കാവായിരുന്നതും എന്നാല ഇപ്പോൾ രണ്ടോ മൂന്നോ മരങ്ങൾ മാത്രമുള്ളതുമായ ചെറിയ കാവുകളും കാണപ്പെടുന്നു. അവ നാൽക്കവലയിലുള്ള പാലുകോണം കാവ്, മൂർത്തിക്കടവ് - കോണത്ത് പൂയപ്പള്ളി, ചൂണ്ടേലഴികം കാവ്, വെളുത്തേടത്ത് വാതുക്കൽ കാവ് (പൈങ്ങാലിൽ കാവ്), പയ്യക്കോട് മൂർത്തിക്കാവ്, മുടിയൂർക്കോണം കാവ്, പുന്നക്കോട് ഐരൂർത്തോട്ടം കാവ് എന്നിവയാണ്.

ഈ കാവുകളോടൊപ്പം തന്നെ 11-ാം വാർഡിലുള്ള പുതാനമായ മഹാവിഷ്ണു ക്ഷേത്രവും പൈതൃകപ്രാധാന്യമുള്ള പ്രദേശമായി കരുതി സംരക്ഷിക്കേണ്ടതാണ്.

അനുമാനം

പൂയപ്പള്ളി പഞ്ചായത്തിൽ സംരക്ഷിക്കപ്പെടേണ്ടതായ പല കാവുകളും പൈതൃക പ്രാധാന്യ മുള്ള ക്ഷേത്രങ്ങളും ഉണ്ട്. ഇവയുടെ പരിസ്ഥിതി പൈതൃക പ്രാധാന്യം കണക്കിലെടുത്ത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

പരിസ്ഥിതി പ്രശ്നങ്ങൾ

പഞ്ചായത്തിൽ പൊതുവേ കാണപ്പെടുന്ന പരിസ്ഥിതി പ്രശ്നങ്ങളിൽ മുഖ്യം മണൽ വാരൽ, മണ്ണൊലിപ്പ് കൂട്ടത്തോ ടെയുള്ള മരം മുറിപ്പ്, പാറപൊട്ടിക്കൽ എന്നിവയാണ്. ഇത്തിക്കര ആറ്റിൽ നിന്നും അനധികൃതമായി മണൽ വാരുന്നത് മൂലം ആറ്റിലെ ജലവിതാനം കുറയുന്നു. കിണറുകളിലും ജലനിരപ്പ് താഴ്ന്നു. കര ഇടിഞ്ഞു തകരുന്നു.

വൃക്ഷങ്ങൾ കൂട്ടമായി മുറിച്ചു മാറ്റുക. ആവരണ സസ്യങ്ങൾ ഇല്ലാതിരിക്കുക, ശരിയായ മണ്ണ് സംരക്ഷണ പണികൾ നടത്താതിരിക്കുക തുടങ്ങിയവയാണ് മണ്ണ് ഒലിപ്പിന്റെ പ്രധാന കാരണങ്ങൾ. ഇവിടങ്ങളിലെ ജലക്ഷാമത്തിന് ഒരു കാരണം ഈ മണ്ണൊലിപ്പ് ആണ്. ആവശ്യമായ മണ്ണ് ഇല്ലാത്ത സാഹചര്യത്തിൽ ജലസംഭരണം അസാധ്യമാണ്. കുന്നിൻ ചരിവുകളിൽ ബണ്ടുകൾ നിർമ്മിക്കുകയും ചെറിയ കുഴികൾ എടുത്ത് മഴക്കാലത്ത് ജലം സംഭരിക്കുകയും ചെയ്താൽ ഒരു പരിധിവരെ ജലക്ഷാമത്തിൽ നിന്ന് രക്ഷ നേടാവുന്നതാണ്. സാധ്യമാകുന്ന എല്ലാ സ്ഥലങ്ങളിലും മരങ്ങൾ വെച്ചു പിടിപ്പിക്കാൻ കഴിയണം.പാറപൊട്ടിക്കലിനു നിയന്ത്രണം വേണം.

ജനസംഖ്യ

2011 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 28864 ആണ്. അതിൽ 13499 പുരുഷൻന്മാരും 15365 സ്ത്രീകളുംമാണ്. പട്ടികജാതി ജനസംഖ്യ 3150അതിൽ പുരുക്ഷൻന്മാർ 1502 ഉം സ്ത്രീകൾ 1648 ആണ്. പട്ടികവർഗ്ഗം പഞ്ചായത്തിലില്ല.

ജനവിഭാഗങ്ങളിലെ വൈവിധ്യം

കേരളത്തിലെ എല്ലായിടത്തും ഉള്ളത് പോലെ നമ്മുടെ പഞ്ചായത്തിലും ജാതി മത വ്യത്യാസമി ല്ലാതെ ഇടകലർന്നാണ് കുടുംബങ്ങൾ താമസിക്കുന്നത്. മതന്യൂനപക്ഷ വിഭാഗങ്ങൾ താരതമ്യേന കൂടു തലുള്ള പഞ്ചായത്തുകൂടിയാണ് നമ്മുടേത്.

ജനസാന്ദ്രത

പഞ്ചായത്തിലെ ജനസാന്ദ്രത ച.കി.മീറ്ററിന് 855 ഉം ജില്ലയുടെത് 967 ഉ സംസ്ഥാനത്തിന്റെത് 740 ഉം ആണ്. ചെറുകിട റബ്ബർ തോട്ടങ്ങൾ ധാരളമുള്ളത് ജനസാന്ദ്രത കുറയാൻ കാരണമായിട്ടുണ്ട്.

തൊഴിൽ പങ്കാളിത്തം

പഞ്ചായത്തിലെ പുരുഷന്മാരിൽ 51 ശതമാനത്തോളം തൊഴിൽ ചെയ്യുമ്പോൾ,സ്ത്രീകളിൽ 30 ശതമാനത്തോളം മാത്രമാണ്. ഏതെങ്കിലും സ്ഥിരം തൊഴിലിൽ ഏർപ്പെടുന്നത് എന്ന സ്ഥിതി തൊഴിലുറപ്പ് പദ്ധതി വന്നതോടെ മാറിയിട്ടുണ്ട്. കശുവണ്ടി നിർമ്മാണ മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകളേക്കാൾ കൂടുതൽ സ്ത്രീകൾ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്നുണ്ട്

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പഞ്ചായത്തിലെ 16 വാർഡുകളിലും തൊഴിലുറപ്പ് പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വരുടെയും അതിൽ ജോലി ലഭിച്ചവരുടെയും ചെലവായ തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

	ആകെ ചെലവുകൾ (രൂപ)(കോടി)	രജിസ്റ്റർ ചെയതവർ	തൊഴിൽ ലഭിച്ചവർ	100 ദിവസം തൊഴിൽ ചെയ്തവർ
2017 - 2018	2.1877	4517	2280	169
2018 - 2019	2.8678	4784	2406	478
2019 - 2020	2.6710	4982	2370	470
2020 - 2021	3.8771	5444	2633	703
2021 - 2022	3.8862	5760	2198	652

കുടുംബശ്രീ പ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്തിൽ 286 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നു. ഇവയിലൊട്ടാകെ 4200 അംഗങ്ങളാണുള്ളത്. സ്ത്രീകളുടെ സാമൂഹികവും, സാമ്പത്തികവുമായ പദവി ഉയർത്തുന്നതിന് കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം സഹായകരമായിട്ടുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾക്ക് വാർഡ് അടിസ്ഥാനത്തിൽ എ.ഡി.എസ്, പഞ്ചായത്ത് അടിസ്ഥാനത്തിൽ സി.ഡി.എസ് ഉം നേതൃത്വം കൊടുക്കുന്നു. കാർഷിക മേഖലയിൽ നെൽകൃഷി പച്ചക്കറികൃഷി തുടങ്ങിയവ ബാങ്ക് വായ്പയെടുത്ത് കൃഷി ചെയ്യുന്ന നിരവധി യൂണിറ്റുകൾ ഉണ്ട്.

അതുപോലെ തൊഴിൽ സംരംഭങ്ങൾ എന്ന നിലയ്ക്ക് ധാരാളം ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകളും പ്രവർത്തിക്കുന്നു.

സ്ത്രീകളുടെ തൊഴിൽ മേഖലയിൽ ഒരു പുത്തനുണർവ് ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട് എന്ന് കാണാവുന്നതാണ്. നിലവിൽ ഇലക്ഷൻ കഴിഞ്ഞ് ശ്രീമതി.ബിനി.എസ്.റ്റി സി.ഡി.എസ് ചെയർപേഴ്സൺ ആയി ചുമതലയേറ്റു.

തനത് വിഭവങ്ങൾ

പഞ്ചായത്തിലെ തനത് വിഭവങ്ങൾ സമാഹരിക്കുന്നതിൽ ഒരുപരിധി വരെ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

വസ്തുനികുതി, ലൈസൻസ് ഫീസ്, തൊഴിൽ നികുതി, മാർക്കറ്റ് ലേലം, ഇറച്ചിക്കടലേലം എന്നിവയിൽ നിന്നുള്ള വരുമാനം മാർക്കറ്റ് സ്റ്റാർ വാടക, ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഫീസ്, പരസ്യനികുതി, ടെൻഡർ ഫോറം വില്പന എന്നീ നിലകളിലാണ് പഞ്ചായത്തിന് ലഭിക്കുന്ന വരുമാനം

പൊതു ആസ്തികൾ

1. പഞ്ചായത്ത് ഓഫീസ് നിൽക്കുന്ന സ്ഥലവും കെട്ടിടവും അതിനകത്തുള്ള ഫർണിച്ചറുകളും ഉപകരണങ്ങളും
2. ഷോപ്പിങ് കോംപ്ലക്സ് കെട്ടിടവും സ്ഥലവും
3. 14 അംഗനവാടി കെട്ടിടവും സ്ഥലവും ഫർണിച്ചറും
4. 28 അംഗനവാടികളുടെ ഫർണിച്ചറുകൾ
5. പഞ്ചായത്ത് വക ജീപ്പ്
6. ട്രാക്ടർ
7. പൊതു കിണറുകൾ നിൽക്കുന്ന സ്ഥലവും കിണറുകളും
8. ആയുർവേദം ഹോമിയോ ആശുപത്രികളിലെ സ്ഥലം ഒഴികെയുള്ള ആസ്തികൾ



ജനകീയാസൂത്രണം
കാൽ നൂറ്റാണ്ട് പിന്നിടുമ്പോൾ

1992ലെ 73,74 ഭരണഘടന ഭേദഗതിയെ തുടർന്ന് കേരള പഞ്ചായത്തീ രാജ് നിയമം 1994 ൽ നിലവിൽ വന്നിട്ട് കാൽനൂറ്റാണ്ട് പിന്നിട്ടു, ഇന്ത്യയിലെ അധികാര വികേന്ദ്രീകരണ ചരിത്രത്തിന്റെ നാഴികക്കല്ലായിരുന്നു 1992ലെ ഭരണഘടനാ ഭേദഗതികൾ നിർണ്ണായകമായ ഈ ഭേദഗതികൾക്ക് ശേഷവും ഇന്ത്യയുടെ അധികാര വികേന്ദ്രീകരണ രംഗത്ത് ചില അടിസ്ഥാന മാറ്റങ്ങൾ ഉണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായ ഒരു സാധുത ലഭിച്ചു. 5 വർഷം കൂടുമ്പോൾ തിരഞ്ഞെടുപ്പിനുള്ള സാദ്ധ്യത തെളിഞ്ഞു.സ്ത്രീകൾ, ദളിതർ, ആദിവാസികൾ, എന്നിവരുടെ പങ്കാളിത്തം ഭരണത്തിൽ ഉറപ്പാക്കപ്പെട്ടു. സംസ്ഥാന ധനകാര്യ കമ്മീഷനുകൾ നിലവിൻ വന്നു, ഈ നേട്ടങ്ങൾ ഉണ്ടായപ്പോഴും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ ആവശ്യമായ ധനവിഭവം, ഉദ്യോഗസ്ഥ സംവിധാനം, അധികാരങ്ങൾ എന്നിവ കൈമാറുന്നതിൽ ഒട്ടും പുരോഗമനപരമായ സമീപനം അല്ല ഭൂരിപക്ഷം വരുന്ന സംസ്ഥാന സർക്കാരുകളും സ്വീകരിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം, വിഭവങ്ങൾ, ഉദ്യോഗസ്ഥ സംവിധാനങ്ങൾ എന്നിവ നൽകാൻ അവർ തയ്യാറായില്ല

14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ ഭാഗമായാണ് 2014 മുതൽ പരിമിതമായ വിഭവങ്ങൾ എങ്കിലും തദ്ദേശ സ്ഥാപനങ്ങൾക്ക് രാജ്യത്താകെ ലഭിച്ചത്, ഗ്രാമപഞ്ചായത്ത് വികസന പദ്ധതികൾ തയ്യാറാക്കുക എന്ന നിർദ്ദേശവും ഇതിനെ തുടർന്നാണ് ഉണ്ടായത്. ഭരണഘടന ഭേദഗതികൾക്ക് ശേഷം കാൽ നൂറ്റാണ്ട് പിന്നിട്ടിട്ടും നാമമാത്രമായ പ്രവർത്തന ശേഷിയുള്ള സ്ഥാപനങ്ങളായി രാജ്യത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടരുന്നു എന്ന് സാരം. കർണ്ണാടക, പശ്ചിമ ബംഗാൾ, സിക്കിം മുതലായ സംസ്ഥാനങ്ങളിൽ മാത്രമാണ് താരതമ്യേന മെച്ചപ്പെട്ട അവസ്ഥ ദേശീയ തലത്തിൽ ഉള്ളത്. പശ്ചിമ ബംഗാൾ, കർണ്ണാടക എന്നിവയുടെ കാര്യത്തിൽ ഭരണഘടന ഭേദഗതിക്ക് മുൻപേ ഉള്ള ചരിത്രപരമായ കാരണങ്ങൾ ആണ് പ്രാദേശിക ഭരണ വ്യവസ്ഥയെ ശക്തിപ്പെടുത്തിയത്.

കേരളത്തിന്റെ പ്രാദേശിക വികസനാനുഭവം

മേൽ സൂചിപ്പിച്ച ദേശീയ പ്രവണതകളിൽ നിന്ന് തികച്ചും വ്യത്യസ്തമായ പാതയാണ് പ്രാദേശീക ആസൂത്രണത്തിന്റെ കാര്യത്തിൽ കേരളം സ്വീകരിച്ചത്. 1994ലെ കേരള പഞ്ചായത്തി രാജ് നിയമം ഏറെ പരിമിതികൾ നിറഞ്ഞത് ആയിരുന്നു. എന്നാൽ നിയമത്തിന്റെ പരിമിതികൾക്കപ്പുറത്തേക്ക് പ്രാദേശിക ആസൂത്രണത്തെ വികസിപ്പിക്കാർ കേരളത്തിന് 1996ൽ ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിഞ്ഞു.

സംസ്ഥാന ബഡ്ജറ്റിന്റെ മൂന്നിലൊന്ന് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറാനുള്ള തീരുമാനം, പ്രാദേശിക വികസന പദ്ധതികൾ ജനകീയമായി തയ്യാറാക്കാനുള്ള ജനകീയാസൂത്രണ ക്യാമ്പയിൻ, ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ, അധികാരങ്ങൾ എന്നിവ പ്രാദേശിക ഗവൺമെന്റുകൾക്ക് ക്രമാനുഗതമായി കൈമാറിയ നിയമപരിഷ്കരണങ്ങൾ എന്നിവ കേരളത്തെ അധികാര വികേന്ദ്രീകരണ രംഗത്ത് ശ്രദ്ധേയമായ ഒന്നാക്കി മാറ്റി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ കൈമാറുവാൻ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ രൂപീകരിച്ച എസ് ബി സെൻ കമ്മിറ്റിയുടെ ശുപാർശകൾ സംസ്ഥാനത്തെ തദ്ദേശഭരണ ശാക്തീകരണത്തിൽ നിർണായകമായി. 1999ലെ സമഗ്ര പഞ്ചായത്തീരാജ് നിയമഭേദഗതി ഇതിനെത്തുടർന്നാണ് ഉണ്ടായത്.

1995ലെ പഞ്ചായത്ത് തിരഞ്ഞെടുപ്പ് , 1996 ലെ ജനകീയാസൂത്രണ പ്രസ്ഥാനം എന്നിവയെ തുടർന്നുള്ള കേരളത്തിന്റെ വികേന്ദ്രീകൃത വികസന അനുഭവത്തെ നേട്ട-കോട്ട വിശകലനത്തിന് വിധേയമാക്കുന്നതിനാണ് തുടർന്ന് ശ്രമിക്കുന്നത്



നേട്ടങ്ങൾ

സമഗ്രമായ വികേന്ദ്രീകരണം

ആസൂത്രണപരവും, ധനപരവും, ഭരണപരവുമായ വികേന്ദ്രീകരണം കേരളത്തിൽ സാദ്ധ്യമായി. ഭരണ പരമായ അധികാരങ്ങൾ നിയമ പരിഷകരണങ്ങളിലൂടെയും, ഉത്തരവുകളിലൂടെയും തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകപ്പെട്ടു – ധനപരമായ വികേന്ദ്രീകരണം ബഡ്ജറ്റിന്റെ ഭാഗമായി തന്നെ നടന്നു. ജനപങ്കാളിത്തത്തോടെ താഴെത്തലംവരെയുള്ള ആസൂത്രണ പ്രക്രീയ രൂപപ്പെട്ടു.

വിഭവ കൈമാറ്റം

- ജനകീയാസൂത്രണത്തെ തുടർന്നുള്ളള്ള 25 വർഷം ചെറിയ ഏറ്റക്കുറച്ചിലുകളോട് കൂടി ആണെങ്കിലും സംസ്ഥാന ബഡ്ജറ്റിന്റെ 20 ശതമാനത്തിൽ കുറയാത്ത തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ആസൂത്രണത്തിനും, നടത്തിപ്പിനുമായി നൽകി.
- സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളുടെ ഭാഗമായി പൊതു, റോഡ് മെയിന്റെനൻസ് ഗ്രാന്റുകൾ തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതത്തിന് പുറമെ കൈമാറി. ഇത് അവർക്ക് തങ്ങൾക്ക് കീഴിലെ സ്ഥാപനങ്ങൾ, പൊതുആസ്തികൾ, റോഡുകൾ എന്നിവയുടെ ഗുണ നിലവാരം നിലനിർത്താൻ സഹായകമായി.
- 14-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങളുടെ ധനലഭ്യത വർദ്ധിപ്പിക്കാൻ സഹായിച്ചു
- തൊഴിലുറപ്പു പദ്ധതിയുടെ ആസൂത്രണവും, നടത്തിപ്പും ഗ്രാമ പഞ്ചായത്തുകളുടെ പ്രാദേശിക തൊഴിൽദാന ശേഷിയെ വിപുലപ്പെടുത്തി. നഗര പ്രദേശങ്ങളിൽ സംസ്ഥാന സർക്കാരിന്റെ തനത് പദ്ധതിയായ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയും മേൽ സൂചിപ്പിച്ച തരത്തിൽ ഗുണകരമായി.

അധികാര കൈമാറ്റം

- 1995ലെ ഉത്തരവ് പ്രകാരം 17ഓളം സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലേക്ക് കൈമാറ്റപ്പെട്ടു.
- ഭരണഘടനാ ഭേദഗത്തിയിലെ നിബന്ധനകൾ പ്രകാരം 29 മേഖലകളിലെ അധികാരങ്ങൾ തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറി. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും, ആക്റ്റിവിറ്റി മാപ്പിങ്ങിലൂടെ കൃത്യമായി വേർതിരിച്ചു നൽകി.
- 1994ലെ പഞ്ചായത്തീ രാജ് നിയമത്തിലെ പരിമിതികൾ 1999ലെ സമഗ്ര നിയമഭേദഗതിയിലൂടെ വലിയൊരളവ് വരെ മറികടന്നു. തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരങ്ങൾ കൈമാറുന്നതിന് ഈ ജനകീയാസൂത്രണ കാലഘട്ടം മുതൽ ഉത്തരവുകളുടെ ഒരു ശൃംഖല തന്നെ പുറത്തിറക്കി.
- കൃഷി ഓഫീസർ, വെറ്റിനറി സർജൻ, പ്രാഥമീക ആരോഗ്യ കേന്ദ്രത്തിലെ ജീവനക്കാർ, ഐ സി.ഡി.എസ്. സൂപ്പർ വൈസർ, സ്കൂളുകളിലെ പ്രധാന അധ്യാപകർ തുടങ്ങി. ഒന്നാം നിര ഉദ്യോഗസ്ഥരെയും സ്ഥാപനങ്ങളേയും ഗ്രാമ പഞ്ചായത്തുകൾക്കും, ബ്ലോക്ക് തല ഉദ്യോഗസ്ഥരെ ബ്ലോക്ക് പഞ്ചായത്തുകൾക്കും, ജില്ലാതല ഉദ്യോഗസ്ഥരെയും സ്ഥാപനങ്ങളേയും ജില്ലാ പഞ്ചായത്തുകൾക്കും കൈമാറി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ നടത്തിപ്പ് ശേഷിയെ ഇത് വലിയതോതിൽ വർദ്ധിപ്പിച്ചു.

പൊതു തദ്ദേശ ഭരണ സർവ്വീസ്

- ഏറെ കാലത്തെ ആവശ്യമായിരുന്നു ഏകീകൃത തദ്ദേശ ഭരണ സർവ്വീസ് 5 വകുപ്പുകളെ ഏകോപിപ്പിച്ച് ഈ സംവിധാനം അടുത്ത കാലത്തായി കൊണ്ടുവരാനായി എന്നത് ഒരു പ്രധാന നേട്ടമാണ്

പ്രാദേശിക ആസൂത്രണത്തിന് ഒരു രീതി ശാസ്ത്രം

- പ്രാദേശികാസൂത്രണത്തിനുള്ള വിഷയമേഖല കർമ്മസമിതികൾ, പദ്ധതികൾ വിലയിരുത്തുന്നതിനുള്ള വിദഗ്ധസമിതികൾ, തുടങ്ങി സൂക്ഷ്മതല സംഘടനാ രൂപങ്ങളെ കേരളത്തിന് പരിചയപ്പെടുത്തി. പദ്ധതി ആസൂത്രണത്തിന് വികസനരേഖ, കരട് പദ്ധതി രേഖ, ഗ്രാമസഭ ചർച്ചകൾ, വികസന സെമിനാർ, അന്തിമപദ്ധതി രേഖ, ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി എന്ന ഒരു ആസൂത്രണ രീതി ശാസ്ത്രം വികസിപ്പിച്ചു. ഈ രീതിശാസ്ത്രം കാര്യമായ മാറ്റങ്ങൾ ഇല്ലാതെ തന്നെ കാൽ നൂറ്റാണ് കാലം തുടർന്നുവെന്നത് ഏറെ പ്രസക്തമാണ്.

- അയൽക്കൂട്ടങ്ങൾ, പദ്ധതി നിർവഹണത്തിനുള്ള ഗുണഭോക്തൃ സമിതികൾ എന്നിവയെ ജനകീയ സംവിധാനങ്ങൾ എന്ന നിലയിൽ അവതരിപ്പിച്ചു.
- സ്ത്രീകൾ, പട്ടിക ജാതിക്കാർ, പട്ടിക വർഗ്ഗക്കാർ എന്നിവർക്ക് പ്രത്യേക പരിഗണന ആസൂത്രണ നിർവഹണ പ്രക്രീയായിൽ നൽകി. ആസൂത്രണത്തിനുള്ള പ്രത്യേക കർമ്മസമിതികൾ, വനിതാ ഘടകപദ്ധതി, പട്ടികവർഗ ഉപപദ്ധതി, പട്ടികജാതി ഘടക പദ്ധതി എന്നിവ വഴി പ്രാദേശിക വികസനത്തിൽ പാർശ്വവല്കൃത വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി

സമയബന്ധിതമാവുന്ന ആസൂത്രണ പ്രക്രീയ

- രണ്ട് പതിറ്റാണ്ടിന് ശേഷമാണെങ്കിലും ആസൂത്രണ പ്രക്രീയ സമയബന്ധിതമായി പൂർത്തിയാക്കി കൂടുതൽ സമയം പദ്ധതി നിർവ്വഹണത്തിന് നൽകാൻ 2016ന് ശേഷമുള്ള ഇടപെടലിലൂടെ കഴിഞ്ഞു.

സ്ത്രീകളുടെ അധികാരവത്കരണം

- ജനപ്രതിനിധി സ്ഥാനത്തേക്ക് മാത്രമല്ല ഭരണ ചുമതലകളിലേക്കും സ്ത്രീകൾക്ക് പ്രത്യേക പരിഗണന നിയമപരമായി ലഭിച്ചു. ആദ്യഘട്ടത്തിലെ 33 ശതമാനത്തിൽ നിന്ന് 2010ൽ ഇത് 50 ശതമാനത്തിലേക്ക് ഉയർന്നു. വനിതകളുടെ വർദ്ധിത പങ്കാളിത്തം ഭരണ നേതൃത്തത്തിൽ ഉണ്ടാകാൻ ഇത് സഹായിച്ചു.
- ഇന്ത്യയിൽ തന്നെ അപൂർവ്വമായി സ്ത്രീകളുടെ ശാക്തീകരണത്തിന് വനിത ഘടക പദ്ധതി, പദ്ധതി ആസൂത്രണത്തിന് പ്രത്യേക കർമ്മസമിതി എന്നിവ ഉണ്ടായി. എല്ലാ പൊതു കർമ്മസമിതികളിലും സ്ത്രീ പങ്കാളിത്തം ഉറപ്പാക്കപ്പെട്ടു.

കുടുംബ ശ്രീ പ്രസ്ഥാനം

- 45 ലക്ഷം കുടുംബങ്ങൾ അംഗങ്ങളായ സ്ത്രി കൂട്ടായ്മയായി കുടുംബശ്രീയെ വളർത്തിയെടുക്കാൻ കഴിഞ്ഞു, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അവിഭാജ്യ ഘടകമായി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന സ്ത്രീകളുടെ ശക്തമായ ശൃംഖല ഇതിലൂടെ രൂപപ്പെട്ടു.
- സ്ത്രീകളുടെ സാമൂഹിക ദൃശ്യത വർദ്ധിപ്പിക്കുന്നതിലും, സാമൂഹ്യ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിലും കുടുംബശ്രീ വലിയ പങ്ക് വഹിച്ചു..

ഗ്രാമ– നഗര ജീവിത ഗുണത ഉയർത്തൽ

- മനുഷ്യരുടെ അടിസ്ഥാന ജീവിത ഗുണത ഉയർത്തുന്നതിൽ അധികാര വികേന്ദ്രീകരണം വലിയ പങ്കു വഹിച്ചു. കേരളത്തിലെ ദരിദ്രരുടെ ഭവനരാഹിത്യം, വൈദ്യുതി ലഭ്യത, കുടിവെള്ള ലഭ്യത, സാനിറ്റേഷൻ സൗകര്യം എന്നിവ വലിയ തോതിൽ വികസിച്ചു. ഗ്രാമീണ റോഡ്ശൃംഖലകൾ വലിയ തോതിൽ വിപുലീകരിക്കപ്പെട്ടു.
- ദരിദ്രരുടെ ജീവിത സാഹചര്യങ്ങളിൽ ഉണ്ടായ മാറ്റം നിർണ്ണായകമാണ്. ദളിതരിൽ 95 ശതമാനത്തിന് മുകളിൽ വരുന്ന ഭവനസ്ഥിതി മെച്ചപ്പെടുത്താനായി എന്നത് ഏറെ പ്രസക്തമാണ്. ആദിവാസികളുടെ കാര്യത്തിലും അടിസ്ഥാന ജീവിത സാഹചര്യങ്ങൾ ഏറെ മെച്ചപ്പെട്ടു. അധികാര വികേന്ദ്രീകരണം പിൻതുടർന്ന മുൻഗണനാ മാനദണ്ഡങ്ങൾ ദരിദ്രരുടെ ജീവിതത്തിൽ ഗുണകരമായ മാറ്റമുണ്ടാക്കി.

പൊതു ആസ്തികളുടെ വിപുലീകരണം

- തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിലാക്കിയ സ്കൂളുകൾ, അംഗനവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ, മൃഗ സംരക്ഷണ സ്ഥാപനങ്ങൾ, എന്നിവയുടെയെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഏറെ മെച്ചപ്പെട്ടു. നല്ലൊരു വിഭാഗം സ്ഥാപനങ്ങൾ ആധുനീകരിക്കപ്പെട്ടു. സ്ഥാപനങ്ങളുടെ സേവന ഗുണത ഉയർന്നു. ആരോഗ്യ മേഖലയുടെ കാര്യത്തിൽ ഇത് ഏറെ

പ്രതിഫലിച്ചു. നിലവിൽ കോവിഡ് 19 പോലുള്ള മഹാമാരികളെ നേരിടാൻ വികേന്ദ്രീകൃത ആരോഗ്യ സംവിധാനം വലിയ പിന്തുണ നൽകി.

- തെരുവുവിളക്കുകളുടെ വ്യാപനം – പരിപാലനം, റോഡുകളുടെ നിർമ്മാണം – പരിപാലനം തുടങ്ങി പൊതു ആസ്തികളുടെ വികസനത്തിൽ അധികാര വികേന്ദ്രീകരണം വലിയ പങ്കു വഹിച്ചു.

വേഗത്തിലായ സേവനങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന സേവനങ്ങളുടെ വേഗത ഏറെ വർദ്ധിച്ചു, കമ്പ്യൂട്ടർവത്കരണം ഇതിന് സഹായകമായി, ഈ പശ്ചാത്തലത്തിൽ ഇൻഫോർമേഷൻ കേരളാ മിഷന്റെ പങ്ക് പ്രസക്തമാണ്. തദ്ദേശ സ്ഥാപനങ്ങളുടെ സേവന ഗുണത ഉയർത്താനുള്ള സേവന ബോർഡുകൾ, ഫ്രണ്ട് ഓഫീസ് സംവിധാനം എന്നിവ മികച്ച ഫലങ്ങൾ ഉണ്ടാക്കി.

മാലിന്യ സംസ്കരണത്തിന് ജനകീയ മുൻകൈ

- സംസ്ഥാനത്ത് മൂന്നിലെന്ന് തദ്ദേശ സ്ഥാപനങ്ങളിൽ എങ്കിലും ജൈവ, അജൈവ മാലിന്യ സംസ്കരണത്തിനുള്ള ഇടപെടലുകൾ നടന്നു. അധികാര വികേന്ദ്രീകരണത്തിന്റെ ആദ്യ ഘട്ടത്തിൽ അവഗണിക്കപ്പെട്ട ഈ മേഖല അവസാന 4 വർഷത്തിൽ ഹരിത കേരള മിഷന്റെ ഭാഗമായ പ്രവർത്തനങ്ങളിലൂടെയാണ് ശക്തമായത്

വിപുലമായ കാര്യശേഷി വികസനം

- ജനകീയാസൂത്രണ കാലഘട്ടം മുതലേ ആയിരക്കണക്കിന് ജനപ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവരെ വികേന്ദ്രീകൃതമായി പരിശീലിപ്പിക്കുന്ന വികേന്ദ്രീകൃതമായ സമാന്തര പരിശീലന ശൈലി അവലംബിക്കുവാൻ കഴിഞ്ഞു. ജനകീയാസൂത്രണത്തിന് ശേഷമുള്ള ഓരോ തിരഞ്ഞെടുപ്പുകൾക്ക് ശേഷവും കിലയുടെ നേതൃത്ത്വത്തിൽ വിപുലമായ പരിശീലന ശൃംഖലകൾ സംഘടിപ്പിച്ചിട്ടുണ്ട്.
- ജനകീയാസൂത്രണത്തെ തുടർന്നുള്ള 4 തിരഞ്ഞെടുപ്പുകൾക്ക് ശേഷവും ജനപ്രിനിധികൾക്ക് വിപുലമായ പരിശീലനങ്ങൾ നൽകാൻ കില എന്ന സംവിധാനം ഫലപ്രദമായി പ്രവർത്തിച്ചു. ഉദ്യോഗസ്ഥർക്കുള്ള പരിശീലനവും മെച്ചപ്പെട്ട രീതിയിൽ നടന്നിട്ടുണ്ട്. അടുത്ത കാലത്ത് ഗ്രാമവികസന വകുപ്പിന് കീഴിൽ ആയിരുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെൻറ്, ഇ.ടി.സി.കൾ എന്നിവ കിലയുടെ പൊതു കുടക്കീഴിൽ കൊണ്ടുവന്നത് നല്ല ഇടപെടൽ ആയിരുന്നു.

സാമൂഹ്യ മൂലധന ശാക്തീകരണം

- തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിലെ വിവിധ സമിതികൾ, കുടുംബ ശ്രീകൾ , അംഗൻവാടി ശ്രംഖലകൾ എന്നിവ വഴി തദ്ദേശസ്ഥാപനങ്ങളുടെ സേവന സംവിധാനത്തെ താഴെ തലം വരെ എത്തിക്കാനുള്ള ഒരു സാമൂഹ്യ സംഘടനാ ശൃംഖല രൂപപ്പെട്ടു. സമൂഹം വിവിധ ദുരന്തങ്ങൾ നേരിട്ട ഘട്ടങ്ങളിൽ അതിനെ അതിജീവിക്കുവാനുള്ള ജനകീയ സംവിധാനങ്ങളായി ഇവ മാറി. 2018ലേയും, 2019ലേയും പ്രളയ കാലത്തും , 2019-20 ലെ കോവിഡ് കാലത്തും തദ്ദേശ സ്ഥാപന ശൃംഖലയുടെ നേട്ടങ്ങൾ ജനം അനുഭവിച്ചു.

ജനജീവിതത്തെ തൊട്ട പ്രാദേശിക സർക്കാരുകൾ

- ചുരുക്കത്തിൽ ജനതക്ക് തങ്ങളുടെ ജീവിതത്തിലെ നിർണ്ണായക ഘട്ടങ്ങളിൽ സമീപിക്കാവുന്ന സർക്കാർ സംവിധാനമായി താഴെ തലത്തിൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കഴിഞ്ഞ കാൽ നൂറ്റാണ് കാലത്തിനുള്ളിൽ മാറി. കേരളീയ സമൂഹത്തിൽ അനിവാര്യ ഘടകമായി പ്രാദേശിക സർക്കാരുകൾ രൂപപ്പെട്ടു.



അധികാര വികേന്ദ്രീകരണ പ്രക്രീയയിലെ പരിമിതികൾ

സംസ്ഥാനത്തെ അധികാര വികേന്ദ്രീകരണ പ്രക്രിയക്ക് ഏറെ നേട്ടങ്ങൾ അവകാശപ്പെടാൻ ഉള്ളപ്പോഴും ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിന്റെ തലത്തിൽ പരിശോധിക്കുമ്പോൾ നിരവധി പരിമിതികൾ കാണാൻ കഴിയും

<u>അടിസ്ഥാന മൂല്യങ്ങളിലെ ചോർച്ച</u>

- സുതാര്യത, ജനപങ്കാളിത്തം, ജനങ്ങളോടുള്ള ഉത്തരവാദിത്വം എന്നിവയാണ് ജനാധിപത്യ വികേന്ദ്രീകരണത്തിന്റെയും, വികേന്ദ്രീകൃത ആസൂത്രണത്തിന്റെയും അടിസ്ഥാന മൂല്യങ്ങൾ. സമൂഹത്തിന്റെ സൂക്ഷ്മ തലത്തിലുള്ള ജനാധിപത്യവത്കരണം അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. എന്നാൽ ഇത് ക്രമേണ ചിത്രത്തിൽ നിന്ന് മാറുന്ന സ്ഥിതി സംജാതമായി. ജനപങ്കാളിത്തത്തിന്റെ വേദികളായ ഗ്രാമസഭകൾ, വാർഡ് സഭകൾ എന്നിവ ആദ്യ അഞ്ച് വർഷത്തിന് ശേഷം ഔദ്യോഗിക നടപടിക്രമങ്ങൾ പാലിക്കുന്നതിന് മാത്രമുള്ള ഉപകരണാത്മക വേദികൾ ആയി മാറി. അവയുടെ രൂപീകരണത്തിൽ ഉള്ളടങ്ങിയ ജനാധിപത്യ മൂല്യങ്ങൾ അവഗണിക്കപ്പെട്ടു. കേരളത്തിലെ ഗ്രാമസഭകളുടെ ഘടനയ്ക്കും ഇതിൽ പങ്കുണ്ട് എന്ന് പറയാം.
- അധികാര വികേന്ദ്രീകരണം എന്നത് അധികാരത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിവരേയും, ജന പ്രതിനിധികൾ വരേയും വികേന്ദ്രീകരിക്കുക എന്ന നില വന്നു. അതിന് താഴേക്കുള്ള ജനാധിപത്യവത്കരണം സ്വാഭാവികമായും തടയപ്പെട്ടു. ജനകീയാസൂത്രണ കാലത്ത് അവതരിപ്പിക്കപ്പെട്ട അയൽക്കൂട്ടങ്ങളെന്ന ആശയം ക്രമേണ അപ്രത്യക്ഷമായി. പിന്നീട് വന്ന അയൽസഭകളും വേര് പിടിച്ചില്ല. എന്നാൽ തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെടാത്ത മധ്യഉപരിവർഗ്ഗ സംഘടനാരൂപമായ റെസിഡന്റ്സ് അസോസിയേഷനുകൾ ഇതേ കാലഘട്ടത്തിൽ ശക്തമായി എന്ന വൈരുദ്ധ്യവും നാം കാണാതെ പോകരുത്.
- തദ്ദേശ വികസനത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും താരതമ്യേന ദുർബലമായി. മരാമത്ത് പണികൾ ഗുണഭോക്തൃസമിതികളിൽ നിന്ന് കരാറുകാരിലേക്ക് മാറ്റി. ഗുണഭോക്തൃസമിതികളെ നിരീക്ഷക റോളിലെങ്കിലും നിലനിർത്താൻ ഉണ്ടായിരുന്ന സാധ്യതകൾ

ബോധപൂർവ്വം അവഗണിക്കപ്പെട്ടു. പൊതുമരാമത്ത് പണികളുടെ സുതാര്യത ഉറപ്പാക്കാൻ ഉണ്ടായിരുന്ന പണി സ്ഥലത്തെ ബോർഡുകൾ, സോഷ്യൽ ഓഡിറ്റ് നിർദ്ദേങ്ങൾ എന്നിവ കാലക്രമത്തിൻ വിസ്മൃതിയായി.

- തദ്ദേശ വികസനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പങ്ക് ശക്തമായി. അദൃശ്യമായ ജനപ്രതിനിധി – ഉദ്യോഗസ്ഥ – കരാറുകാർ കൂട്ട്കെട്ട് പ്രാദേശികതലത്തിൽ വളർന്നുവന്നു. ഇതിനെ പ്രതിരോധിക്കാവുന്ന തരത്തിലേക്ക് സുതാര്യത ഉറപ്പാക്കാനുള്ള സംവിധാനങ്ങളെ വ്യവസ്ഥാപിതമാക്കാൻ അധികാര വികേന്ദ്രീകരണ പ്രകീയയ്ക്ക് കഴിയാതെ പോയി.
- അറിയാനുള്ള അവകാശ നിയമം 2005ൽ നിലവിൽ വരുന്നതിന് മുൻപേ തന്നെ അറിയാനുള്ള അവകാശം 1994ലെ ഭേദഗതിയിലൂടെ തദ്ദേശ സ്ഥാപനങ്ങളിൽ ഉറപ്പാക്കപ്പെട്ടിരുന്നു, എന്നാൽ വളരെ പരിമിതമായി മാത്രമേ കേരളത്തിൽ ഈ സാദ്ധ്യത ഉപയോഗിക്കപ്പെട്ടുള്ളൂ. അഴിമതിയും, ക്രമക്കേടുകളും തടയാൻ ഉണ്ടായിരുന്ന ഓംബുഡ്സ്മാൻ , ട്രൈബ്യൂണൽ സംവിധാനങ്ങൾ കാലക്രമത്തിൽ ദുർബലമാക്കപ്പെട്ടു.
- ജനങ്ങളോട് ഉത്തരവാദിത്വം പുലർത്തുന്ന ഭരണ പ്രക്രീയയുടെ രീതിയിൽ ഭാഗികമായ ഘടകങ്ങൾ മാത്രമെ അംഗീകരിക്കപ്പെട്ടുള്ളൂ. ഫ്രണ്ട് ഓഫീസ് സംവിധാനം, അപേക്ഷക്കുള്ള രസീതികൾ എന്നിവ അവയൽ ചിലത് ആയിരുന്നു. എന്നാൽ ഗ്രാമസഭകളുടെ തീരുമാനങ്ങളുടെ നടത്തിപ്പ് റിപ്പോർട്ട് അവതരിപ്പിക്കൽ, പ്രകടന പത്രികയുടെ അടിസ്ഥാനത്തിൽ ഭരണ സമിതികളുടെ പെർഫോമൻസ് റിപ്പോർട്ട് വർഷാ വർഷം പൊതുജന വേദികളിൽ അവതരിപ്പിക്കൽ എന്നിവ ഉണ്ടായില്ല.

ഘടനാപരമായ പരിമിതികൾ

- അധികാര വികേന്ദ്രീകരണത്തിന്റെ ക്രമാനുഗതമായ വികാസത്തിന് തടസ്സമാകുന്ന തരത്തിൽ നിരവധി ഘടനാപരമായ പ്രശ്നങ്ങൾ രൂപപ്പെട്ടു. പുരോഗമനപരമായ നിലപാടിൽ നിന്ന് പരിശോധിക്കുമ്പോൾ ഇതെല്ലാം അതത് കാലത്തെ നിയമപരിഷ്ക്കരണങ്ങളിലൂടെ മറികടക്കാവുന്നവ ആയിരുന്നു. എന്നാൽ അത്തരം അടിസ്ഥാന പരിഷ്കരണങ്ങൾക്കുള്ള ശ്രമങ്ങൾ 1999 ന് ശേഷം ഉണ്ടായില്ല.

ജില്ലാ തല ഭരണ സംവിധാനങ്ങൾ

- ജില്ലാ പഞ്ചായത്ത് എന്നത് നിലവിലെ അവസ്ഥയിൽ ഒരു ജില്ലയെ പ്രതിനിധീകരിക്കുന്ന ഒന്നല്ല. നഗര പ്രദേശങ്ങൾ അവയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു. ജില്ലയെ മുഴുവൻ ഉൾക്കൊള്ളുന്ന സമഗ്രമായ ജില്ലാ പദ്ധതി എന്ന ആശയത്തിന് ഇത് പരിമിതികൾ സൃഷ്ടിക്കുന്നു. 1989 മുതൽ 1991 വരെ കേരളത്തിൽ നില നിന്നിരുന്ന ജില്ലാ കൗൺസിൽ സംവിധാനം ആണ് ഈ പശ്ചാത്തലത്തിൽ അഭികാമ്യം, എന്നാൽ ഇത്തരം അടിസ്ഥാന ചർച്ചകൾ കേരളത്തിൽ ഉയർന്നു വരുന്നില്ല.
- ജില്ലാ ആസൂത്രണ സമിതി നിലവിൽ അതിൽ നിക്ഷിപ്തമായ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് പര്യാപ്തമായാ ഘടനയിൽ ഉള്ള ഒന്നല്ല. അതിൽ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, നഗര തദ്ദേശ സ്ഥാപന പ്രതിനിധികൾ എന്നിവരുടെ പങ്കാളിത്തം കൂടുതലും, വിവിധ വിഷയങ്ങളിൽ വൈദഗ്ദ്യം ഉള്ള അംഗങ്ങളുടെ പ്രാതിനിധ്യം കുറവും ആണ്. ഇത് ജില്ലയിലെ മുഴുവൻ തദ്ദേശസ്ഥാപനങ്ങളുടേയും പദ്ധതികൾ പരിശോധിച്ച് അനുമതി നൽകുക എന്ന അതിന്റെ അടിസ്ഥാന ഉത്തരവാദിത്വം ഫലപ്രദമായി നിർവ്വഹിക്കുന്നതിന് തടസ്സമായി വർത്തിക്കുന്നു.

സ്റ്റാന്റിംഗ് കമ്മറ്റികളുടെ പുന സംഘാടനം

- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സ്റ്റാന്റിംഗ് കമ്മറ്റികളിൽ കാലാനുസൃതമായ നിരവധി മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. എങ്കിലും കേരളത്തിൽ ദുരന്തങ്ങൾ നിരന്തരം ആവർത്തിക്കുന്ന പശ്ചാത്തലത്തിൽ ദുരന്ത മാനേജ്മെൻറിന് ഒരു പ്രത്യേക സംവിധാനം ഇല്ലാത്തത് ഫലപ്രദമായ ഇടപെടലിന് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.
- വിദ്യാഭ്യാസത്തിന് മാത്രം പഞ്ചായത്ത് തലത്തിൽ ഒരു സ്റ്റാന്റിംഗ് കമ്മറ്റി ഉണ്ടാകുന്നത് നിലവിലെ അവസ്ഥയിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് ആരോഗ്യ, മാലിന്യ സംസ്കരണ വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഗ്രാമ – ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ സഹായിച്ചേക്കും ഇത്തരത്തിൽ ജോലി ഭാരം, ചുമതലയുള്ള വിഷയങ്ങൾ എന്നിവയെ പരിഗണിച്ച് സ്റ്റാന്റിംഗ് കമ്മറ്റികളെ പുന സംഘടിപ്പിക്കുന്നത് നന്നാവും

ഗ്രാമസഭകളുടെ പുന സംഘാടനം

- ഭരണഘടന ഭേദഗതി പ്രകാരം ഒരു പഞ്ചായത്തിനെ മുഴുവൻ പ്രതിനിധീകരിക്കുന്ന ഒന്നാണ് ഗ്രാമസഭ എന്നാൽ കേരളത്തിൽ വാർഡ് സഭകളെയാണ് ഗ്രാമസഭകൾ ആയി പരിഗണിക്കുന്നത്. പഞ്ചായത്ത് തലത്തിൻ ജനപങ്കാളിത്തം ഉള്ള ഒരു വേദി തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിക്ക് പുറത്ത് ഉണ്ടാകുമ്പോൾ മാത്രമെ തദ്ദേശ സ്ഥാപനത്തെ മൊത്തത്തിൽ കണ്ടു കൊണ്ടുള്ള ജനാധിപത്യപരമായ ഒരു സംവിധാനം സാദ്ധ്യമാകൂ. നിലവിലെ വികസന സെമിനാർ അത്തരം ഒരു സംവിധാനം ആണെങ്കിലും അതിന് നിയമപരമായ അംഗീകാരം ഇല്ല. അതിനാൽ നിയമപരമായ അംഗീകാരമുള്ള , നിയമ സാധുതയുള്ള ഒരു സംവിധാനത്തെ കുറിച്ച് ആലോചിക്കണം.

കൈമാറിയ അധികാരങ്ങളിലെ പരിമിതികൾ

- അധികാര വികേന്ദ്രീകരണത്തിൻ്റെ ഭാഗമായി കൈമാറിയ സ്ഥാപനങ്ങളുടേയും, ഉദ്യോഗസ്ഥരുടേയും കാര്യത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് കാൽ നൂറ്റാണ്ടിനു ശേഷവും പരിമിതമായ നിയന്ത്രണ അധികാരങ്ങൾ മാത്രമെ ഉള്ളൂ. ഈ സ്ഥാപനങ്ങൾ എല്ലാം ഇപ്പോഴും വകുപ്പു തല സ്ഥാപനങ്ങൾ തന്നെയായി തുടരുന്നു.
- തദ്ദേശ സ്ഥാപനങ്ങൾക്ക് ചുമതലകൾ കൈമാറിയ അതേ മേഖലകളിൽ, അവർ ചെയ്യുന്ന അതേ പ്രവർത്തനങ്ങൾ വകുപ്പുതലത്തിലും ആവർത്തിക്കുന്നു. വകുപ്പു പ്രവർത്തനങ്ങളുടെ നടത്തിപ്പുകാർ ആയി ഉദ്യോഗസ്ഥർ തുടരുന്നത് തദ്ദേശ സ്ഥാപനങ്ങളുടെ ആസൂത്രണ – നിർവഹണ ശേഷിയെ ബാധിക്കുന്നു.
- തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയ മേഖലകളിലെ വകുപ്പുകളിലും അവയുടെ ചുമതലകളിലും ഈ പശ്ചാത്തലത്തിൽ സമഗ്ര പരിഷ്കരണം ആവശ്യമാണ്. ഇക്കാര്യം സംസ്ഥാന ഭരണ പരിഷ്കാര കമ്മീഷൻറെ പരിഗണനയിൽ വരേണ്ടതാണ്.

അധികാരങ്ങൾ പുനർനിർണ്ണയിക്കുന്നതിലെ പരിമിതികൾ

- 1999ൽ ആണ് സംസ്ഥാനത്തെ പഞ്ചായത്തി രാജ് , നഗരപാലിക നിയമം സമഗ്രമായി പരിഷ്കരിക്കപ്പെട്ടത്. അതിന് ശേഷം രണ്ട് ദശകം പിന്നിട്ടിട്ടും തദ്ദേശ സ്ഥാപനങ്ങളുടെ അധികാരങ്ങളിൽ അടിസ്ഥാനപരമായ വിപുലീകരണം നടത്തുന്നതിനുള്ള നിയമപരമായ ശ്രമങ്ങൾ ഉണ്ടായിട്ടില്ല.പ്രകൃതിവിഭവങ്ങളുടെ വിനിയോഗം, തലീയ ആസൂത്രണം ഭൂ വിനിയോഗം, ദുരന്ത മാനേജ്മെൻറ് തുടങ്ങിയ കാര്യങ്ങളിലൊക്കെ തന്നെ പരിമിതമായ അധികാരങ്ങൾ മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളത്.

വികസന ആസൂത്രണത്തിലെ പരിമിതികൾ

- വികസന ആസൂത്രണം എന്നതിനെ ശാസ്ത്രീയമായ ഒരു വീക്ഷണകോണിലൂടെ സമീപിക്കുന്നതിൽ പ്രാദേശിക വികസനത്തിന് ഏറെ പരിമിതികൾ ഉണ്ടായിട്ടുണ്ട്

ചടങ്ങായി മാറിയ ആസൂത്രണ പ്രക്രീയ

- പ്രാദേശിക ആസൂത്രണ പ്രക്രിയയുടെ ഗൗരവവും പങ്കാളിത്തവും ക്രമാനുഗതമായി ചോർന്നു. പ്ലാൻ ക്ലർക്ക്, ജനപ്രതിനിധികൾ, ചുരുക്കം ഉദ്യോഗസ്ഥർ എന്നിവരിലേക്ക് അത് ചുരുങ്ങുന്ന സ്ഥിതി വന്നു. നൂതന ആശയങ്ങളും പദ്ധതികളും കുറഞ്ഞു. കർമ്മസമിതികൾ യാന്ത്രികമായി പ്രവർത്തിക്കുന്ന അവസ്ഥ സംജാതമായി.

സുസ്ഥിര വികസന സമീപനത്തിന്റെ അഭാവം

- ജനകീയാസൂത്രണത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് അനുസൃതമായി ഒരു സുസ്ഥിരവികസന സമീപനം പിന്തുടരാൻ ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടില്ല.
- പ്രദേശിക ഉൽപ്പാദനത്തെ ശക്തിപ്പെടുത്തുക, പ്രാദേശിക തൊഴിലുകൾ സൃഷ്ടിക്കുക അതുവഴി പ്രാദേശിക സമ്പദ് വ്യവസ്ഥയെ ശക്തമാക്കുക എന്ന തദ്ദേശ ആസൂത്രണത്തിന്റെ ഊന്നൽ ക്രമത്തിൽ നഷ്ടമായി. റോഡുകൾ, കെട്ടിടങ്ങൾ തുടങ്ങിയ നിർമ്മാണ പ്രവർത്തങ്ങൾക്ക് ഊന്നൽ കൈവന്നു. കാർഷിക, മൃഗ സംരക്ഷണ മേഖലയിലെ പദ്ധതികൾ ദീർഘകാല സമീപനം ഇല്ലാത്ത വിതരണ പദ്ധതികളിലേക്ക് ചുരുങ്ങി.
- പ്രാദേശിക ഉത്പാദന പ്രക്രിയയെ ശക്തിപ്പെടുത്താൻ ആസൂത്രിത ശ്രമം ഉണ്ടായില്ല

അവഗണിക്കപ്പെട്ട പരിസ്ഥിതി സുരക്ഷ

- സുസ്ഥിര വികസനാസൂത്രണത്തിൽ പരിസ്ഥിതിക്ക് ഉള്ള പങ്ക് താരതമ്യേന അവഗണിക്കപ്പെട്ടു തണ്ണീർ തടങ്ങൾ, ജലനിർഗ്ഗമനചാലുകൾ, എന്നിവയുടെ സംരക്ഷണം വികസന ആസൂത്രണത്തിന്റെ ഭാഗമായില്ല. തനത് പ്രകൃതി വിഭവ സമ്പത്ത് സംരക്ഷിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടായില്ല. ദുരന്തങ്ങളുടെ പ്രാദേശിക ആഘാതം വർദ്ധിപ്പിക്കുന്നതിൽ ഇതും പങ്ക് വഹിച്ചു.

സേവന ഗുണതയിലെ മുരടിപ്പ്

- പഞ്ചായത്ത് , മുനിസിപ്പൽ , കോർപ്പറേഷൻ ഓഫീസുകളിൽ നിന്ന് നൽകുന്ന സേവനങ്ങളുടെ വേഗത വർദ്ധിച്ചുവെങ്കിലും കൈമാറിയ സ്ഥാപനങ്ങളുടെ സേവന ഗുണതയിൽ കാര്യമായ മാറ്റം വന്നില്ല. തദ്ദേശ സ്ഥാപനത്തിന് കീഴിൽ ബന്ധപ്പെട്ട മേഖലയിലെ പ്രാദേശിക വികസന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായി മാറാൻ ഇവയ്ക്കായില്ല. സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിൽ ഉണ്ടായ മെച്ചപ്പെടൽ സേവേനഗുണത ഉയർത്തുന്നതിലേക്ക് വളർന്നില്ല. ആരോഗ്യ രംഗത്ത് മാത്രമാണ് മെച്ചപ്പെട്ട മാറ്റം ദൃശ്യമായത്. വിദ്യാഭ്യാസം, മൃഗസംരക്ഷണം, കൃഷി തുടങ്ങിയ മേഖലകളിൽ കാര്യമായ ചലനങ്ങൾ ഉണ്ടായില്ല

വിവരാധിഷ്ഠിത ആസൂത്രണത്തിന്റെ കുറവ്

- പ്രാദേശിക ആസൂത്രണ പ്രക്രിയ ആരംഭിച്ച് 25 വർഷം പിന്നിട്ടിട്ടും അടിസ്ഥാന ഡാറ്റകളെ അധിഷ്ഠിതമാക്കിയുള്ള ഒരു ആസൂത്രണ പ്രക്രീയ ഉണ്ടായിട്ടില്ല. വികസനാവസ്ഥയെ കുറിച്ചോ, വിവിധവികസന മേഖലകളെ കുറിച്ചോ ഉള്ള ഒരു സമഗ്ര വിവര ശേഖരണ സംവിധാനം തദ്ദേശ സ്ഥാപന തലങ്ങളിൽ ഇല്ല. വിവിധ വകുപ്പുകൾ ശേഖരിക്കുന്ന വിവരങ്ങളെ തദ്ദേശ സ്ഥാപന തലത്തിൽ ഏകോപിപ്പിക്കുന്നില്ല. ജി.ഐ.എസ്. ഉൾപ്പെടെയുള്ള ആധുനീക സാങ്കേതിക വിദ്യകളെ സ്ഥലീയ ആസൂത്രണത്തിനോ, പ്രാദേശിക ആസൂത്രണത്തിനോ ഉപയോഗിക്കാവുന്ന തരത്തിൽ ആസൂത്രണ പ്രക്രിയയെ കാലാനുസൃതമാക്കാൻ ആയിട്ടില്ല.

ആസൂത്രണ സംവിധാനങ്ങളുടെ ശേഷി വികസനം

- സാങ്കേതികമായി യോഗ്യരായ ഉദ്യോഗസ്ഥ ശൃംഖല തദ്ദേശ സ്ഥാപനങ്ങളുടെ വിവിധ തട്ടുകളിൽ ഉണ്ടെങ്കിലും അവരുടെ സാങ്കേതിക ശേഷി പദ്ധതി ആസൂത്രണ- നിർവഹണത്തിൽ പ്രകടിക്കപ്പെടുന്നില്ല. വകുപ്പു പദ്ധതിയുടെ നടത്തിപ്പുകാർ എന്ന തലത്തിൽ നിന്ന് പ്രാദേശിക ആസൂത്രണ വിദഗ്ദർ എന്ന നിലയിലേക്ക് ഇവർ പരിവർത്തനപ്പെടുന്നില്ല.

പ്രത്യേക ഘടകപദ്ധതികളുടെ നടത്തിപ്പും, പാർശ്വവല്കൃത വിഭാഗങ്ങളും

- പട്ടികജാതി ഘടകപദ്ധതി, പട്ടിക വർഗ്ഗ ഉപ പദ്ധതി എന്നിവയുടെ നടത്തിപ്പ് ആദ്യ ഘട്ടത്തിലെ നേട്ടങ്ങൾക്ക് അപ്പുറത്തേക്ക് ഉയർത്താൻ സാധിച്ചിട്ടില്ല. പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന ജീവിത സാഹചര്യങ്ങളെ മെച്ചപ്പെടുത്താനായെങ്കിലും അവരുടെ അതിജീവന പദ്ധതികൾ ഫലപ്രദമായി ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ആയിട്ടില്ല.
- അവരുടെ ചരിത്രപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാവുന്ന തരത്തിൽ തൊഴിൽ, വിദ്യാഭ്യാസ അവസരങ്ങൾ മെച്ചപ്പെടുത്താൻ ഭാവനാപൂർണ്ണമായ പദ്ധതികൾ ഉണ്ടായില്ല.

സ്ത്രീശാക്തീകരണ ശ്രമങ്ങളും വനിതാ ഘടക പദ്ധതിയും

- കുടുംബ ശ്രീ പദ്ധതി സ്ത്രീകളുടെ ശാക്തീകരണത്തിൽ നിർണ്ണായക പങ്ക് വഹിച്ചുവെങ്കിലും വനിതാ ഘടക പദ്ധതി നടത്തിപ്പ് താരതമ്യേന ഗുണകരമായ ഫലങ്ങൾ ഉണ്ടാക്കിയില്ല. സ്ത്രീകൾ വിവിധ വികസന മേഖലകളിൽ നേരിടുന്ന വിവേചനങ്ങൾ വിലയിരുത്തി ഇവയെ മറികടക്കുന്ന പ്രദേശിക വികസന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിൽ ഭൂരിഭാഗം വരുന്ന തദ്ദേശ സ്ഥാപനങ്ങളും പരാജയപ്പെട്ടു.

പ്രാദേശിക ആസൂത്രണ പ്രക്രിയയിലെ പുതു തലമുറയുടെ പങ്കാളിത്തം

- യുവതീ, യുവാക്കൾ, ചെറുപ്പക്കാരായ പ്രൊഫഷണലുകൾ എന്നിവരുടെ പങ്കാളിത്തം പ്രാദേശിക ആസൂത്രണത്തിന്റെ ചിന്താ പ്രക്രീയക്ക് അകത്തും, നടത്തിപ്പിലും കൊണ്ടുവരാൻ കാര്യമായ ശ്രമങ്ങൾ ഉണ്ടായില്ല. ഇത് ആസൂത്രണത്തിന്റെ നവീനവത്കരണത്തെ വല്ലാതെ ബാധിച്ചു.

പ്രാദേശിക സർക്കാരുകളുടെ സ്വയംഭരണ അവകാശം

- തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമായ സ്വയം ഭരണ ശേഷി ഘട്ടംഘട്ടമായി വികസിക്കുമ്പോൾ ആണ് അവക്ക് യഥാർത്ഥ പ്രാദേശിക സർക്കാരുകൾ എന്ന തലത്തിലേക്ക് ഉയരാൻ കഴിയുക. ഇതിനാകട്ടെ സത് ഭരണത്തിന്റെ ഒരു പൊതു ആശയ ഘടനക്കുള്ളിൽ നിന്ന് അവർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയണം .എന്നാൽ ഇതിന് വിരുദ്ധമായി അവരുടെ സ്വയം ഭരണാവകാശം ക്രമാനുഗതമായി കുറയുന്ന പ്രവണത ജനകീയാസൂത്രണത്തിന്റെ ആദ്യ അഞ്ച് വർഷങ്ങൾക്ക് ശേഷം ശക്തമായി.

വർദ്ധിക്കുന്ന എജൻസി സ്വഭാവം

- അതത് പ്രദേശത്തെ വികസന പ്രശ്നങ്ങൾ നിരിച്ചറിഞ്ഞ്, മുൻഗണനകൾ നിശ്ചയിച്ച്, അതിന് അനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ട തദ്ദേശ സ്ഥാപനങ്ങൾ വർദ്ധിതമായ തോതിൽ കേന്ദ്രീകൃതമായി ആസൂത്രണം ചെയ്ത പദ്ധതികളുടെ നടത്തിപ്പുകാർ ആകുന്ന അവസ്ഥ വർദ്ധിച്ചു വന്നു. സർക്കാർ പദ്ധതികളുടെ നടത്തിപ്പുകാർ എന്നത് സ്വയംഭരണ അവകാശത്തെ ചുരുക്കി കൊണ്ടുവരാൻ കാരണമായി. സർക്കാർ നിർദേശിക്കുന്ന പദ്ധതികൾക്ക് അധിക വിഹിതം നൽകാതെ അവരുടെ പദ്ധതി വിഹിതത്തിൽ നിന്ന് നീക്കി വക്കാനുള്ള നിർദ്ദേശം സ്വതന്ത്രമായ ആസൂത്രണശേഷിയെ ബാധിച്ചു.

അധികാരങ്ങൾ തിരിച്ചെടുക്കുന്ന ഉത്തരവുകൾ

- വിവിധ വകുപ്പുകളിൽ നിന്ന് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരങ്ങൾ ഉത്തരവുകളിലൂടെ തിരിച്ചെടുക്കുന്ന നിരവധി സന്ദർഭങ്ങൾ ഉണ്ടായി. ഉദ്യോഗസ്ഥർ ഗ്രാമസഭകളിൽ പങ്കെടുക്കുന്നതിന് പോലും വിലക്കുകൾ ഉണ്ടായി.
- തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയ മേഖലകളിലെ സമാന്തര പദ്ധതികളും മുൻപത്തേ പോലെ തന്നെ തുടർന്നു.

സ്ഥാപന ഏകോപനത്തിന്റെ അഭാവം

- തദ്ദേശ സ്ഥാപനങ്ങളമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളെ സംസ്ഥാന തലത്തിൽ എകോപിക്കാൻ ശ്രമിച്ചത് പോലെ തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപിക്കാനുള്ള ശ്രമങ്ങൾ ഉണ്ടായില്ല

ഉദ്യോഗസ്ഥരുടെ ഇരട്ട നിയന്ത്രണം

- തദ്ദേശസ്ഥാപനങ്ങക്ക് കീഴിൽ വരുന്ന ഉദ്യോഗസ്ഥരുടെ മേലുള്ള വകുപ്പുതല നിയന്ത്രണങ്ങൾ ശക്തമായി തുടർന്നു. അവരുടെ സർവ്വീസ് നിയന്ത്രിക്കുന്നതിനുള്ള പേഴ്സണൽ രജിസ്റ്റർ പോലുള്ള കാര്യങ്ങളിലെ നിയന്ത്രണം ഉൾപ്പെടെ നിർണ്ണായകമായ അധികാരങ്ങൾ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയില്ല. തദ്ദേശ സ്ഥാപനങ്ങൾക്ക് ഉദ്യോഗസ്ഥരുടെ മേലുള്ള നിയന്ത്രണം ഫലത്തിൽ കടലാസ്സിൽ ഒതുങ്ങി.

വിഭവ സമഹാരണത്തിലെ തടസങ്ങൾ

- തദ്ദേശ സ്ഥാപനങ്ങളുടെ നികുതിഘടനയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായില്ല. അവർക്ക് ശേഖരിക്കാവുന്ന പുതിയ നികുതി, നികുതി ഇതര വരുമാനത്തിനുള്ള അധികാരങ്ങൾ നൽകപ്പെട്ടില്ല. ഇത് അവരുടെ പ്രവർത്തന സ്വാതന്ത്ര്യത്തെയും സ്വയംഭരണാവകാശത്തെയും ബാധിച്ചു.

മാറ്റമില്ലാത്ത രാഷ്ട്രീയ സംസ്കാരം

- പ്രാദേശിക വികസനത്തിന് അനുസൃതമായ രാഷ്ട്രീയ സംസ്കാരം വളർന്നുവന്നില്ല, കേന്ദ്ര – സംസ്ഥാന ഭരണം പോലെ രാഷ്ട്രീയ അജണ്ട ആകേണ്ട ഒന്നാണ് പ്രാദേശിക ഭരണം എന്ന തോന്നൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഉള്ളിൽ വളർന്നില്ല. തിരഞ്ഞെടുപ്പ് ഘട്ടങ്ങളിൽ ഒഴികെ പ്രദേശിക വികസനം ചർച്ചയായില്ല.
- പ്രാദേശിക വികസനത്തെ ഫലപ്രദമായി നയിക്കേണ്ട ഭരണ സമിതികൾ അതിനെ ഗൗരവപ്പെട്ട രാഷ്ട്രീയ അജണ്ടയായി കാണുന്നതിനെ ഈ ലാഘവ പൂർണ്ണമായ സമീപനം തടസ്സങ്ങൾ സൃഷ്ടിച്ചു.
- പ്രാദേശിക ഭരണ സമിതിയുടെയും, ജന പ്രതിനിധികളുടേയും പ്രകടനം ശാസ്ത്രീയമായി കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതിന് കാര്യമായ ശ്രമങ്ങൾ ഉണ്ടായില്ല.
- ഭരണത്തിന്റെ കാര്യക്ഷമത കുറയുന്നതിനും പ്രാദേശിക വികസനത്തിലെ സാമ്പത്തിക ക്രമക്കേടുകൾ വർദ്ധിക്കുന്നതിനും ഇത് കാരണമായി

ആസൂത്രിതമല്ലാത്ത നഗര വികസനം

- ദീർഘകാല ലക്ഷ്യങ്ങൾ ഉള്ള മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ നഗരവികസന പ്രവർത്തനങ്ങൾ നടത്താൻ കോർപ്പറേഷനുകൾക്കും , മുനിസിപ്പാലിറ്റികൾക്കും കഴിഞ്ഞിട്ടില്ല. വലിയ നഗരങ്ങളിൽ ഉള്ള സമാന്തര നഗര വികസന അതൊരിറ്റികൾ തദ്ദേശ സ്ഥാപനങ്ങൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ സമാന്തരമായി ചെയ്യുന്നു. സമഗ്ര നഗരവികസന മാസ്റ്റർ പ്ലാൻ ഉള്ള കൊച്ചി പോലുള്ള നഗരങ്ങളിൽ പോലും അത് നടപ്പാക്കപ്പെടുന്നില്ല.
- നഗര ആസുത്രണ വകുപ്പ് പങ്കാളിത്ത വികസന പദ്ധതികൾക്ക് ചില മാതൃകകൾ ഉണ്ടാക്കിയെങ്കിലും അതിനെ ഒരു പൊതു സമീപനമാക്കി മാറ്റാൻ ആയിട്ടില്ല.
- നിയതമായ മാനദണ്ഡങ്ങൾ പിന്തുടരാതെ, ആവശ്യമായ സമയം നൽകാതെ പെട്ടെന്ന് മുനിസിപ്പാലിറ്റികൾ ആയി മാറുന്ന നഗരങ്ങൾ പിന്നീട് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ വളർച്ചയുടെ പരിമിതികൾ നേരിടുന്നു.

പരിശീലന സംവിധാനങ്ങളിൽ മനുഷ്യ വിഭവ ശേഷിയുടെ പരിമിതി

- വികേന്ദ്രീകരണത്തിന്റെ കാൽ നൂറ്റാണ്ടിന് ശേഷവും പരിശീലന സ്ഥാപനമായ കിലയുടെ മാനവ വിഭവ ശേഷി പരിമിതമാണ്. ഇത് ആവശ്യമായ പഠന ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ

പരിശീലന മേഖലകൾ, പരിശീലന ഉള്ളടക്കം എന്നിവ ആസുത്രണം ചെയ്യുന്നതിന് കിലയ്ക്ക് പരിമിതികൾ സൃഷ്ടിക്കുന്നു.

മുൻപോട്ടുള്ള ദിശ

- സുസ്ഥിര വികസനം, സാമൂഹിക നീതി, ജനാധിപത്യവത്കരണം ജനങ്ങളോടുള്ള ഉത്തരവാദിത്വം , സേവനഗുണത എന്നീ അടിസ്ഥാന പ്രമാണങ്ങളിൽ ഊന്നിയ ഒരു വികസന സമീപനം ആണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാവേണ്ടത്. നിരന്തരമായി അവരുടെ സ്വയംഭരണ അവകാശവും പ്രവർത്തനശേഷിയും വികസിപ്പിക്കാനുള്ള ഇടപെടലുകൾ കേരളത്തിൽ ഉണ്ടാകണം. യഥാർഥത്തിൽ പ്രാദേശിക സർക്കാരുകൾ ആയി മാറാൻ അവർക്ക് കഴിയണം
- ഈ പൊതു ദിശയിൽ നിന്ന് കൊണ്ട് താഴെ പറയുന്ന ഇടപെടലുകൾ കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രക്രീയ ശക്തിപ്പെടുത്താൻ ഉണ്ടാകണം

ജനപങ്കാളിത്തവും സുതാര്യതയും ശക്തിപ്പെടുത്തുക

- ജന പങ്കാളിത്തത്തിന്റെ വേദികളെ ശക്തിപ്പെടുത്തണം. ഗ്രാമസഭകൾക്ക് താഴെ അയൽസഭ / അയൽകൂട്ടം സംവിധാനങ്ങൾ നിയമപരമാക്കണം. അയൽസഭകളുടെ പങ്കാളിത്തം ഉള്ള ഒരു പഞ്ചായത്ത് തല സഭ / തദ്ദേശ സ്ഥാപന സഭ എന്ന നിലയിൽ ഒരു ഗ്രാമ സഭ സംവിധാനം ഉണ്ടാകണം. നിലവിലെ ഗ്രാമസഭകളെ വാർഡ്സഭകളായി കാണണം. തദ്ദേശ സ്ഥാപനതല ഗ്രാമസഭകൾക്ക് വർദ്ധിതമായ അധികാരങ്ങൾ നിയമപരമായി നൽകണം. അവയുടെ നീരുമാനങ്ങൾ ഭരണ സമിതികൾക്ക് ബാധകമാകണം.
- നിർമ്മാണ പ്രവർത്തങ്ങൾ നടക്കുന്ന ഇടങ്ങളിൽ ജനകീയ സോഷ്യൽ ഓസിറ്റ് സമിതികൾ ഉണ്ടാകണം.തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണം, സോഷ്യൽ ഓഡിറ്റ് സംവിധാനം നിയമപരമായ ഒന്നാക്കി മാറ്റണം സോഷ്യൽ ഓഡിറ്റ് സമിതികളുടെ റിപ്പോർട്ടുകൾ വാർഡ് സഭകളിലും, സ്ഥാപനതല ഗ്രാമസഭകളിലും അവതരിപ്പിക്കണം. വാർഡ് സഭളിലും, ഗ്രാമസഭകളിലും മുൻ യോഗങ്ങളുടെ തീരുമാനങ്ങളിൽ എടുത്ത നടപടികളുടെ റിപ്പോർട്ട് അവതരിപ്പിക്കുന്നത് നിയമപരമായി നിർബന്ധിതമാക്കണം.
- ചെറുഷക്കാർ, തദ്ദേശ സ്ഥാപനത്തിന് പുറത്തുള്ള പ്രദേശവാസികൾ എന്നിവരുടെ ഇ-ജനസഭകൾ പ്രോത്സാനിപ്പിക്കണം
- തദ്ദേശ സ്ഥാപനങ്ങളമായി ബന്ധപ്പെട്ട പദ്ധതി വിവരങ്ങൾ, നികുതി വിവരങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, ഗുണഭോക്തൃ പട്ടിക എന്നിവ അവരുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം. ജനങ്ങൾക്ക് ഓൺലൈൻ വഴി വിവരാവകാശ അപേക്ഷ നൽകി മറുപടി ലഭ്യമാക്കാനുള്ള സൗകര്യം ഉണ്ടാക്കണം.
- തദ്ദേശ ഭരണ ഓംബുഡ്സ്മാൻ പങ്കാളിത്തം ഉയർത്തി ശാക്തീകരിക്കുകയും, അധികാര പരിധി ഉയർത്തുകയും വേണം.

ഘടനാപരമായ പരിഷ്ക്കാരങ്ങൾ

- മേൽ സൂചിപ്പിച്ചതുപോലെ തദ്ദേശ സ്ഥാപനത്തിന്റെ പ്രദേശത്ത് മുഴുവൻ പ്രാതിനിധ്യമുള്ള ഗ്രാമസഭ സംവിധാനം രൂപീകരിക്കണം.
- ജില്ലയിലെ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ പ്രദേശം എന്നിവയുടെ പ്രാതിനിധ്യം വരുന്ന രീതിയിൽ ജില്ലാ പഞ്ചായത്ത് പരിധി നിയമ ഭേദഗതിയിലൂടെ പുനസംഘടിപ്പിക്കണം
- ജില്ലാ ആസൂത്രണ സമിതിയിൽ ചുരുങ്ങിയത് 50 ശതമാനം വിദഗ്ധ പങ്കാളിത്തം നിയമപരമായി കൊണ്ടുവരണം.
- ജില്ലാ പഞ്ചായത്ത് സെക്രെട്ടറി കളക്ടർക്ക് തുല്യ പദവി ഉള്ള ഉദ്യോഗസ്ഥ ആവുകയും ജില്ലാ ആസൂത്രണ സമിതിയുടെ അധ്യക്ഷൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആവുകയും വേണം.

- പുതിയ കാലത്തിന്റെ ആവശ്യങ്ങൾക്ക് അനുസരിച്ച് സ്റ്റാന്റിംഗ് കമ്മറ്റികളുടെ എണ്ണം , അധികാരങ്ങൾ എന്നിവ വിവിധ തലങ്ങളിൽ പുനഃക്രമീകരിക്കണം.
- ദുരന്ത നിവാരണ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഈ പശ്ചാത്തലത്തിൽ പ്രസക്തമാണ്.
- പുതിയ പശ്ചാത്തലത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയ മേഖലകളിൽ വകുപ്പുകൾ ചെയ്യുന്ന പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തണം ഈ ചുമതലകൾ വകുപ്പുകളിൽ നിന്ന് എടുത്തുമാറ്റണം. ഈ തരത്തിൽ അധികാരവികേന്ദ്രീകരണം നടത്തി വകുപ്പുകൾ, ഉദ്യോഗസ്ഥ സംവിധാനം എന്നിവ പുനസംഘടിപ്പിക്കണം, ജില്ലാതലം വരെയുള്ള വകുപ്പ് സംവിധാനങ്ങളുടെ ഉത്തരവാദിത്വം അതത് തലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വികസന ആസൂത്രണ , നടത്തിപ്പ് ശേഷി മെച്ചപ്പെടുത്തൽ ആകണം. വകുപ്പുതല സമാന്തര പദ്ധതികൾ ഒഴിവാക്കണം.
- വില്ലേജ് ഓഫീസുകളുടെ നിയന്ത്രണം തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിൽ കൊണ്ടുവരണം,

വികസിപ്പിക്കേണ്ട സ്വയംഭരണ അവകാശം

- തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരുടെ നിയന്ത്രണം പൂർണ്ണമായും അവർക്ക് നൽകണം, ഉദ്യോഗസ്ഥരുടെ പേഴ്സണൽ രജിസ്റ്ററുകളിൽ അതത് തദ്ദേശ സ്ഥാപന അദ്ധ്യക്ഷർ ഒപ്പു വയ്ക്കണം
- തദ്ദേശ സ്ഥാപനങ്ങൾക്ക് അതാതിടത്തെ പ്രകൃതി വിഭവ വിനിയോഗം, ഭൂവിനിയോഗം, ജല സ്രോതസ്സുകളുടെ വിനിയോഗം, ഖനിജങ്ങളുടെ ഉപയോഗം എന്നിവയിൽ നീരുമാനം എടുക്കാനും, നിയന്ത്രിക്കാനും ഉള്ള വിപുലമായ അധികാരം നൽകണം.
- ഓരോ വികസന മേഖലയിലും തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരങ്ങൾ വിലയിരുത്തി കൂടുതൽ മേഖലകളിൽ പുതിയ അധികാരങ്ങൾ നൽകണം.
- തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്ന പദ്ധതി വിഹിതം സ്വന്തം തീരുമാന പ്രകാരം അതാതിടത്തെ വികസന ആസൂത്രണത്തിന് ഉപയോഗിക്കാനുള്ള സ്വയംഭരണ അവകാശം അവർക്ക് നൽകണം.
- സംസ്ഥാന സർക്കാരുകൾ തദ്ദേശ സ്ഥാപനങ്ങൾ വഴി നടത്തുന്ന കേന്ദ്രീകൃത പ്രവർത്തനങ്ങളുടെ അളവ് കുറച്ചു കൊണ്ടുവരണം. അത്യാവശ്യ ഘട്ടങ്ങളിൽ അതിനാവശ്യമായ ധന വിഭവം കൂടി പദ്ധതിവിഹിതത്തിന് പുറമെ നൽകണം.
- തദ്ദേശ സ്ഥാപനങ്ങളുടെ നികുതിഘടന, നികുതി നിരക്ക്, നികുതിയേതാര വരുമാന സ്രോതസുകൾ എന്നിവ സമഗ്രമായി പരിഷ്ക്കരിക്കണം, അവരുടെ തനത് വരുമാന ശേഷി വലിയ തോതിൽ ഉയർത്തണം

നിയമ പരിഷ്ക്കരണം

- വകുപ്പുകളുടെ പുനഃസംഘാടനം, പുതിയ അധികാരങ്ങൾ നൽകൽ, ഗ്രാമസഭകളുടെ പുനഃസംഘാടനം, സോഷ്യൽ ഓഡിറ്റ് സംവിധാനങ്ങളുടെ വ്യവസ്ഥാപനം, സ്ഥാപനങ്ങൾ ഉദ്യോഗസ്ഥർ എന്നിവയ്ക്ക് മേലുള്ള നിയന്ത്രണം വിപുലമായ തനത് വിഭവ ശേഖരണ അധികാരങ്ങൾ എന്നിവ ഉൾപ്പെടുത്തി പഞ്ചായത്ത് – മുനിസിപ്പൽ നിയമങ്ങൾ സമഗ്രമായി പരിഷ്ക്കരിക്കണം. വകുപ്പുതല മാനുവലുകളും ഇത്തരത്തിൽ പരിഷ്ക്കരിക്കണം.
- അധികാര വികേന്ദ്രീകരണത്തിന്റെ പുതിയ ആവശ്യങ്ങൾക്കനുസൃതമായി ഭൂവിനിയോഗ നിയമങ്ങൾ, ഖനന നിയമങ്ങൾ , ദുരന്ത നിവാരണ നിയമം, പൊതുജനാരോഗ്യ നിയമം, മാലിന്യ സംസ്കരണ നിയമങ്ങൾ കേരള വിദ്യാഭ്യാസ നിയമം, നഗരാസൂത്രണ നിയമങ്ങൾ എന്നിവ സമഗ്രമായി പരിഷ്ക്കരിക്കണം

സുസ്ഥിരവികസന സമീപനം

- തദ്ദേശ സ്ഥാപനങ്ങളുടെ വികസന ആസൂത്രണത്തിൽ പ്രാദേശിക ഉൽപ്പാദന വ്യവസ്ഥ ശക്തിപ്പെടുത്തൽ, പരിസ്ഥിതി സുരക്ഷാ കാർബൺ പാദമുദ്ര കുറഞ്ഞ വികസനം, പാർശ്വവത്കരുടെ അതിജീവനം എന്നിവ കേന്ദ്ര സ്ഥാനത്ത് വരണം.
- പ്രാദേശിക ഉൽപ്പാദനവും തൊഴിലും വർദ്ധിപ്പിച്ച് പ്രാദേശിക വികസനത്തിൻറെ വേഗത വർധിപ്പിക്കുവാൻ ആവണം, ഇതിനായി സഹകരണ മേഖല, കുടുംബ ശ്രീ, തൊഴിൽസേനകൾ, മുതലയവയെല്ലാം ചേർന്നുള്ള ഏകോപിത ആസൂത്രണം വേണം
- മാലിന്യ സംസ്കരണം, കൃഷി എന്നിവയെ സംയോജിപ്പിച്ചുള്ള സുസ്ഥിര വികസന പദ്ധതികൾ വികസിപ്പിക്കണം
- സ്ഥലീയ ആസൂത്രണം , പ്രദേശങ്ങളുടെ മേഖലവൽക്കരണം എന്നീ രീതികളിലൂടെ, സുസ്ഥിര വികസന ആസൂത്രണം സാധ്യമാവണം
- പരിസ്ഥിതി ആഘാതം വികസന ആസൂത്രണത്തിന്റെ കേന്ദ്ര സ്ഥാനത്ത് വരണം, പരിസ്ഥിതി അവലോകന രേഖകൾ തദ്ദേശ സ്ഥാപനതലത്തിൽ തയ്യാറാക്കുകയും അവയിൽ കണ്ടെത്തുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള പദ്ധതികൾ വികസന ആസൂത്രണത്തിന്റെ ഭാഗമാവുകയും വേണം.
- പ്രാദേശിക വികസനത്തിന് അനുയോജ്യമായ പരിസ്ഥിതി ആഘാത പഠനരീതികൾ വീകസിപ്പിക്കണം.
- ദളിത് ,ആദിവാസി വികസനത്തിന് വ്യക്തി, കുടുംബ ,ഊര്, അതിവാസമേഖല എന്നിവയിൽ അധിഷ്ഠിത വികസന പ്ലാനുകളും, ഉപജീവന പ്ലാനുകളും തയ്യാറാക്കണം. വെള്ളപ്പൊക്കം – ഉരുൾപൊട്ടൽ പോലുള്ള പ്രകൃതിദുരന്ത ഘട്ടങ്ങളെ സ്ഥിരമായി നേരിടേണ്ടിവരുന്ന ദളിത് – ആദിവാസി കുടുംബങ്ങളെ പുനരാധിവസിപ്പിക്കണം.
- സ്ത്രീകളുടെ ഓരോ പ്രദേശത്തെയും വികസനാവസ്ഥ നിശ്ചിത സൂചകങ്ങളുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തി അവയെ അധിഷ്ഠിതമാക്കി വികസന ലക്ഷ്യങ്ങളും പദ്ധതികളും തയ്യാറാക്കണം.
- വനിതാ ഘടകപദ്ധതി സമഗ്രമായി പരിഷ്ക്കരിക്കണം. സ്ത്രീകളുടെ വരുമാനം, തൊഴിൽ, സാമൂഹ്യ പദ്ധതി , ചലനാത്മകത എന്നിവ ഘട്ടം ഘട്ടമായി ഉയർത്തൽ ആവണം ലക്ഷ്യം.
- സാമൂഹിക – സമ്പത്തിക – ആരോഗ്യ ദുർബലത അനുഭവിക്കുന്ന കുടുംബങ്ങളുടെ വൾണറബിലിറ്റി മാപ്പിംഗ് നടത്തി അവർക്കായി പ്രത്യേക കുടുംബ അതിജീവന പദ്ധതികൾ (house hold survival plan) തയ്യാറാക്കണം.
- അതിധരിദ്രർ, കിടപ്പുരോഗികളുള്ള കുടുംബങ്ങൾ, ഭിന്നശേഷിയുള്ളവർ ഉൾപ്പെട്ട കുടുംബങ്ങൾ, ഗുരുതരരോഗങ്ങളുള്ള രോഗികൾ ഉള്ള കുടുംബങ്ങൾ, എന്നിവർ ഈ പദ്ധതിയിൽ ഉൾപ്പെടണം.
- 60 വയസുകഴിഞ്ഞ സ്വയാർജിത വരുമാനം ഇല്ലാത്ത വയോജനകൾക്കായി പ്രത്യേക അതിജീവന പദ്ധതികൾ തയ്യാറാക്കാൻ കഴിയണം. ഇവരുടെ കാര്യത്തിൽ നവീന സാമൂഹിക അതിജീവന പദ്ധതികൾ ആലോചിക്കാം.

ആസൂത്രണ പ്രക്രീയയെ നവീകരിക്കുക

- വികസന ആസൂത്രണത്തിന് സഹായകമായ ഒരു ഓൺലൈൻ ഡാറ്റാ ബേസ് മുഴുവൻ കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെ ഉൾപ്പെടുത്തി ഓരോ തദ്ദേശസ്ഥാപനത്തിലും തയ്യാറാക്കണം, അത് നിരന്തരം പുതുക്കുകയും വേണം. റിമോട്ട് സെൻസിങ്, ജി.ഐ.എസ്. സംവിധാനങ്ങൾ വികസന ആസൂത്രണത്തിന് ഫലപ്രദമായി ഉപയോഗിക്കണം

- തദ്ദേശ സ്ഥാപനത്തിന് കീഴിലെ സ്ഥാപനങ്ങൾ വഴി ശേഖരിക്കുന്ന ഡാറ്റകൾ പൊതു സംവിധാനത്തിൽ ഏകോപിപ്പിക്കണം, ഇതും വികസന ആസൂത്രണവുമായി ബന്ധിപ്പിക്കണം
- വികസന ആസൂത്രണത്തിനുള്ള തദ്ദേശ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കണം, തദ്ദേശ സ്ഥാപനതലത്തിൽ ആസൂത്രണ സമിതികൾ വിപുലീകരിച്ചു അവയെ പ്രാദേശിക വിദഗ്ധരുടെ സമതികളാക്കി വീകസിപ്പിക്കണം, സമീപ പ്രദേശങ്ങളിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, പ്രൊഫെഷണലുകൾ എന്നിവരുടെ സേവനം പ്രാദേശിക ആസൂത്രണ സമിതികൾ വഴി ലഭ്യമാക്കണം. നിലവിലുള്ള കർമ്മ സമിതികളെ ആസൂത്രണ സമിതികളുടെ ഉപസമിതികളാക്കി നിലനിർത്താം.
- തദ്ദേശ സ്ഥാപനത്തിന് കീഴിലുള്ള ഉദ്യോഗസ്ഥരെ പ്രദേശീക ആസൂത്രണ വിദഗ്ദ്ധർ ആകാവുന്ന തരത്തിൽ പരിശീലന പരിപാടികൾ പുനഃസംഘടിപ്പിക്കണം.
- അതത് മേഖലകളിലെ ആസൂത്രണത്തിന്റെ സാങ്കേതിക ഉത്തരവാദിത്വം ബന്ധപ്പെട്ട മേഖലകളിലെ സ്ഥാപനമേധാവികൾക്കാവണം.

നഗരവികസനത്തിന് ഒരു ഏകോപിത സമീപനം

അനുദിനം നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കേരളത്തിൽ വൻ നഗരങ്ങൾ , ഇടത്തരം നഗരങ്ങൾ, നഗരവൽക്കരണത്തിലേക്ക് നീങ്ങുന്ന പ്രദേശങ്ങൾ എന്നിവയെ പ്രത്യേകമായിയെടുത്ത് ഓരോ വിഭാഗത്തിനും സമഗ്ര മാസ്റ്റർ പ്ലാനുകൾ വികസിപ്പിക്കുന്നതിനുള്ള രീതിശാസ്ത്രം ഉണ്ടാക്കണം. നിലവിലുള്ള എല്ലാ നഗര വികസന പദ്ധതികളെയും, ഏജന്സികളെയും തദ്ദേശസ്ഥാപനങ്ങൾക്ക് ഏകോപിപ്പിക്കുവാൻ ഉള്ള അധികാരം നൽകണം. 20 വർഷത്തേയ്ക്കെങ്കിലുമുള്ള പൊതു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ആവണം നഗരവികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. കാർബൺ പാതമുദ്ര കുറഞ്ഞ, ദരിദ്രർക്ക് പ്രത്യേക പരിഗണന നൽകുന്ന, സുസ്ഥിരവികസന പാതയാവണം നഗരവികസനത്തിന്റെ അടിസ്ഥാന സമീപനം.

പ്രാദേശിക വികസനം ഒരു രാഷ്ട്രീയ അജണ്ട

- പ്രാദേശിക വികസനം എന്നത് രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രധാന അജണ്ട ആവണം, ജനങ്ങളോട് ഉത്തരവാദിത്വമുള്ള തിരഞ്ഞെടുപ്പ് പ്രകടന പത്രികകൾ പങ്കാളിത്തപരമായി രൂപപ്പെടണം. ഭരണ സമിതികൾ ഓരോ വർഷവും പെർഫോമൻസ് റിപ്പോർട്ട് തയ്യാറാക്കി പൊതുവേദിയിൽ അവതരിപ്പിക്കുകയും, വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും വേണം.
- ജനപ്രതിനിധികളുടെ ഗുണത ഉയർത്തുവാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നടത്തണം.
- കൃത്യമായ ഇടവേളകളിൽ ജനപ്രതിനിധികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തണം, അഴിമതി – ക്രമക്കേടുകൾ എന്നിവയ്ക്കെതിരെ കർശന നിലപാടുകൾ സ്വീകരിക്കണം
- പ്രവർത്തനശേഷിയുള്ളവർക്കും യുവാക്കൾക്കും പ്രാദേശിക തിരഞ്ഞെടുപ്പുകളിൽ മുൻഗണന നൽകണം.
- ജനപ്രതിനിധികൾക്ക് നിരന്തരമായ ഭരണ പരിശീലനങ്ങൾ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഉറപ്പാക്കണം
- ഓരോ തിരഞ്ഞെടുപ്പ് പ്രകടന പത്രിക പുറത്തിറക്കുമ്പോളും ഭരണകക്ഷികൾ കഴിഞ്ഞ തിരഞ്ഞെടുപ്പ് പത്രികയുടെ ഒരു വിലയിരുത്തൽ റിപ്പോർട്ട് കൂടി അതോടൊപ്പം നൽകണം
- കഴിവുതെളിയിച്ച സ്ത്രീകൾ , ദളിതർ, ആദിവാസികൾ എന്നിവർക്ക് പൊതു സീറ്റുകളിൽ വീണ്ടും മത്സരിക്കാൻ അവസരം നൽകണം.

ഒൻപതാം പദ്ധതി തയ്യാറാക്കാൻ നടന്ന ശ്രമങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ഉള്ള അധികാരം കൈമാറി കൊണ്ട് കേരളത്തിൽ 1996 നടപ്പിലാക്കിയ വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയാണ് ജനകീയ ആസൂത്രണം (ഒൻപതാം പദ്ധതി)

സ്വാതന്ത്ര്യത്തിനു ശേഷം കേരളത്തിൽ എട്ട് പഞ്ചവത്സരപദ്ധതികൾ പൂർത്തിയായിട്ടും വേണ്ടത്ര വികസനം നേടുവാൻ കഴിഞ്ഞിട്ടില്ല എന്ന തിരിച്ചറിവിൽ നിന്നാണ് വികേന്ദ്രീകൃത ആസൂത്രണം എന്ന സങ്കൽപത്തിന് ജനകീയാസൂത്രണ പ്രസ്ഥാനം എന്ന പേരിൽ ഒമ്പതാം പഞ്ചവത്സര പദ്ധതി കാലത്ത് തുടക്കമായത്. 1996 ആഗസ്റ്റ് 17ന് (കൊല്ലവർഷം 1171 ചിങ്ങം 1ന്) ആരംഭിച്ച ചരിത്ര പ്രധാനമായ ഒരു പരീക്ഷണമാണ് ഇത്. ഇഎംഎസ് നേതൃത്വത്തിൽ അന്നത്തെ മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, എല്ലാ രാഷ്ട്രീയപാർട്ടികളുടേയും പ്രതിനിധികൾ, ജനപ്രതിനിധികൾ, വിദഗ്ധന്മാർ, ബഹുജന സംഘടന പ്രവർത്തകർ എന്നിവയെല്ലാം ഉൾക്കൊള്ളുന്ന നൂറിൽപരം അംഗങ്ങളുള്ള ഒരു ഉന്നതാധികാര മാർഗ്ഗ നിർദ്ദേശക സമിതിയും മുഖ്യമന്ത്രി അധ്യക്ഷനായി ഒരു നിർവഹണ സമിതിയും ഇതിനായി രൂപീകരിക്കപ്പെട്ടു. ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ ഐ.എസ്.ഗുലാത്തിയുടെ മേൽനോട്ടത്തിലാണ് ഈ പ്രവർത്തനങ്ങൾ നടന്നത്.

ജനകീയ ആസൂത്രണ ത്തിന്റെ ഭാഗമായി കേരള സംസ്ഥാന ബജറ്റ് 35% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചെലവിനായി മറ്റു വയ്ക്കുകയുണ്ടായി. സാമ്പത്തിക വികേന്ദ്രീകരണത്തിനു പുറമേ വികസന പരിപാടികൾ വിഭാവനം ചെയ്യാനും അവ നടപ്പിലാക്കാനുമുള്ള അധികാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെത്തിക്കുക വഴി സമ്പൂർണ്ണ ജനാധിപത്യം കൈവരിക്കുകയാണ് ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം. അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കുന്നതിൽ 2009-2010ലെ ഭാരത സർക്കാരിന്റെ അവാർഡ് കേരളത്തിനു ലഭിച്ചു. കണ്ണൂർ ജില്ലയിലെ കല്യാശ്ശേരിയിൽ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന് നേതൃത്വത്തിൽ നടത്തിയ ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾക്ക് സഹായകരമായി.

30-11-1996 പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് തല ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. 1997 ആരംഭിച്ച ഒമ്പതാം പഞ്ചവത്സര പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലും നല്ല തുടക്കമായിരുന്നു. അതിനു മുമ്പ് ഉദ്യോഗസ്ഥ മേധാവികൾ രൂപപ്പെടുത്തിയിരുന്ന ആസൂത്രണ പ്രവർത്തനങ്ങൾക്കുപരിയായി മുഴുവൻ ജനങ്ങളും പദ്ധതി രൂപീകരണ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാക്കിയാണ് പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിലെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. അത് അന്നത്തെ ജനങ്ങൾക്ക് പുതിയൊരു അനുഭവവും, ആവേശവുമായിരുന്നു

അന്നത്തെ 10 വാർഡുകളിലും പ്രത്യേക ഗ്രാമസഭ യോഗങ്ങൾ ചേരുകയും ഈ ഗ്രാമസഭാ ഗ്രാമസഭ യോഗങ്ങളിലെല്ലാം വിവിധ വിഭാഗം ജനങ്ങളുടെ വമ്പിച്ച സാന്നിധ്യവും, സഹകരണവും ദൃശ്യമായിരുന്നു. പ്രാദേശിക പ്രശ്നങ്ങളോടൊപ്പം ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ

ക്രിയാത്മക നിർദ്ദേശങ്ങൾ അന്ന് ഗ്രാമസഭകളിൽ നിന്നു ഉയർന്നു വന്നിരുന്നു. തൊഴിലവസരങ്ങൾ വർദ്ധിപിക്കുന്നതിനും, അതുവഴി പ്രതിശീർഷ വരുമാനം ഉയർത്തുന്നതിനും ആരോഗ്യകരമായ അഭിപ്രായങ്ങളും അക്കൂട്ടത്തിലുണ്ടായിരുന്നു. ശുദ്ധ ജലക്ഷാമം പരിഹരിക്കാൻ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുമുള്ള ഭാവനസമ്പന്നമായ ആശയങ്ങളും അന്ന് രൂപപ്പെട്ടു വന്നിരുന്നു. വികസനത്തിന്റെ ഗുണഫലം ദരിദ്ര വിഭാഗങ്ങൾക്ക് ലഭിക്കേണ്ടതിന്റെ ആവശ്യകതയെ ക്കുറിച്ചും അന്നത്തെ ഗ്രാമസഭകൾ ചൂണ്ടിക്കാട്ടിയിരുന്നു. വിദ്യാഭ്യാസ-ആരോഗ്യ പ്രശ്നങ്ങളും അന്നത്തെ ഗ്രാമസഭകളിൽ സജീവ ചർച്ചയായിരുന്നു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ചെയ്തു തീർക്കേണ്ട വിവിധ വികസന പ്രവർത്തനങ്ങളുടെ രൂപരേഖകൾ അന്നത്തെ ഗ്രാമസഭകളിൽ നിന്ന് രൂപപ്പെട്ട് വന്നിരുന്നു.

ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതായിരിക്കണം ആത്യന്തിക ലക്ഷ്യമെന്ന നിഗമനത്തിലാണ് ഗ്രാമസഭകളിലെ ചർച്ചകൾ സമാപിച്ചത്. അതിനെ തുടർന്ന് ദ്വിതീയ സ്ഥിതി വിവര ക്കണക്കുകൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞു.

അന്നത്തെ ഗ്രാമസഭകളിലും പുനരർപ്പണ ദിനത്തിലും കക്ഷിരാഷ്ട്രീയ പരിഗണനയ്ക്ക തീതമായി എല്ലാവരുടെയും സജീവ സാന്നിധ്യം ഉണ്ടായിരുന്നത്. നാടിന്റെ വികസനപ്രവർത്തനങ്ങളിൽ നാം ഒന്നാണെന്ന ആശയം പ്രാവർത്തികമാക്കുകയുണ്ടായി.

പഞ്ചായത്ത് തലത്തിൽ നടത്തപ്പെട്ട ഏകദിന പരിശീലനത്തിലും, ഏകദിന ശില്പശാലയിലും തുടർ പ്രവർത്തനങ്ങളിലും ഗ്രാമത്തിലെ വിവിധ തരത്തിലുള്ള നിരവധി വിദഗ്ധരുടെ ആത്മാർത്ഥമായ സേവനവും സഹകരണവും എടുത്തു പറയേണ്ടതാണ്. അതുപോലെ തന്നെ അന്നത്തെ യുവാക്കളുടെ നിസ്വാർത്ഥ സേവനവും.

1996 ലെ വികസന രേഖ തയ്യാറാക്കിയത് യാതൊരുവിധ മുൻപരിചയമില്ലാതെയും പരിമിതമായ സമയ പരിധിക്കുള്ളിൽ നിന്നു കൊണ്ട് തയ്യാറാക്കിയതായതിനാൽ പല കുറവുകളും ഉണ്ടായിരുന്നു. എങ്കിലും പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് മുഖച്ഛായ മാറ്റുന്നതിന് ലക്ഷ്യം വെച്ചുകൊണ്ട് അടുത്ത അഞ്ചുവർഷം കൊണ്ട് ചെയ്തു തീർക്കേണ്ട വിവിധ പദ്ധതികൾ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ വികസന രേഖയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചു.

അന്നത്തെ വികസനരേഖ യിലെ മുഖ്യ വിഷയങ്ങൾ താഴെ കൊടുക്കുന്നു

- കൃഷിയും ജലസേചനവും
- മൃഗസംരക്ഷണം
- വ്യവസായം
- ഊർജ്ജം
- ഗതാഗതം
- പാർപ്പിടം
- വെള്ളം
- വിദ്യാഭ്യാസം

- സംസ്കാരം
- വനിതാക്ഷേമ
- പട്ടികജാതി പട്ടികവർഗ ക്ഷേമം
- സാമൂഹികക്ഷേമം
- വിദ്യാഭ്യാസം
- ടൂറിസം

എന്നിവയായിരുന്നു

തന്റെ നാടിന്റെ വികസന പ്രവർത്തനങ്ങൾ എന്താകണം എന്ന് ചിന്തിക്കാനും തന്റെ അഭിപ്രായങ്ങൾ ചർച്ചചെയ്യപ്പെടുന്നുണ്ട് എന്ന ബോധത്തോടുകൂടി അഭിപ്രായങ്ങൾ തുറന്നു പറയാനും അതിലൂടെ വികസനപ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ഉൾക്കൊള്ളുന്ന സമൂഹത്തിൽ തന്റെ ഇടം ഏതെന്ന് തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ ഒരു സാധാരണ പൗരന് അവസരം ലഭിച്ചു എന്നുള്ളതാണ് 1996 നടപ്പിലാക്കിയ ഒൻപതാം പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണ പദ്ധതിയുടെ ഏറ്റവും പരമപ്രധാനമായ നേട്ടം.

അന്നേവരെ പഞ്ചവത്സരപദ്ധതി എന്തായിരിക്കണം അത് എങ്ങനെയാണ് നടപ്പാക്കേണ്ടത് ആരൊക്കെയാണ് ഗുണഭോക്താക്കൾ ആകേണ്ടത് എന്നല്ലാം തീരുമാനിച്ചിരുന്നത് ഉദ്യോഗസ്ഥന്മാർ ആയിരുന്നു കൃത്യമായ മാനദണ്ഡങ്ങൾ ഒന്നുമില്ലാതെ പലപ്പോഴും നമ്മുടെ പ്രദേശത്തിന് ഗുണം അല്ലാത്ത ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കുകയും അതെല്ലാം തന്നെ തന്നെ വേണ്ടപ്പെട്ടവർക്ക് തനിക്ക് വേണ്ടതനുസരിച്ച് സന്തോഷിക്കുന്ന വർക്കുമായി വീരം വെക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് രാജീവ് ഗാന്ധി വിഭാവനം ചെയ്ത 'അധികാരം ജനങ്ങളിലേക്ക്' എന്ന വിപ്ലവാത്മക സന്ദേശം ഉൾക്കൊണ്ടുകൊണ്ട് കേരള സർക്കാർ ജനകീയാസൂത്രണ പദ്ധതിക്ക് രൂപം കൊടുക്കുന്നത്.

തന്റെ പ്രദേശത്ത് കൃഷിക്ക് ആണോ വ്യവസായത്തിന് ആണോ പ്രാധാന്യം നൽകേണ്ടത് ഏതെല്ലാം തരം കൃഷികളാണ് വ്യവസായങ്ങളാണ് നമ്മുടെ പ്രദേശത്തിന് യോജ്യം ആവുന്നത് എന്ന വസ്തുത ഡൽഹിയിലോ തിരുവനന്തപുരത്തുള്ള ഉദ്യോഗ കേസുകൾ പ്രഖ്യാപിക്കുന്നതിന് പകരം അതതു പ്രദേശത്തെ ലഭ്യമായ എല്ലാ പരിചയ സമ്പന്നരെ യും നാടിന്റെ വികസനത്തിനായി ഇച്ഛാശക്തിയോടെ ചിന്തിക്കാനും പ്രവർത്തിക്കാനും സന്നദ്ധതയുള്ള മുഴുവനാളുകളെയും ഒന്നിച്ചു കൂട്ടി അവരുടെ അഭിപ്രായങ്ങളിൽ നിന്നും ഉരുത്തിരിയുന്ന ബഹുഭൂരിപക്ഷം യോജിക്കുന്ന അംഗീകരിക്കുന്ന നാടനു ഇണങ്ങുന്ന പദ്ധതികൾ ഓരോ പ്രദേശത്തും നടപ്പാക്കുവാൻ പ്രാദേശിക ഭരണകൂടങ്ങൾക്ക് അനുമതി നൽകുകയും അതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും അധികമായി വേണ്ടിവരുന്ന വിഭവസമാഹരണം പ്രാദേശികമായി കണ്ടെത്തുകയും ചെയ്യുന്ന വലിയൊരു ജനകീയ ജനാധിപത്യ മാതൃകയാണ് ജനകീയാസൂത്രണ പദ്ധതിയിലൂടെ കേരളം കണ്ടത് ആദ്യത്തെ അഞ്ച് വർഷക്കാലത്തെ പ്രവർത്തനം വളരെയധികം ജനങ്ങളെ വികസന പ്രക്രിയയുടെ ഭാഗമാകാനും യാതൊരുവിധ പ്രതിഫലങ്ങളും കൈപ്പറ്റാതെ തന്റെ സേവനങ്ങൾ നാടിന് സമർപ്പിക്കാൻ തയ്യാറായി മുന്നോട്ടു വരുവാനും പര്യാപ്തമായിരുന്നു ബ്ലോക്ക് തലത്തിൽ പരിചയ സമ്പന്നരുടെ കമ്മിറ്റി രൂപീകരിക്കുകയും പദ്ധതികളെ

അവലോകനം ചെയ്തു അംഗീകരിക്കാനുള്ള അധികാരം പരിചയസമ്പന്നത കമ്മിറ്റികൾക്ക് നൽകുകയും ചെയ്തു പഞ്ചായത്ത് തലങ്ങളിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ഒരു സന്നദ്ധ പ്രവർത്തകൻ കൺവീനറുമായി വിവിധതലങ്ങളിൽ കഴിവുതെളിയിച്ച സന്നദ്ധ പ്രവർത്തകരെയും ജനപ്രതിനിധികളെയും അംഗങ്ങളായി കമ്മറ്റികൾ രൂപപ്പെടുത്തുകയും ഓരോ വാർഡിലും വാർഡ് മെമ്പർ ചെയർമാനും വാർഡ് തലത്തിൽ ഒരു സന്നദ്ധ പ്രവർത്തകൻ കൺവീനറുമായി വാർഡുതല കമ്മിറ്റികളും രൂപംകൊണ്ടു ഓരോ പദ്ധതികളെയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും വാർഡുതല ഗ്രാമസഭകൾ വിളിച്ചു ചേർക്കുകയും ജനാഭിപ്രായം സ്വരൂപിക്കുകയും നിർദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു കൊണ്ടാണ്. വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന വർക്ക് ഗ്രൂപ്പാണ് പദ്ധതികൾക്ക് രൂപം നൽകിയിരുന്നത് രൂപംനൽകിയ പദ്ധതികളെ ബ്ലോക്ക് തല എക്സ്പ്രസ് കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം നേടിയ വീണ്ടും ഗ്രാമസഭകൾ വിളിച്ചുചേർക്കും അംഗീകാരത്തോടെ നടപ്പാക്കുകയും ചെയ്യുക എന്ന ജനകീയ ജനാധിപത്യ വികസനം അങ്ങനെ സാധ്യമാക്കാൻ കഴിഞ്ഞു നിലവിലുണ്ടായിരുന്ന എല്ലാ സജീവ രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും സാംസ്കാരിക സംഘടനകളുടെയും പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനും അവരവരുടെ പ്രസ്ഥാനങ്ങളുടെ യോഗങ്ങളിൽ ജനകീയാസൂത്രണം ഒരു ചർച്ചയാക്കി കൊണ്ടുവരുവാനും സാധിച്ചിരുന്നു എന്നത് വലിയ ഒരു നേട്ടമായിരുന്നുഒരു പടി കൂടി മുന്നോട്ട് ചിന്തിച്ചുകൊണ്ട് നടപ്പിലാക്കിയ അയൽക്കൂട്ട സംവിധാനങ്ങൾ ശരിക്കും ഒരു ജനകീയ വിദ്യവം തന്നെയായിരുന്നു. എല്ലാ വീടുകളിലും നമ്മുടെ പ്രദേശത്ത് പുതുതായി എന്ത് പദ്ധതിയാണ് നടപ്പിലാക്കേണ്ടത് എന്ന് ചർച്ച നടക്കുകയും അത് അയൽക്കൂട്ടത്തിൽ ഉന്നയിക്കുകയും അയൽക്കൂട്ടത്തിലെ കൂട്ടായ തീരുമാനങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിക്കുകയും ചെയ്യുന്ന വിശാലമായ രീതി ആദ്യത്തെ അഞ്ച് വർഷത്തിൽ ഉണ്ടായ ആവേശം കേരളത്തിലെ ഭരണ മാറ്റത്തെ തുടർന്ന് ചെറിയതോതിൽ ചോർന്നു തുടങ്ങി ജനകീയാസൂത്രണം എന്ന പേരിനോട് പോലും പുതിയ ഭരണകൂടത്തിന് അതിർത്തി തോന്നുകയും കേരള വികസന പദ്ധതി എന്ന പേരു മാറ്റം വരുത്തുകയും ചെയ്തു കൊണ്ട് പദ്ധതി തുടർന്നെങ്കിലും പിന്നീട് ഓരോ വർഷവും ഒരു ചടങ്ങുപോലെ ഗ്രാമസഭകളും അയൽക്കൂട്ടം പദ്ധതി രൂപീകരണവുമായി വീണ്ടും ഉദ്യോഗസ്ഥരിലേക്ക് മാറ്റപ്പെടുകയും അവർ പലപ്പോഴും പഴയ പദ്ധതികളെ ചെറിയ തട്ടലും തലോടലും ചെത്തിമിനുക്കി നടത്തി പുതുതായി അവതരിപ്പിച്ച ചടങ്ങിനുള്ള അംഗീകാരം വാങ്ങിച്ച നടപ്പിലാക്കുകയും ചെയ്യുന്ന അവസ്ഥയിലേക്ക് ജനകീയാസൂത്രണ പദ്ധതി എന്ന ജനകീയ ജനാധിപത്യ വികസന പദ്ധതി ചുരുക്കപ്പെട്ടു എന്നത് ഖേദകരമാണ് പുതിയ പതിനാലാം പഞ്ചവത്സര പദ്ധതി രൂപപ്പെടുമ്പോൾ ആദ്യം പരിഗണിക്കേണ്ടത് നടപ്പിലാക്കേണ്ടത് ഒമ്പതാം പഞ്ചവത്സര പദ്ധതി കാലത്തെ ജനകീയ മുന്നേറ്റം തിരിച്ചുപിടിക്കുക എന്നതാകണം ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി നടന്ന പരിപൂർണ്ണമായും ജനകീയ ഇടപെടലുകളിലൂടെ നടന്ന വികസന പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട് ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ടിരുന്ന പലരും പിന്നീട് പല കാരണങ്ങൾ സജീവമല്ലാത്ത ആവുകയും ആസൂത്രണ പ്രക്രിയ ജനപങ്കാളിത്ത പകരം ഉദ്യോഗസ്ഥ

മേധാവിത്വം കടന്നുവരികയും ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾ ചങ്ങാത്ത ആസൂത്രണത്തിലേക്ക് മാറുകയും ചെയ്തു

അധ്യായം രണ്ട്

പ്രകൃതിദുരന്തങ്ങളും അതിജീവനവും

കേരളത്തിൽ 1924 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ ആയി ഉണ്ടായ ഭീകരമായ വെള്ളപ്പൊക്കമാണ് 99ലെ വെള്ളപ്പൊക്കം എന്ന് അറിയപ്പെടുന്നത്. കൊല്ല വർഷം 1098 ലാണ് ഇത് ഉണ്ടായത് എന്നതിനാലാണ് 98 ലെ വെള്ളപ്പൊക്കം എന്ന ഇത് അറിയപ്പെടുന്നത്. ഇരുപതാം നൂറ്റാണ്ടിൽ കേരളം കണ്ട ഏറ്റവും വലിയ പ്രളയം ആയിരുന്നു 1098 കർക്കിടക മാസം ഒന്നിന് തുടങ്ങി മൂന്നാഴ്ചയോളം നീണ്ടുനിന്ന പേമാരിയിലും പ്രളയത്തിലും കേരളത്തിലെ താഴ്ന്ന ഭാഗങ്ങൾ മുഴുവനും മുങ്ങിപ്പോയി ഈ വെള്ളപ്പൊക്കത്തിൽ മരിച്ചവർ എത്രയെന്നു കണക്കില്ല. അങ്ങനെ ഒരു കണക്കെടുക്കാനുള്ള സംവിധാനം അക്കാലത്ത് ഉണ്ടായിരുന്നില്ല. അന്നത്തെ പത്രവാർത്തകളും മറ്റു രേഖകളും പ്രളയത്തിന്റെ ഒരു ഏകദേശ ചിത്രം നമുക്ക് നൽകുന്നു. നാടൊട്ടുക്കും ഗതാഗതം മുടങ്ങി, പാളത്തിൽ വെള്ളം കയറി തീവണ്ടികൾ ഓട്ടം നിർത്തി. തപാൽ സംവിധാനങ്ങൾ നിലച്ചു. അൽപ്പമെങ്കിലും ഉയർന്ന പ്രദേശങ്ങളിലെല്ലാം അഭയാർഥികളെകൊണ്ട് നിറഞ്ഞു. വെള്ളപ്പൊക്കത്തോടൊപ്പം പട്ടിണിയും ജനങ്ങളെ വലച്ചു.99 വെള്ളപ്പൊക്കത്തോളം വരില്ലെങ്കിലും 1939, 1961, 2018 എന്നീ വർഷങ്ങളിലും കനത്ത വെള്ളപ്പൊക്കങ്ങൾ കേരളത്തിലുണ്ടായി. പക്ഷേ പിൽക്കാലത്ത് ഉണ്ടായ മഹാപ്രളയം പ്രത്യേകിച്ച് 2018 ഉണ്ടായ പ്രളയം മനുഷ്യന്റെ അന്ധമായ ഇടപെടൽ കൊണ്ട് പ്രകൃതിക്ക് ഉണ്ടായ അപരിഹാര്യമായ നഷ്ടം കൊണ്ട് ഉണ്ടായതാണെന്ന സത്യം ഇവിടെ വിസ്മരിച്ചുകൂടാ. ഡാമുകൾ തുറന്നതാണ് കാരണമെന്ന് പറയുന്നവരും, അമിത മഴയാണ് എന്ന ന്യായീകരിക്കുന്നവും മൂടി വെക്കാൻ ശ്രമിക്കുന്നത് കേരളത്തിൽ ഉണ്ടായ പരിസ്ഥിതിനാശത്തെ ആണെന്നത് ഇന്ന് വ്യക്തമായ സത്യമാണ്. പണ്ടുണ്ടായിരുന്ന അത്ര വനങ്ങളും, തണ്ണീർത്തടങ്ങളും, ആറുകളും, തോടുകളും അന്നുള്ള അത്ര തന്നെ വീതിയും ആഴവും ഉണ്ടായിരുന്നെങ്കിൽ 2018 ലെ പ്രളയത്തിൽ ഇത്ര ആഴത്തിലുള്ള ദുരന്തം ഉണ്ടാവുമായിരുന്നില്ല.

2018ലെ പ്രളയത്തിനു ശേഷം മികച്ച ആസൂത്രണവും ഒത്തൊരുമയും കൈമുതലാക്കിയാണ് കേരളം അന്നത്തെ പ്രതിസന്ധിയിൽ നിന്ന് ഏതാണ്ടൊക്കെ കരകയറിയത് സാമൂഹിക ബന്ധങ്ങൾക്ക് ഏറെ പ്രാധാന്യം നൽകുന്ന ഒരു ജനത എന്ന നിലയിൽ അത് ഒരു സ്വാഭാവിക പ്രതികരണം ആയിരുന്നു.

കോവിഡ് 19 പക്ഷേ വ്യത്യസ്തമായ ഒരു പ്രതിസന്ധിയാണ് സൃഷ്ടിച്ചത് നമ്മുടെ ചെറുത്തു നിൽപ്പിനെ പുനരവലോകനം ചെയ്താൽ ഭരണ സംവിധാനവും പൊതു സമൂഹവും ഒരേ പോലെ ഉണർന്ന് പ്രവർത്തിക്കുകയായിരുന്നു എന്ന് കാണാം ആരോഗ്യ വകുപ്പ് മുതൽ പോലീസ് വകുപ്പ് വരെ ബോധവൽക്കരണ പ്രവർത്തനങ്ങളുമായി എത്തി ആരോഗ്യ മേഖലയിലെ ഇടപെടലിന് ഏതാണ്ട് ഒപ്പം തന്നെ എല്ലാവർക്കും, സൗജന്യ റേഷൻ എത്തിക്കാനുള്ള നടപടികൾ കമ്മ്യൂണിറ്റി കിച്ചൻ മുഖേനയുള്ള

ഭക്ഷണ വിതരണം സൗജന്യ ചികിത്സ എന്നിവയെല്ലാം കോവിഡ് നിർവ്യാപന പ്രവർത്തനങ്ങൾ ഏറെ നിർണായകമായിരുന്നു.

കേരളത്തെ സംബന്ധിച്ചിടത്തോളം 2018 ലെ പ്രളയത്തിൽ 3500-ഓളം ദുരിതാശ്വാസ ക്യാമ്പുകൾ, ഏകദേശം 10.50 ലക്ഷം ആളുകളെ മാറ്റി താമസിപ്പിച്ചിരുന്നു. പ്രളയശേഷം ഭൂരിഭാഗം പേരും തിരികെ പോയെങ്കിലും നല്ലൊരു ശതമാനം ആളുകളും മാസങ്ങളോളം ക്യാമ്പുകളിൽ കഴിയേണ്ടി വന്നു ഇന്നും വീടുകളുടെ അറ്റകുറ്റപ്പണികൾ പുനരധിവാസത്തിനായും സഹായം കാത്തിരിക്കുന്നവരുണ്ട്.

2018-2019 വർഷങ്ങളിലുണ്ടായ മഹാപ്രളയം ഗ്രാമപഞ്ചായത്തിലെ ജനജീവിതത്തെ സാരമായി ബാധിക്കുകയോ നാശനഷ്ടം ഉണ്ടാവുകയോ ചെയ്തിട്ടില്ല. എന്നാൽ പഞ്ചായത്തിന് അതിർത്തിയായി ഒഴുകുന്ന ഇത്തിക്കരയാറ് കര കവിഞ്ഞൊഴുകിയെങ്കിലും ആറ്റു തീരത്തുള്ള ഏതാനും വീടുകൾക്ക് നാശനഷ്ടം ഉണ്ടായിട്ടുണ്ട്. സംരക്ഷണ ഭിത്തി ഇല്ലാത്ത പ്രദേശത്ത് ആറ്റുതീരം ഇടിഞ്ഞിട്ടുണ്ട്. പ്രളയ ബാധിതരായവരെ സഹായിക്കുന്നതിനും സന്നദ്ധ പ്രവർത്തനം നടത്തിയതിനും ഗ്രാമ പഞ്ചായത്ത് തലത്തിൽ ഹെൽപ്പ് ഡെസ്ക് രൂപീകരിച്ച് വസ്ത്രങ്ങളും ഭക്ഷ്യവസ്തുക്കളും ശേഖരിച്ച് ആവശ്യാനുസരണം യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നേതൃത്വം വഹിച്ചിട്ടുണ്ട്.

കോവിഡ് 19 എന്ന മഹാമാരി ഗ്രാമപഞ്ചായത്തിൽ വ്യാപകമായി പടർന്നിരുന്നു. കോവിഡ്-19 ഒന്നാംഘട്ടത്തിലും, രണ്ടാം ഘട്ടത്തിലും, മൂന്നാംഘട്ടത്തിലം വ്യാപനം അതിരൂക്ഷം ആയിരുന്നു. പ്രവാസികൾക്കും മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്നവർക്കും ക്വോറന്റീനിൽ കഴിയുന്നതിനുള്ള സൗകര്യം ഒരുക്കിയിരുന്നു. രോഗബാധിതരുള്ള കുടുംബത്തിനും ഭക്ഷണം ലഭിക്കാതെ വരുന്ന കുടുംബത്തിനും ഭക്ഷണം പാചകം ചെയ്ത് സന്നദ്ധ പ്രവർത്തകരിലൂടെ വീടുകളിൽ എത്തിക്കുന്ന സാമൂഹിക അടുക്കള ഫലപ്രദമായി പ്രവർത്തിച്ചു. രോഗബാധിതർക്ക് സ്വന്തം വീട്ടിൽ കഴിയാൻ ബുദ്ധിമുട്ട് ഉള്ളവരെ മാറ്റി താമസിപ്പിക്കുന്നതിനു വേണ്ടി ഡൊമിസിലറി കെയർ സെന്റർ മാർബസേലിയോസ് സീനിയർ ഹയർ സെക്കണ്ടറി സ്ക്കൂൾ മരുതമൺപള്ളിയിൽ തുടങ്ങുകയും, ടി സംവിധാനം ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുമുണ്ട്. മാത്രമല്ല കോവിഡ് രോഗത്താൽ മരണപ്പെടുന്നവരെ സംസ്കരിക്കുന്നതിനുള്ള സന്നദ്ധപ്രവർത്തക കൂട്ടായ്മ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു.

ഗ്രാമപഞ്ചായത്തിൽ 53 കോവിഡ് മരണങ്ങളാണ് നടന്നിട്ടുള്ളത്. ആരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, പൊതുപ്രവർത്തകർ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ മഹനീയം ആണ്.

ദുരന്ത നിവാരണത്തിന് ആവശ്യമായ ഉപകരണങ്ങളും അവ കൈകാര്യം ചെയ്യുന്നതിന് പര്യാപ്തമായ സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിച്ചും നിലനിർത്തണം.

അദ്ധ്യായം 3

വികസന നയവും തന്ത്രവും

കഴിഞ്ഞ 25 വർഷങ്ങളിലായി ഓരോ വികസന മേഖലയിലും നടത്തിയ വികസന പ്രവർത്തനങ്ങളെ അവലോകനം ചെയ്തുകൊണ്ട് പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ കൈവരിക്കേണ്ട ലക്ഷണങ്ങളെ സംബന്ധിച്ച് നിഗമനത്തിലെത്തിച്ചേരുകയുണ്ടായി. അതുപോലെ തന്നെ 2030 ആകുമ്പോൾ ഓരോ വികസന മേഖലയുടെയും വികസനം എങ്ങനെ ആയിരിക്കണമെന്ന കാഴ്ചപ്പാടിലും എത്തിച്ചേരുകയുണ്ടായി

കൃഷി

മണ്ണും ജലവും സംരക്ഷിച്ചുകൊണ്ട് അല്ലാതെ ഇനി മുന്നോട്ടു പോകാൻ കഴിയാത്ത അവസ്ഥയാണുള്ളത് പഞ്ചായത്തിനെ ചെറു നീർത്തടങ്ങളായി തിരിച്ചിട്ടുണ്ട്. ഓരോ ചെറുനീർത്തടങ്ങളിലേയും മണ്ണൊലിപ്പ് തടഞ്ഞു നിർത്തി സംരക്ഷിക്കുന്നതിനും ബന്ധപ്പെട്ട തോടുകളിൽ തടയണ കെട്ടി സംരക്ഷിക്കുന്നതിനും, അതുപോലെ മഴ കൊയ്ത്ത് നടത്തി കിണറുകൾ റീചാർജ്ജ് നടത്തിയും ജലത്തെ സംരക്ഷിക്കുന്നതാണ്. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പച്ചക്കറി ഉത്പാദനം വർധിപ്പിക്കുന്നതാണ്. അവശേഷിക്കുന്ന നെൽ വയലുകൾ സംരക്ഷിക്കാനും നെല്ല് ഉത്പാദനം ഇരട്ടിയാക്കാനും ലക്ഷ്യമിടുന്നു. നാളികേരോത്പാദനം വളരെ കുറഞ്ഞിട്ടുണ്ട്. ഈ സ്ഥിതി മാറ്റിയെടുക്കാവുന്നത്തിനു DxT ഇനത്തിൽപെട്ട അത്യുൽപാദന ശേഷിയുള്ള തെങ്ങിൻ തൈകൾ ലഭ്യമാക്കും. തരിശു രഹിത പഞ്ചായത്തായി മാറ്റുന്നതോടൊപ്പം എന്നെന്നും പച്ചപ്പ് നിലനിൽക്കുന്ന കൃഷി സമർത്ഥമായ ഒരു അന്തരീക്ഷം നിലനിർത്തുകയാണ് പ്രധാന ലക്ഷ്യം.

മൃഗസംരക്ഷണം

പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഓരോ വീട്ടിലും പശുക്കളെ വളർത്തുന്ന രീതി അവസാനിച്ചിരിക്കുന്നു. ക്ഷീര കർഷകരായിട്ടുള്ളവർക്ക് ഫാം അടിസ്ഥാനത്തിൽ പശുക്കളെ വളർത്തി പാൽ ഉല്പാദനം വർദ്ധിപ്പിക്കാനേ കഴിയു. പാലും പാൽ ഉൽപന്നങ്ങളും വർദ്ധിച്ച തോതിൽ ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. കോഴി, ആട് എന്നിവ കൂടുതലായി വളർത്തുന്ന സാഹചര്യം സൃഷ്ടിക്കാവുന്നതാണ്. മനുഷ്യർ ഉപയോഗിക്കുന്ന മറ്റിനം മുട്ടകൾ, എമു, കാട് തുടങ്ങിയവയെ വ്യാപകമായി വളർത്തുന്നതിനുള്ള സൗകര്യം ഒരുക്കുന്നതാണ്. വളർത്തു നായകളെ സംരക്ഷിക്കുന്നതിനും തെരുവുനായകളെ നിയന്ത്രിക്കുന്നതിനുമുള്ള എ.ബി.സി പദ്ധതി പ്രവർത്തനം നടത്തി വരുന്നു. കന്നുകാലികളുടെ രോഗപ്രതിരോധ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്

പ്രാദേശിക സാമ്പത്തിക വികസനം

കുടുംബശ്രീ അയൽക്കൂട്ടമെന്ന സംഘടനാ സംവിധാനം ഉപയോഗപ്പെടുത്തി മൈക്രോ സംരംഭങ്ങൾ ആരംഭിക്ക ണമെന്നാണ് ലക്ഷ്യമിടുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതി കാലത്ത് ഒരുവർഷം 50 എന്ന കണക്കിൽ 250 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ചെറുകിട സംരംഭങ്ങളിലൂടെ വിവിധതരം ഉത്പന്നങ്ങൾ

ഉണ്ടാക്കാൻ കഴിയണം. അത്തരം ഉൽപ്പന്നങ്ങൾ സംരക്ഷിക്കാനും വിപണനം നടത്താനും കേന്ദ്രീകൃത സംവിധാനത്തോടു കൂടിയ മാർക്കറ്റിംഗ് മേഖല ഉണ്ടാക്കാനും ലക്ഷ്യമിടുന്നു.

ദാരിദ്ര്യ ലഘൂകരണം

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരേയും, അവരുടെ കുടുംബങ്ങളെയും ആശ്വാസ നടപടികളിലൂടെ പൊതു ധാരയിലേക്ക് ഉയർത്തിക്കൊണ്ട് വരികയെന്നതാണ് ലക്ഷ്യം. അത്തരത്തിലുള്ള പ്രവർത്തനത്തിലൂടെ അഞ്ചു കൊല്ലം കൊണ്ട് പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ എണ്ണം കുറച്ചുകൊണ്ട് വരികയാണ് ലക്ഷ്യം.

ഇന്ന് സമൂഹത്തിൽ ഭവന രഹിതർ, ഭൂരഹിത-ഭവന രഹിതർ, ഭവന നിർമ്മാണം ഇടയ്ക്ക് വെച്ച് നിർത്തിയവർ, ചെറിയ അറ്റകുറ്റപ്പണി നടത്തിയാൽ വാസയോഗ്യമാക്കാവുന്ന ഭവനങ്ങൾ ഉള്ളവർ എന്നിങ്ങനെ പല വിധത്തിലുള്ള വിഷയങ്ങൾ നിലനിൽക്കുന്നു. സന്നദ്ധ സംഘടനകളേയും, ധനകാര്യ സ്ഥാപനങ്ങളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് നവകേരളാ മിഷന്റെ ഭാഗമായ ലൈഫ് മിഷനിലൂടെ പതിനാലാം പഞ്ചവത്സര പദ്ധതി കാലത്ത് മേൽസൂചിപ്പിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാണ് ലക്ഷ്യമിടുന്നത്.

സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ, ഭിന്നലിംഗക്കാർ)

ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസവും കായശേഷി വർദ്ധനവും ലക്ഷ്യമാക്കി ബഡ്സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്തും. അവരിൽ നിലനിൽക്കുന്ന അന്യതാബോധം ഇല്ലാതാക്കി അംഗൻവാടികളുടെ പ്രവർത്തനം മികവുറ്റതാക്കും. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്കും ശിശു സൗഹൃദാന്തരീക്ഷമുള്ള പ്രീ-പ്രൈമറി വിദ്യാഭ്യാസം കൂടി നേടുന്ന മികവുള്ള സ്ഥാപനമാക്കി മാറ്റാനാണ് ലക്ഷ്യമിടുന്നത്. വയോജനങ്ങൾക്ക് എല്ലാ വാർഡുകളിലും പകൽവീട് സ്ഥാപിച്ച പകൽ സമയം അവിടെ ചെലവഴിക്കുന്നതിന് ആവശ്യമായ ഭക്ഷണം, വായന, മറ്റു സൗകര്യങ്ങൾ, വൈദ്യ പരിശോധന അടക്കമുള്ളവ ലഭ്യമാക്കി കൊടുത്തുകൊണ്ട് ഇവരെ താമസ സ്ഥലത്തു നിന്നും പകൽ വീടുകളിലേക്ക് കൊണ്ടു വരുന്നതിനും തിരികെ കൊണ്ടു വിടുന്നതിനുമുള്ള സംവിധാനങ്ങളും ഏർപ്പെടുത്ത ണമെന്നാണ് ലക്ഷ്യമിടുന്നത്.

വനിതാ വികസനം

സ്ത്രീകളുടെ സാമൂഹികവും, സാമ്പത്തികവുമായ ഉന്നമനമാണ് ലക്ഷ്യമിടുന്നത്. കുടുംബശ്രീ എ.ഡി.എസ്, സി.ഡി.എസ് എന്നീ സംഘടനാ സംവിധാനത്തിലൂടെയും തൊഴിലുറപ്പ് പദ്ധതികളിലൂടെയും സ്ത്രീ ശാക്തീകരണ ത്തിലൂടെ സാമൂഹിക രംഗത്ത് മുന്നേറാനും കഴിഞ്ഞിട്ടുണ്ട്. സ്ത്രീകൾക്ക് നിയമപരമായ എല്ലാ പരിരക്ഷയും ഉണ്ടെങ്കിലും നാനാവിധത്തിലുള്ള പീഡനങ്ങൾക്ക് ഇന്നും സ്ത്രീകൾ ഇരയാകുന്നുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ ഗാർഹിക പീഡനം ഒരു പ്രധാന പ്രശ്നമാണ്. ഇത് ഇല്ലാതാക്കാൻ കഴിയുന്ന തരത്തിൽ കൗൺസലിംഗ് സമ്പ്രദായം വരേണ്ടതാണ്. സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് മൈക്രോ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതിനാവശ്യമായ പരിശീലനങ്ങളും ലക്ഷ്യമിടുന്നു

ആരോഗ്യം

അലോപ്പതി, ഹോമിയോ, ആയുർവേദം എന്നീ മൂന്ന് ചികിത്സാ സൗകര്യങ്ങളും പഞ്ചായത്തിലുണ്ട്. ഈ ചികിത്സാ കേന്ദ്രങ്ങൾ രോഗി സൗഹൃദ ആശുപത്രികളാകേണ്ടതുണ്ട്. ആയുർവേദ ഡിസ്പെൻസറി വാടക

കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.അത് സ്വന്തം കെട്ടിടത്തിലേക്ക് മാറ്റേണ്ടതുണ്ട്. മാത്രമല്ല രോഗികളെ കിടത്തി ചികിത്സിക്കുന്ന ഒരു ആശുപത്രിയായി ഉയർത്തേണ്ടതുണ്ട്. അലോപ്പതി സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അതിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന 5 സബ് സെന്ററുകളിൽ ഒരെണ്ണത്തിനു മാത്രമേ സ്വന്തം കെട്ടിടമുള്ളൂ. ബാക്കിയുള്ള സബ് സെന്ററുകൾക്ക് കെട്ടിടം പണിയേണ്ടതുണ്ട്. മാത്രമല്ല ആർദ്രം മിഷൻ വിഭാവന ചെയ്യുന്നത് സബ് സെന്ററുകൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതും എല്ലാവർക്കും എല്ലാ പ്രായത്തിലും ആരോഗ്യപരമായ ജീവിതം സാക്ഷാൽ കരിക്കേണ്ടതുമാണ്

കുടിവെള്ളം ശുചിത്വം മുതലായവ

കുടിവെള്ള കിണറുകൾ റീചാർജ് ചെയ്യുന്നതിന് മഴക്കൊയ്ത്ത് അനിവാര്യമാണ്. ഇത്തിക്കര ആറ്റിൽ വേനൽ കാലത്ത് വെള്ളം ഉണ്ടാകണമെങ്കിൽ ചെക്ക് ഡാം നിർമ്മിക്കണം. എങ്കിൽ മാത്രമേ നിലവിലുള്ള പൂയപ്പള്ളിശുദ്ധ ജല പദ്ധതിയിലെ കുടിവെള്ളം വിതരണം നിർബാധം തുടരാൻ കഴിയു. മാത്രമല്ല ജപ്പാൻ കുടിവെള്ള പദ്ധതി പൂയപ്പള്ളിപഞ്ചായത്തിലേക്ക് നീട്ടുക കൂടി ചെയ്താൽ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിയും. അതുപോലെ വ്യാപകമായി മഴക്കുഴിയും നിർമ്മിക്കാവുന്നതുമാണ്. വേനൽക്കാലത്ത് വെള്ളം സുലഭമായി ലഭിക്കുന്ന താഴ്ന്ന പ്രദേശങ്ങളിൽ മിനി കുടിവെള്ള പദ്ധതികൾക്കും രൂപം കൊടുക്കാവുന്നതാണ്. ശുചിത്വത്തിന്റെ ഭാഗമായി എല്ലാ വീടുകൾക്കും ഗാർഹിക ശൗചാലയം ഉറപ്പുവരുത്തേണ്ടതാണ്. ഭക്ഷ്യ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കേണ്ട താണ്. സംസ്കരിക്കുന്നതിന് ഓരോ ഭവനത്തിലും ചെലവുകുറഞ്ഞ സംവിധാനങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകേണ്ടതാണ്. പ്ലാസ്റ്റിക് ശേഖരിക്കുകയും അവ കൂട്ടുയിടുന്നതിനുമുള്ള സൗകര്യം ഉറപ്പാക്കി റീസൈക്കളീംഗിനുള്ള സംവിധാനം ഉണ്ടാക്കാനും കഴിയണം. ശുദ്ധജലവും, പൊതു ശുചിത്വവും സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഉൾ ചേർന്നവയാണ്

വിദ്യാഭ്യാസവും കലയും സംസ്കാരവും യുവജന കാര്യവും

പ്രീ-പ്രൈമറി, പ്രൈമറി സ്കൂളുകൾ ശിശുസൗഹൃദ സ്കൂൾ ആക്കുക. നവകേരള മിഷനിൽപ്പെട്ട ഒരു മിഷനാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഓരോ ക്ലാസിലെയും കുട്ടികൾ ആർജിക്കേണ്ട പഠന വിഷയങ്ങളും പൊതു വിജ്ഞാനവും ആർജിച്ചുവെന്ന് ഉറപ്പു വരുത്താൻ കഴിയണം. കമ്പ്യൂട്ടർ സാക്ഷരതാ സാർവത്രികമാക്കണം. സാക്ഷരതാ പ്രവർത്തനം ശക്തിപ്പെടുത്തി സമ്പൂർണ്ണ സാക്ഷരത കൈവരിക്കണം. വായനശാലകളിൽ പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സംവിധാനം ഉറപ്പാക്കേണ്ടതാണ്. എല്ലാ ഗ്രാമ വാർഡുകളിലും വായനശാലകൾ പ്രവർത്തിക്കുകയും ജനങ്ങളുടെയും കുട്ടികളുടെയും വായനാ ശീലം വളർത്തി യെടുക്കാൻ സഹായിക്കേണ്ടതുമാണ്. ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ വളരെ കുറച്ചു മാത്രമേയുള്ളൂ. യുവതീ യുവാക്കളുടെ കലാകായിക വാസനയെ വികസിപ്പിക്കാനും നാടിനു മുതൽക്കൂട്ടാക്കാനും കഴിയുന്നില്ല. എല്ലാ വാർഡുകളിലും ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)

പഞ്ചായത്ത് റോഡുകൾ വൃത്തിയും വെടിപ്പുമുള്ള റോഡുകളാക്കി മാറ്റേണ്ടതാണ്. ഗതാഗതത്തിന് മാർഗ്ഗ തടസ്സം ഉണ്ടാക്കുന്ന മണൽ, പാറ, വിറക് എന്നിവ റോഡിന്റെ വശങ്ങളിൽ ശേഖരിക്കുന്നത് കർശനമായി തടയേണ്ടതുണ്ട്. അതുപോലെ റോഡ് കൈയ്യേറ്റം ഒഴിപ്പിക്കേണ്ടതും അത്യാവശ്യമാണ്. പ്രധാന ജംഗ്ഷനുകളിൽ ഓട്ടോ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഉറപ്പാക്കണം. സൗരോർജ്ജം ഉപയോഗപ്പെടുത്താൻ പ്രേരിപ്പിക്കത്തക്കവണ്ണം പഞ്ചായത്ത് സ്ഥാപനങ്ങളിൽ സോളാർ പാനൽ നടപ്പിലാക്കാവുന്നതാണ്. പരീക്ഷണാർത്ഥം കാറ്റാടി യന്ത്രം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതുമാണ്. എല്ലാ ഇലക്ട്രിക് പോസ്റ്റിലും തെരുവുവിളക്കുകൾ ആവശ്യാനുസരണം സ്ഥാപിക്കേണ്ടതാണ്.

പട്ടികജാതി വികസനം

പട്ടികജാതി കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളായ ഭവനം, ഭക്ഷണം, കുടിവെള്ളം, വെളിച്ചം എന്നിവ പൂർണ്ണമായി ലഭ്യമാക്കണം. ഇവരെ ചെറുകിട തൊഴിൽ സംരംഭങ്ങളിലേയ്ക്ക് കൊണ്ടു വരാൻ കഴിയണം. എല്ലാ കുടുംബങ്ങളെയും കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗങ്ങളാക്കണം. കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ കർമ്മപരിപാടി ആവിഷ്കരിക്കണം. സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റിൽ വേണ്ടത്ര പ്രാതിനിധ്യം ലഭിക്കുന്നില്ല. പി.എസ്.സി നടത്തുന്ന പരീക്ഷകളിൽ പങ്കെടുക്കുന്നവർക്ക് പരിശീലനം കൊടുത്ത് സജ്ജമാക്കേണ്ടതുണ്ട്. പ്രൊഫഷണൽ രംഗത്ത് നമ്മുടെ പഞ്ചായത്ത് പിന്നിലാണ്. ആ പോരായ്മ പരിഹരിക്കാൻ നമുക്ക് കഴിയണം. അതേ സമയം ഇവരുടെ ഇടയിലുള്ള മദ്യപാന ശീലം നിയന്ത്രിക്കുവാനുള്ള പരിശ്രമം ഉണ്ടാവേണ്ടതുണ്ട്. കിടപ്പിലായ വയോജനങ്ങൾക്ക് സ്വാന്തന പരിചരണവും ആശ്വാസ നടപടികൾ സ്വീകരിക്കണം. സ്ഥിരമായ വരുമാനം ലഭ്യമാക്കുന്നതിലൂടെ മാത്രമേ ഇവരുടെ ജീവിത നിലവാരം ഉയർത്തിക്കൊണ്ടുവരാൻ കഴിയൂയെന്ന വസ്തുതയ്ക്ക് പരിഹാരം കാണേണ്ടതുണ്ട്.

അദ്ധ്യായം 4
വിഭവ സമാഹരണം
14 – ാം പഞ്ചവത്സര പദ്ധതി/വാർഷിക പദ്ധതി

ക്രമ നമ്പർ	വിഭവ സ്രോതസ്സുകൾ		വകയിരുത്തിയ തുക				
			2022-2023	2023-2024	2024-2025	2025-2026	2026-2027
1.	വികസന ഫണ്ട്	ജനറൽ	6638000	7301800	8031980	8835178	9718696
		എസ്.സി.പി	2891000	3180100	3498110	3847921	4232713
		റ്റി.എസ്.പി	0	0	0	0	0
2.	മെയിന്റനൻസ് ഫണ്ട്	റോഡ്	13533000	14886300	16374930	18012423	19813665
		റോഡിതരം	3773000	4150300	4565330	5021863	5524049
3.	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	സാധാരണ വിഹിതം	2921000	3213100	3534410	3887851	4276636
		പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്	4381000	4819100	5301010	5831111	6414222
4.	കേന്ദ്രവിഷ്കൃത വിഹിതം		4259195	4685114	5153626	5668989	6235887
5.	സംസ്ഥാനവിഷ്കൃത വിഹിതം		14699800	16169780	17786758	19565434	21521977
6.	തനതു ഫണ്ട്		3450000	3795000	4174500	4591950	5051145
7.	വായ്പ സഹകരണ സ്ഥാപനങ്ങളിൽ നിന്ന്		0	0	0	0	0
8.	വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന്		5500000	6050000	6655000	7320500	8052550
	127	വിളഷ്പുറം സ്നേഹാലയം റോഡ് കോണ്ക്രീ റ്റിംഗ്	2021-22	New	GEN		147849		147848			
	129	ഓട്ടുമല നെടുമല റോഡ് കോൺക്രീറ്റിംഗ്	2021-22	New	GEN		200000		126250			
	138	പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഡി സി സി യിലെ വേസ്റ്റ് കുഴിക്ക് മേൽക്കൂര നിർമാണം	2021-22	New	GEN		60000		0			
	139	പഞ്ചായത്ത് ഓഫീസ് നവീകരണം	2021-22	SO	GEN		199900		0			
	140	നസീല തിയേറ്റർ ജുമാ മസ്ജിദ് റോഡ് റീടാറിങ് വാർഡ് 11	2021-22	SO	GEN		197583		194087			
	141	പ്രൈമറി ഹെൽത്ത് സെന്റർ നവീകരണം	2021-22	SO	GEN		273117		0			
	142	സ്കൂളുകളുടെ നവീകരണം	2021-22	SO	GEN		190362		0			
	143	കനകുന്ന് തഴിഞ്ഞിയിൽ കലുങ്ങ് നിര്മ്മാ ണം	2021-22	SO	GEN		106462		106462			
	144	തേക്കിന്കിടി അരീത്തോട്ടം റോഡ് റീകോണ്ക്രീ റ്റിംഗ് വാര്ഡ് - 13	2021-22	SO	GEN		23000		17676			
	145	പിഎച്ച്സി വയറിംഗും ഫാർമസി എയർകണ്ടീഷൺ ആക്കൽ	2021-22	SO	GEN		250000		0			

	146	പി എച്ച് സി സബ്ബ് സെൻറർ ഇലക്ട്രിഫിക്കേഷൻ	2021-22	SO	GEN		100000		0			
	147	കരിക്കത്തിൽ ഏലാ റോഡ് പുനരുദ്ധാരണവും കലുങ്ക് നിർമ്മാണവും	2021-22	SO	GEN		50000		40512			
	148	പുഞ്ചിരിമുക്ക് ദുർഗ്ഗാദേവിക്ഷേത്രം റോഡ് കോൺക്രീറ്റിംഗ്	2021-22	SO	GEN		84306		84306			
	149	നെല്ലിപ്പറമ്പ് ഏലാ റോഡ് റാമ്പ് നിർമ്മാണം	2021-22	SO	GEN		50000		49400			
	150	പൂയപ്പള്ളി പാണയം റോഡ് റീടാറിംഗ് ഓട നിർമ്മാണവും	2021-22	SO	GEN		300000		290666			
	151	മേടയിൽ ചാമവിള റോഡ് റീ കോൺക്രീറ്റിംഗ്	2021-22	SO	GEN		213228		212809			
	152	കോഴിക്കോട് മുണ്ടപ്പള്ളി ഏലാ റോഡ് കലുങ്ക് നിർമ്മാണം	2021-22	SO	GEN		150000		133563			
	153	എൻ എസ്സ് എസ്സ് കരയോഗമന്ദിരം കോഴിക്കോട് എൽ പി സ്കൂൾ റോഡ് ബേം കോൺക്രീറ്റിംഗ്	2021-22	SO	GEN		286961		286961			
	154	പട്ടാണിമുക്ക് മുടിയൂർക്കോണം റോഡ് റീ കോൺക്രീറ്റിംഗ്	2021-22	SO	GEN		193081		193081			
	155	തിരിച്ചൻകാവ് കാക്കോട് റോഡ് റീടാറിംഗ്	2021-22	SO	GEN		200000		192316			

	156	ചെങ്കുളം പോസ്റ്റോഫീസ് കൂരോംകുന്ന് റോഡ് കോൺക്രീറ്റിംഗ്	2021-22	SO	GEN		55000		0			
	157	ചെങ്കുളം തേക്കിൻകാട് പനമുഗൾ റോഡ് റീ കോൺക്രീറ്റിംഗ് ബേം കോൺക്രീറ്റിംഗ്	2021-22	SO	GEN		158381		158381			
	159	പുന്നക്കോട് പുള്ളിമാൻകുന്ന് യോഗീശ്വരക്കാവ് വയലിക്കട റോഡ് പുനരുദ്ധാരണം	2021-22	SO	GEN		190000		145486			
	160	വയലിക്കട റോഡിൽ നിന്നും തോട്ടിലേക്ക് റാമ്പ് നിർമ്മാണം	2021-22	SO	GEN		50000		47585			
	161	പുന്നക്കോട് വാച്ചിക്കോണം റോഡ് ബേം കോൺക്രീറ്റിംഗ്	2021-22	SO	GEN		300000		224064			
	162	സ്നേഹാലയം വിളപ്പുറം റോഡ് കോൺക്രീറ്റിംഗ്	2021-22	SO	GEN		150000		111670			
	164	പാലൂർക്കോണം മാടവന എല്ലാ റോഡ് റീ കോൺക്രീറ്റിംഗ്	2021-22	SO	GEN		49000		0			
	166	താഴേമൂഴി പൂവോട് റോഡ് പാർശ്വഭിത്തി നിർമ്മാണം കോൺക്രീറ്റിംഗ്	2021-22	SO	GEN		117000		117000			
	167	പുന്നക്കാട് കോഴിക്കോട് ഏലാ റോഡ് കോൺക്രീറ്റിംഗ്	2021-22	SO	GEN		96905		0			
	169	മരുതമൺ]ള്ളി വലിയപ്പള്ളി വാച്ചിക്കോണം കലുങ്ക് അറ്റകുറ്റപ്പണി	2021-22	SO	GEN		50000		0			

	170	പൊതു കുളങ്ങളുടെ സംരക്ഷണം	2021-22	SO	GEN		1414366		0			
	171	ഒട്ടുമല എൽ പി സ്കൂൾ നവീകരണം	2021-22	SO	GEN		210000		0			
	172	സ്നേഹാലയം ചെമ്പകശ്ശേരി ഏലാ റോഡ് റീ കോൺക്രീറ്റിംഗ്	2021-22	SO	GEN		49000		43464			
	173	പഞ്ചായത്ത് ഓഫീസിന് മാലിന്യ സംസ്ക്കരണ പ്ലാൻറ് (തുമ്പൂർമൂഴി മാതൃക)	2021-22	SO	GEN		400000		0			
	174	ചേക്കോട് ഏലാ തോടിന് തടയണ നിർമ്മാണവും ജല സംരക്ഷണ പ്രവർത്തനങ്ങളും	2021-22	SO	GEN		139189		139189			
	175	മാവേലി ജംഗ്ഷൻ മേമംഗലം റോഡ് റീ കോൺക്രീറ്റിംഗ്	2021-22	SO	GEN		176667		129418			
	176	അംഗൻവാടികളിൽ ബേബി ഫ്രണ്ടലി ടോയിലറ്റ്	2021-22	SO	GEN		1491600		0			
	177	നാൽക്കവല മിനി ഇൻടസ്ട്രിയൽ എസ്റ്റേറ്റിൽ പൊതു ശൈചാലയ നിർമ്മാണവും അനുബന്ധ സൌകര്യങ്ങളും	2021-22	SO	GEN		200000		0			
	198	പൂയപ്പള്ളി ഷോപ്പിങ് കോംപ്ലെക്സിൽ ശുചിമുറി നിർമാണം	2021-22	New	GEN		300000		0			

	204	പോലീസ് സ്റ്റേഷൻ കൊച്ചുമേടയിൽ റോഡ് മെയിന്റനൻസ്	2021-22	New	GEN		400000		0			
	205	ചെപ്രമുക്ക് - വായനശാല വയലിക്കട റോഡ് കോൺക്രീറ്റിങ്	2021-22	New	GEN		225000		0			
	206	എംസിഎഫ് കെട്ടിടത്തിന്റെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കലും വിപുലീകരണവും	2021-22	New	GEN		421570		0			
	212	മണലുവിള കാട്ടുവിള ഭാഗം കോൺക്രീറ്റിങ്	2021-22	New	GEN		200000		0			
	214	ചെങ്കുളം പറങ്ങോട് റോഡ് മെയിന്റനൻസ്	2021-22	New	GEN		282509		0			
	215	ജലാശയങ്ങളുടെ സംരക്ഷണവും ജലസംരക്ഷണ പ്രവർത്തികളും(വാർഡ് 27)	2021-22	New	GEN		700000		0			
	216	ജലാശയങ്ങളുടെ സംരക്ഷണവും ജലസംരക്ഷണ പ്രവർത്തികളും(വാർഡ് 1016)	2021-22	New	GEN		700000		0			
	217	സ്കൂളുകളിൽ ടോയ്ലറ്റ് കോംപ്ലക്സ് നിർമാണം	2021-22	New	GEN		1000000		0			
	218	എംസിഎഫ് കെട്ടിടം വൈദ്യുതീകരണം	2021-22	New	GEN		111780		0			
	219	റോഡ് കണക്ടിവിറ്റി മാപ്പിംഗ്	2021-22	New	GEN		48000		0			

	226	കളക്റ്റേഴ്സ് അറ്റ് സ്കൂൾ പദ്ധതി	2021-22	New	GEN		206765		0			
	227	കുരിശുമൂട് പറങ്ങോട് മുല്ലശ്ശേരി റോഡ് ൽ കോൺക്രീറ്റിംഗ്	2021-22	New	GEN		295026		0			

XIII. കാലാവസ്ഥ, ദുരന്ത നിവാരണം, ജൈവസാന്നിദ്ധ്യം

കേരളം വിവിധ തരത്തിലുള്ള പ്രകൃതിദുരന്തങ്ങൾക്ക് സാധ്യതയുള്ള സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്നു. ഒരു പ്രദേശത്തിന്റെ കാലാവസ്ഥയും ഭൂപ്രകൃതിയും ജനസാന്ദ്രതയും ആണ് പ്രകൃതിദുരന്ത സാധ്യതയ്ക്ക് ആധാരമായ ഘടകങ്ങളായി പരിഗണിക്കുന്നത്. സുസ്ഥിരതയെ തുണയ്ക്കാത്ത ഭൂവിനിയോഗം വാസയോഗ്യം ആണെന്ന് വിശ്വസിക്കുന്ന ഇടങ്ങളിലേക്കുള്ള കുടിയേറ്റം ആഗോള കാലാവസ്ഥാ വ്യതിയാനത്തിന് പ്രാദേശിക തലത്തിലെ പ്രകടമായ വെളിപ്പെടുത്തലുകൾ എന്നിവയിലൂടെ കേരളം നാൾക്ക്നാൾ പ്രകൃതിദുരന്ത സാധ്യതയുള്ള പ്രദേശമായി മാറിക്കഴിഞ്ഞു. ഇതിന്റെ പ്രതിഫലനമാണ് കഴിഞ്ഞ രണ്ടു വർഷങ്ങൾക്കിടയിൽ കേരളം അനുഭവിച്ച രണ്ട് പ്രളയങ്ങളും, ഓഖി ചുഴലിക്കാറ്റ് വിതച്ച ദുരന്തവും. 2011 ലെ സെൻസസ് പ്രകാരം ദേശീയ ശരാശരിയെക്കാൾ രണ്ടു മടങ്ങ് അധികം ജനസാന്ദ്രതയുള്ള സംസ്ഥാനമാണ് കേരളം. അതുകൊണ്ടു തന്നെ കേരളത്തിലെ ഉയർന്ന ജനസാന്ദ്രത ദുരന്തങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കാൻ ഇടയാക്കും. അതിനൊപ്പം യാതൊരു നിയന്ത്രണവുമില്ലാതെ ഇന്നും തുടർന്ന് പോകുന്ന നിർമ്മാണ പ്രവർത്തനങ്ങളും പ്രകൃതിദുരന്തങ്ങളുടെ തീവ്രവാദ വർദ്ധിപ്പിക്കാൻ മാത്രമേ സഹായിക്കുകയുള്ളൂ. ശാസ്ത്രീയവും ചിട്ടയോടെ കൂടിയതുമായ ആസൂത്രണത്തിന് ദുരന്തത്തിന്റെ തീവ്രതയും അതിന്റെ ആവർത്തനവും കുറയ്ക്കാൻ കഴിയും എന്നത് വസ്തുതയാണ്.

പ്രളയാനന്തര കേരളത്തിൽ നാം ചർച്ചചെയ്യുന്നത് പ്രളയം നഷ്ടങ്ങളുടെ സാമ്പത്തിക വശങ്ങളാണ് എന്നാൽ സാമ്പത്തികേതര ഘടകമായ ജൈവ വൈവിധ്യത്തിന്റെ നഷ്ടത്തെക്കുറിച്ച് നാം പലപ്പോഴും വിസ്മരിക്കുന്നു. അടിക്കടിയുണ്ടാകുന്ന ഇത്തരത്തിലുള്ള പ്രകൃതി ദുരന്തങ്ങൾ കേരളത്തിലെ സമ്പദ് വ്യവസ്ഥയുടെ നടുവൊടിക്കുന്ന അവസ്ഥയിലേക്ക് എത്തിച്ചേർന്നിരിക്കുന്നു.

ഇന്ത്യയിലെ മറ്റേതൊരു പ്രദേശത്തെക്കാളും അതിജീവന ശക്തിയുള്ള ജനതയാണ് കേരള ജനത. തുടർച്ചയായി രണ്ടു വർഷങ്ങളിൽ ഉണ്ടായ പ്രളയത്തെ കേരളജനത ഒറ്റക്കെട്ടായാണ് നേരിട്ടത്. കേരളത്തിലെ ജനതയുടെ കൂട്ടായ്മയാണ് പ്രളയാനന്തര കേരളത്തിൽ പ്രകടമായത്. ഐക്യരാഷ്ട്ര സംഘടന പോലും കേരളത്തിന്റെ സ്വന്തം സൈന്യമായി വിശേഷിപ്പിച്ച മത്സ്യത്തൊഴിലാളികളുടെ രക്ഷാ പ്രവർത്തനത്തെ പ്രശംസിച്ചിരുന്നു. 2018ലെ പ്രളയത്തിൽ നിന്ന് 2019ലെ പ്രളയത്തിലേക്കുള്ള പ്രയാണത്തിൽ കേരള ജനത സ്വായത്തമാക്കിയത് ഒരു ദുരന്തത്തെ എങ്ങനെയാണ് നേരിടേണ്ടതെന്ന ദുരന്തലഘൂകരണ പാഠമാണ്. മലപ്പുറം ജില്ലയിലെ കവളപ്പാറയിലെയും വയനാട്ടിലെ പുത്തുമലയിലെയും ദുരന്തങ്ങളെ ഒഴിവാക്കി പരിഗണിച്ചാൽ 2019-ലെ വൻപ്രളയത്തിലും പരമാവധി ആൾനാശം കുറയ്ക്കാൻ സാധിച്ചത് സംസ്ഥാന സർക്കാരിന്റേയും ദുരന്തനിവാരണ സേനയുടേയും സമയോചിതമായ ഇടപെടൽ മൂലമാണ്.

ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ രണ്ടുഘട്ടമായി പ്രവർത്തനം ആവശ്യമാണ്. ഒന്നാമത്തേത് ദേശീയ സംസ്ഥാന-തലത്തിൽ നടപ്പാക്കേണ്ടവയും, രണ്ടാമത്തേത് വ്യക്തിഗതവും സാമൂഹികവുമായ തലങ്ങളിൽ നടപ്പാക്കേണ്ടവയും.1990 മുതൽ 2000 വരെയുള്ള കാലഘട്ടത്തെ ഐക്യരാഷ്ട്ര സംഘടന

ലോക ദുരന്ത ലഘൂകരണ ദശകമായി ആചരിച്ചിരുന്നു. ഇതിന്റെ ഭാഗമായി ലോക രാജ്യങ്ങൾ പ്രകൃതി ക്ഷോഭങ്ങളെ നേരിടുന്നതിനു മുന്നറിയിപ്പ് നൽകുന്നതിനും ഉൾപ്പെടെ ദുരന്തനിവാരണത്തിന്റെ വിവിധ വശങ്ങൾ പരിഗണിച്ച് മഹത്തായ പദ്ധതികൾക്ക് രൂപം നൽകി. ഇതേ തുടർന്നാണ് ദുരന്തങ്ങൾക്ക് മുമ്പും ദുരന്ത സമയത്തും, അതിനു ശേഷവും സ്വീകരിക്കേണ്ട നടപടി ക്രമങ്ങളിൽ വ്യക്തത ഉണ്ടായതും ദുരന്ത നിവാരണ വകുപ്പുകൾ ദേശീയ തലത്തിലും സംസ്ഥാനതലത്തിലും രൂപീകൃതമായതും. 2005ലെ ദുരന്തനിവാരണ നിയമം ദുരന്ത ലഘൂകരണ മേഖലയിലേക്ക് ഒരു സുപ്രധാന ചുവടുവെപ്പാണ്. ഇതിലൂടെ ദുരന്തങ്ങൾ ഉണ്ടാകുമ്പോഴുള്ള പ്രതികരണം മാത്രമല്ല. ദുരന്തങ്ങൾക്കെതിരെ തയ്യാറെടുക്കൽ മുൻകരുതൽ ലഘൂകരണം അവയുടെ നിവാരണം പുനരധിവാസ പുനർനിർമാണത്തിനുള്ള തയ്യാറെടുപ്പ് തുടങ്ങിയ എല്ലാ ഘടകങ്ങളിലും മുൻ കൈയെടുക്കാനുള്ള സമഗ്ര ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തികളെ പ്രധാനമായും ദുരന്തത്തിന് മുമ്പുള്ളത്, അതിനുശേഷമുള്ളത് എന്നിങ്ങനെ രണ്ടായി തരം തിരിക്കാം. ദുരന്തത്തിന് മുമ്പുള്ള പ്രവർത്തനങ്ങളെ നിവാരണം, ലഘൂകരണം, തയ്യാറെടുപ്പ് എന്നിങ്ങനെ വിഭജിക്കാം .ദുരന്ത സമയത്തെ അടിയന്തര രക്ഷാപ്രവർത്തനങ്ങൾ ദുരന്ത ഘട്ട പ്രതികരണമായി പരിഗണിക്കുന്നു. ദുരന്തത്തിനു ശേഷമുള്ള പ്രവർത്തനങ്ങൾ രക്ഷാപ്രവർത്തനം, ദുരിതാശ്വാസം, പുനരുജ്ജീവനം, പുനരധിവാസം, പുനർനിർമ്മാണം, ഗവേഷണം എന്നിങ്ങനെ വിപുലമായ പ്രവർത്തനങ്ങൾ ഉൾചേർന്നതായിരിക്കണം. ഈ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ സഹകരണമാവശ്യമാണെങ്കിലും ഭരണകൂടത്തിന്റെ നേതൃത്വത്തിലുള്ള കൂട്ടായ ഉത്തരവാദിത്തമാണ് പ്രധാനമായത്. ദുരന്തം ലഘൂകരിക്കാൻ മഴയുടെ തീവ്രതയും, ദൈർഘ്യവും മുൻകൂട്ടി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ മനസ്സിലാക്കാനുള്ള സജ്ജീകരണങ്ങൾ കാലാവസ്ഥാ പഠന കേന്ദ്രത്തിൽ സ്ഥാപിക്കുകയും ഇവ അപഗ്രഥിച്ച് മുൻകൂട്ടി പ്രവചനം നടത്താനുമായാൽ ദുരന്ത നിവാരണത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കാൻ സാധിക്കും.



ഭൗമപരമായ സാധ്യതാ നിർണ്ണയത്തിന്റെ ആദ്യപടിയായി ഭൂപ്രകൃതി, നീർച്ചാലുകൾ, കൃഷിരീതികൾ, കെട്ടിടങ്ങൾ, ഭൂവിനിയോഗം, ലഭിക്കുന്ന മഴ എന്നിവ ഓരോന്നിനെ പറ്റിയുമുള്ള വിശദവിവരങ്ങൾ ഉൾപ്പെടുത്തി പ്രത്യേക ഭൂപടം തയ്യാറാക്കുകയും, സാങ്കേതിക വിദ്യയുടെ സഹായത്തോടെ ദുരന്ത സാധ്യത പ്രദേശങ്ങളുടെ മാപ്പിങ് തയ്യാറാക്കുകയും വേണം. ഇതിനൊപ്പം ആഴത്തിൽ വേരിറങ്ങുന്ന മരങ്ങൾ വച്ചുപിടിപ്പിച്ച് ഭൂതല ചരിവുകൾ ബലപ്പെടുത്തുക. വനവൽക്കരണം ത്വരിതപ്പെടുത്തുക, മെച്ചപ്പെട്ട ജലനിർഗമന മാർഗ്ഗങ്ങൾ നടപ്പിലാക്കുക തുടങ്ങി ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്കനുസരിച്ച് അനുയോജ്യമായ പരിസ്ഥിതി സൗഹൃദ നടപടികൾ സ്വീകരിച്ചാൽ പ്രളയ ദുരന്തത്തിന്റെ തീവ്രത ലഘൂകരിക്കാൻ സാധിക്കും.

ഒരു പ്രദേശത്ത് ദുരന്തമുണ്ടായാൽ അതിന്റെ ദുരിതമനുഭവിക്കുന്നത് തദ്ദേശീയരായ ജനങ്ങളാണ്. ദുരന്തങ്ങൾ മൂലമുണ്ടാകുന്ന അപകടങ്ങളും, ശേഷമുണ്ടാകുന്ന ആഘാതങ്ങളും ലഘൂകരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പങ്കാളിത്താധിഷ്ഠിത ദുരന്ത തീവ്രത അപഗ്രഥനം നടത്തുകയും, ദുരന്ത സാധ്യത പ്രദേശങ്ങളിൽ നിലനിൽക്കുന്ന അപകടങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാർ ആക്കുകയും ദുരന്ത ലഘൂകരണ നടപടികളിലൂടെ ദുരന്തതീവ്രത കുറയ്ക്കാൻ ശ്രമിക്കുകയും വേണം. സാമൂഹ്യാധിഷ്ഠിതമായ ദുരന്തനിവാരണ പദ്ധതികളിൽ വിവിധ പ്രവർത്തനങ്ങളിലൂടെയുള്ള ജനങ്ങളുടെ ശാക്തീകരണം, ദുരന്തനിവാരണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തൽ എന്നിവയ്ക്ക് പ്രാമുഖ്യം നൽകുക വഴി ഇതിന്റെയെല്ലാം പൂർണ്ണ ഉടമസ്ഥാവകാശം ജനങ്ങൾക്കുള്ളതാണെന്നും അങ്ങനെ സുസ്ഥിര വികസനത്തിലെത്തിച്ചേരാമെന്നും ഉറപ്പു നൽകുന്നു. ദുരന്ത നിവാരണ മേഖലയിൽ വൈദഗ്ധ്യം നേടിയവരുടെ മാർഗ്ഗനിർദ്ദേശത്തോടെ ശാസ്ത്രീയ അടിസ്ഥാനത്തിൽ അപകട സാധ്യതകളെ വിലയിരുത്തുകയും അതിലൂടെ ജനങ്ങളെ ശാക്തീകരിക്കുകയുമാണ് നമ്മുടെ പഞ്ചായത്ത് ചെയ്യേണ്ടത്. ആശയ രൂപീകരണം, ആസൂത്രണ നിർവ്വഹണം, വിലയിരുത്തൽ എന്നിവയിലൂടെ ജനസമൂഹത്തെ ദുരന്ത നിവാരണത്തിന് സജ്ജരാക്കുകയെന്നതാണ് ഗ്രാമ പഞ്ചായത്തിന്റെ ഒരു മുഖ്യ ചുമതല.

ദുരന്ത സാഹചര്യമുണ്ടായാൽ മുഴുവൻ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കേണ്ട ചുമതല തദ്ദേശ ഭരണതലത്തിലെ സ്റ്റീയറിങ് കമ്മിറ്റിക്ക് ആയിരിക്കും.അതുകൊണ്ട് തന്നെ പഞ്ചായത്ത് തലത്തിൽ ഒരു റെസ്പോൺസ് പ്ലാനും ടീമും ഉണ്ടാക്കേണ്ട ചുമതല ഈ കമ്മിറ്റിക്കാണ്.റെസ്പോൺസ് പ്ലാനും ടീമും തയ്യാറാക്കുന്നതിനായി പഞ്ചായത്ത് പ്രതിനിധികളും സമൂഹത്തിലെ വിവിധ പ്രവർത്തന മേഖലകളെ പ്രതിനിധീകരിച്ചുള്ള നിർവ്വവഹണ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്താം. റെസ്പോൺസ് ടീമിലേക്കായി പഞ്ചായത്തിനെ കുറിച്ച് കൃത്യമായി ധാരണയുള്ള വ്യക്തികളെ അഥവാ പരിസരവാസികളെ നിയോഗിക്കാം. ദുരന്ത സാഹചര്യമനുസരിച്ചു റെസ്പോൺസ് ടീമിൽതന്നെ മുന്നറിയിപ്പ് ടീം ,അന്വേഷണ രക്ഷാപ്രവർത്തന ഒഴിപ്പിക്കൽ ടീം ,ഷെൽട്ടർ മാനേജ്മെന്റ് ടീം, പ്രഥമ ശുശ്രൂഷ / ബേസിക് ലൈഫ് സപ്പോർട്ട് ടീം എന്നിവ ഉണ്ടാകും.മേൽപ്പറഞ്ഞ എല്ലാ കമ്മിറ്റി അംഗങ്ങളുടെയും ടീമംഗങ്ങളുടെയും പേരുവിവരങ്ങളും ഫോൺ നമ്പറുകളും ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തുന്നതാണ് .

തദ്ദേശഭരണ തലത്തിൽ പ്രവർത്തിക്കുന്ന ഹയർ സെക്കണ്ടറി സ്കൂളുകൾ / കോളേജുകൾ എന്നിവിടങ്ങളിലെ എൻ.എസ്.എസ്,സ്കൗട്ട് ആൻഡ് ഗൈഡ്സ് കൂടാതെ യുവജന ക്ഷേമ ബോർഡ് ,

നെഹ്റു യുവകേന്ദ്ര മുതലായ പ്രസ്ഥാനങ്ങളിൽ അംഗത്വമുള്ള, പ്രത്യേകിച്ചും ദുരന്ത സമയത്തെ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ പ്രത്യേക പരിശീലനം ലഭിച്ചതുമായ അതാതു പഞ്ചായത്ത് /നഗരസഭയിലെ വിദ്യാർത്ഥികളെ/യുവാക്കളെ ഉൾപ്പെടുത്തിയുള്ള സന്നദ്ധപ്രവർത്തകരുടെ പട്ടികയും അടിയന്തിര സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ട സ്ഥാപനങ്ങളുടെയും ചുമതലക്കാരുടെയും പട്ടികയും ഈ അദ്ധ്യായത്തിൽ ഉൾപ്പെടുന്നു .

ദുരന്തം / ദുരന്തസാധ്യതകൾ ഉണ്ടാകുന്നപക്ഷം ദുരന്തനിവാരണ പദ്ധതി അനുസരിച്ചു എമർജൻസി റെസ്പോൺസ് ടീമിന്റെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഒഴിപ്പിക്കൽ പ്രവത്തനങ്ങൾ ആരംഭിക്കാം. ഇതിനായി ദുരന്ത സാധ്യതയുള്ള വാർഡുകൾ,സുരക്ഷിതമായ പാതകൾ ,പ്രദേശത്തു തന്നെയുള്ള സുരക്ഷിത പുനരധിവാസ കേന്ദ്രങ്ങൽ,ഒഴിപ്പിക്കൽ ആവശ്യമായ പൊതുസ്ഥാപനങ്ങൽ, മൃഗങ്ങൾക്കായുള്ള സുരക്ഷിത കേന്ദ്രങ്ങൾ മുതലായവ ഒഴിപ്പിക്കൽ ടീം അറിഞ്ഞിരിക്കണം.ഈ വിവരങ്ങളും കൂടാതെ ഈ ടീമിൽ ഉൾപ്പെട്ടിരിക്കുന്ന അംഗങ്ങൾ , രക്ഷാ പ്രവർത്തനത്തിന് ആവശ്യമായി വരുന്ന സാധന സാമഗ്രികൾ എന്നിവയുടെ വിവരങ്ങളും ചേർത്തിട്ടുണ്ട് .

ദുരന്തനിവാരണം

ആദ്യമായി ദുരന്തനിവാരണ സാക്ഷരതാ പ്രവർത്തനങ്ങൾ പൊതുജനങ്ങളിലേക്കും, വിദ്യാർത്ഥികളിലേക്കും, മറ്റു സാമൂഹിക സംഘടന പ്രവർത്തനങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ സത്വര നടപടികൾ ഉണ്ടാകണം. എല്ലാ തരത്തിലുള്ള ദുരന്തങ്ങളും അവനവന് വേണ്ട തയ്യാറെടുപ്പുകളെയും കുറിച്ച് അവബോധം ഇനിയും നമ്മുടെ ഇടയിൽ എത്തിച്ചേർന്നിട്ടില്ല. പഞ്ചായത്തിന്റെ ഭൂമി ശാസ്ത്രപരമായ കിടപ്പുകൾക്ക് അനുസരിച്ചാണ് പ്രവർത്തനങ്ങൾ നടത്തേണ്ടത്. കുന്നുകൾ, ചരിവുകൾ, വയലുകൾ എന്നിവയുടെ അവസ്ഥ അനുസരിച്ചാണ് ദുരന്തങ്ങൾ ഉണ്ടാകുന്നത്. സാധാരണയായി വെള്ളപ്പൊക്കം, ചുഴലിക്കാറ്റ് എന്നിവയാണ് നാം കൂടുതൽ അനുഭവിക്കുന്നത്. ആയതിനാൽ ആദ്യം തന്നെ നമ്മുടെ പുഴയോരങ്ങളിലും, കടൽത്തീര പ്രദേശങ്ങളിലും വീടുകളും, കെട്ടിടങ്ങളും പണിയുന്നത് നിശ്ചിത ദൂരം വിട്ട് മാത്രമേ ചെയ്യപ്പെടുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. പുഴയോരങ്ങളിൽ 50 മീറ്ററും കടൽത്തീരങ്ങളിൽ 20 മീറ്ററും എങ്കിലും(ഇഞ്ചദ നിയമം ബാധകം) അകലം പാലിച്ചു വേണം എല്ലാ പ്രവർത്തനങ്ങളും ചെയ്യേണ്ടത്. ആയതിനാൽ പഞ്ചായത്ത് നേരിട്ട് തീരപ്രദേശങ്ങളിൽ പുതിയ നിർമ്മാണങ്ങൾക്ക് പെർമിറ്റ് കൊടുക്കുമ്പോൾ ഇത്തരം കാര്യങ്ങൾ ഉറപ്പാക്കി വേണം നടത്തുവാൻ. ഇപ്പോഴുള്ള വീടുകളും, കടകളും ഈ പരിധി ലംഘിച്ചിട്ടുണ്ടെങ്കിൽ അവയുടെ ഗൗരവം അനുസരിച്ച് സ്ഥാപിക്കുവാൻ നിർദ്ദേശം കൊടുക്കാം. മാത്രമല്ല കാറ്റിനെയും വെള്ളപ്പൊക്കത്തെയും പ്രതിരോധിക്കാൻ തക്കവിധത്തിലുള്ള വീടുകളും തീരപ്രദേശങ്ങളിൽ പണിയണം. പരന്ന മേൽക്കൂരയ്ക്ക് പകരം ചരിഞ്ഞ മേൽക്കൂരകൾ ആണ് ഉത്തമം. അതുപോലെ വീടിനു ചുറ്റും നല്ല മരങ്ങളും വെച്ചുപിടിപ്പിക്കണം. ഓരോ വീടുകളിലും റബ്ബർ ടയറുകൾ കരുതിവയ്ക്കണം. വീടിന്റെ തറ നല്ല ഉയരത്തിൽ പണിയണം. മറ്റൊന്ന് എല്ലാ വീടുകളും, അവരവരുടെ വസ്തുക്കളും ഡിസാസ്റ്റർ ഇൻഷുറൻസ് എടുക്കുവാൻ അതാതു വാർഡ്/പഞ്ചായത്ത് മെമ്പർമാരും അധികാരികളും മുൻ കൈയെടുത്ത് ചെയ്യണം. കൂടാതെ

പഞ്ചായത്തിൽ ഒരു ഹൈടെക് സിമ്മിംഗ് പൂൾ (നീന്തൽ കുളം) സ്ഥാപിക്കണം. പഞ്ചായത്ത് തലത്തിൽ ഓരോ നീന്തൽകുളം സ്ഥാപിക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുകളുള്ളതുകൊണ്ട് ബ്ലോക്ക് തലത്തി ലെങ്കിലും ഉണ്ടാകണം. അപ്പർ-പ്രൈമറി സ്കൂൾ മുതൽ ഹൈസ്കൂൾ വരെയുള്ള വിദ്യാർത്ഥികൾക്ക് അതാത് പഞ്ചായത്തിൽ നിന്ന് നീന്തൽ പരിശീലനം നടത്താൻ ഇത് വളരെ ഉപകാരമായിരിക്കും. മാത്രമല്ല എസ്.എസ്.എൽ.സി കഴിയുന്ന കുട്ടികൾക്ക് നീന്തൽ കിട്ടിയെന്ന് ഉറപ്പാക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുൻ കൈയെടുക്കണം.

പിന്നെ ERT, RRT കളിലെ പോരായ്മകളെ ഇല്ലാതാക്കാൻ നല്ല രീതിയിൽ പരിശീലനവും ബോധവൽക്കരണവും കൊടുത്ത് സജ്ജരാക്കി നിർത്തേണ്ടതാണ്

ERT ഒരു വാർഡിൽ നിന്നും ചുരുങ്ങിയത് മൂന്നു പേരെങ്കിലും ഉണ്ടായിരിക്കണം പഞ്ചായത്തിൽ 50 ERT എങ്കിലും രൂപീകരിച്ച് അവർക്ക് പ്രത്യേക പരിശീലനങ്ങൾ കൊടുക്കണം. ERT ഉള്ളവർ ചെറുപ്പക്കാരും ഡ്രൈവിങ്ങും, നീന്തൽ അറിയാവുന്നവരുമാണെന്നും ഉറപ്പാക്കണം. കാരണം, എങ്കിൽ മാത്രമേ ERT ക്ക് നല്ല പ്രവർത്തനം കാഴ്ചവെക്കാൻ പറ്റുകയുള്ളൂ. മാത്രമല്ല നൂതന രീതിയിലുള്ള സാങ്കേതിക വിദ്യയിലും പരിശീലനം കൊടുക്കാൻ തയ്യാറായിരിക്കണം. അത് പഞ്ചായത്തിൽ ഓരോ വാർഡിൽ നിന്നും ഒരാൾ വീതം ആയിട്ട് ആദ്യഘട്ടമായി പരിശീലനം റിമോട്ട് സെൻസിംഗ് മറ്റും കൊടുക്കണം.

മറ്റൊന്ന് RRT. ഇവരുടെ പ്രവർത്തനങ്ങൾ വളരെ വിലപ്പെട്ടതാണ് ജീവശാസ്ത്ര ദുരന്തങ്ങളായ കോവിഡ് 19, നിപ്പ, മറ്റു വകഭേദങ്ങൾ എന്നിവ നാം ഇപ്പോഴും അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ഇതും ഒരു സാമൂഹിക ദുരന്തമാണ്. ഞഞ0 അംഗങ്ങളും, ചെറുപ്പക്കാരും, ഡ്രൈവിംഗ് അറിയുന്നവരും സന്നദ്ധമായിരിക്കണം. അവർക്ക് വേണ്ടതായ പരിശീലനങ്ങളും ബോധവൽക്കരണവും പഞ്ചായത്തിൽ നിന്നും കൊടുക്കുവാൻ കഴിയണം. ഞഞ0 അംഗങ്ങളും ഒരു വാർഡിൽ നിന്ന് ചുരുങ്ങിയത് അഞ്ചു പേരെങ്കിലും ഉണ്ടാകണമെന്ന് ഉറപ്പുവരുത്തണം. രോഗികളെയും മറ്റും തക്ക സമയത്ത് ആശുപത്രിയിൽ എത്തിക്കാനും മരുന്നുകൾ ലഭ്യമാക്കാനും മരിച്ചവരെ അവരുടെ ബന്ധുക്കളുമായി സഹകരിച്ച് കോവിഡ് പ്രോട്ടോകോൾ പാലിച്ച് വേണ്ടവിധത്തിൽ പരിപാലിക്കാൻ തയ്യാറാക്കി നിർത്തണം. ഇവർക്ക് ഡ്രൈവിംഗ് അറിഞ്ഞിരിക്കണം. പിന്നെ നമ്മുടെ പഞ്ചായത്തിലെ റോഡുകളും പ്രൈവറ്റ് വഴികളും നിശ്ചിത വീതിയുണ്ടെന്ന് ഉറപ്പുവരുത്തുകയും അതിനുള്ള മെയിന്റനൻസ് കണ്ടെത്തുകയും വേണം. കാരണം തീപിടുത്തമോ, മുങ്ങിമരണമോ ഉണ്ടായാൽ രക്ഷാപ്രവർത്തനങ്ങളുടെ വാഹനങ്ങൾക്ക് വഴി സൗകര്യം ഇല്ലാത്തതിനാൽ വൈദ്യസഹായത്തിനും, രക്ഷാപ്രവർത്തനത്തിനും തടസ്സങ്ങൾ നേരിടുന്നത് നമ്മൾ നിത്യേന കാണുന്നു. അതുകാരണം എത്ര ജീവനുകളാണ് നഷ്ടപ്പെടുന്നത്. കാരണം റോഡ് സൗകര്യമില്ലാത്തതിനാൽ സമയത്ത് എത്തിപ്പെടാൻ കഴിയുന്നില്ല അത് ഒഴിവാക്കാനാണ് റോഡുകൾ നവീകരിക്കണമെന്ന് പറയുന്നത്

പഞ്ചായത്ത് തലത്തിൽ ദുരന്തനിവാരണത്തെക്കുറിച്ച് കൂടുതൽ ബോധവൽക്കരണവും പരിശീലനവും കൊടുക്കുവാനും കഴിയണം. പ്രൈമറി തലം മുതൽ ഹൈസ്കൂൾ തലം വരെ പാഠ്യ

പദ്ധതിയിൽ ഒരു അധ്യായമെങ്കിലും ദുരന്തനിവാരണത്തെപ്പറ്റി പ്രതിപാദിക്കുന്നത് നല്ലതാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണം

പിന്നെ ദുരന്തനിവാരണ നിയമം അനുസരിച്ച് (2005 കേന്ദ്ര നിയമം) അപകടനിലയിൽ നിൽക്കുന്ന മരങ്ങളും മറ്റു പൊതുസ്ഥലം ആയാലും സ്വകാര്യ വീടുകൾ ആയാലും ഉണങ്ങിയതും ചില്ലകളും മുറിച്ച് മാറ്റിയെടുക്കുവാൻ പഞ്ചായത്തിന് നേതൃത്വം/നിർദ്ദേശം കൊടുക്കാവുന്നതാണ്. വ്യക്തികളും സ്ഥാപനങ്ങളും, വീട്ടുകാരും അപ്രകാരം ചെയ്തില്ലെങ്കിൽ പഞ്ചായത്ത് നേരിട്ട് ആയത് ചെയ്ത്, ചെലവ് തുക ഉത്തരവാദിത്തപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കാനും നിയമമുണ്ട്

റോഡ് അപകടങ്ങൾ ഉണ്ടാകാൻ കാരണങ്ങൾ അമിതമായ വേഗത, മദ്യപിച്ച് വാഹനമോടിക്കൽ, മൊബൈൽ ഫോൺ ഉപയോഗിക്കൽ, എൻജിൻ തകരാറുകൾ, റോഡിലെ കുഴികൾ എന്നിവയാണ്. തന്മൂലം എത്ര പേരാണ് വർഷത്തിൽ അവരുടെ ജീവൻ പൊലിയുന്നത്. ആയതിനാൽ ഡ്രൈവിംഗ്/ ട്രാഫിക് സാക്ഷരതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള ബോർഡുകൾ വഴിയോരങ്ങളിൽ പ്രദർശിപ്പിക്കുന്നത് നല്ലതാണ്

പക്ഷേ ഇതിനെല്ലാം ഫണ്ട് കണ്ടെത്തണം. ഇപ്പോഴുള്ള പ്ലാൻഫണ്ട് മെയിന്റനൻസ് ഫണ്ടും അപര്യാപ്തമാണ്. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പദ്ധതി വിഹിതം സർക്കാർ വർധിപ്പിക്കേണ്ടതാണ്. എങ്കിൽ മാത്രമേ വികസനകാര്യങ്ങളിൽ കൂടുതൽ പുരോഗതിക്ക് സഹായകമാവുകയുള്ളൂ. പഞ്ചായത്ത് തലത്തിൽ ഒരു ഡിസാസ്റ്റർ ഷെൽട്ടർ നിർമ്മിക്കുന്നത് നല്ലതാണ്

ഗ്രാമ പഞ്ചായത്ത് / നഗരസഭാ സ്റ്റീയറിങ് കമ്മിറ്റി

ഗ്രാമ പഞ്ചായത്ത് സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൽക്ക് ആയിരിക്കും ദുരന്ത പ്രദേശത്തെ മുഴുവൻ പ്രവർത്തനങ്ങളുടെയും നിയന്ത്രണം.ഏറ്റവും വേഗത്തിൽ കാര്യങ്ങൾ നടപ്പാക്കാനും എല്ലാ പ്രവത്തനങ്ങളും ഏകോപിപ്പിച്ചുകൊണ്ടുപോകാനും കഴിവുള്ള ഒരു ടീം ആവണം സ്റ്റിയറിങ് കമ്മിറ്റി .അതുകൊണ്ടു തന്നെ പഞ്ചയാത്ത് പ്രതിനിധികളും മറ്റു പ്രവർത്തന മേഖലകളിലെ ഉദ്യോഗസ്ഥരുമാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്.

ക്രമ. നം	പദവി	പേര്	മൊബൈൽ നമ്പർ (വാട്സാപ്പ്)
1	പ്രസിഡന്റ് / ചെയർപേഴ്സൺ/മേയർ	ജെസ്സി റോയി	9496041770
2	സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ	1. വിശ്വനാഥൻപിള്ള.എം 2. വസന്തകുമാരി.ബി 3. ജയൻ.റ്റി.ബി 4. ജയാ രാജേന്ദ്രൻ	
3	സെക്രട്ടറി	രാജേഷ്കുമാർ.ആർ	9496041771

ക്ഷണിക്കാവുന്നവർ

സ്റ്റിയറിംഗ് കമ്മറ്റിയിൽ പ്രസിഡന്റ് ,സെക്രട്ടറി തുടങ്ങിയ പ്രാധാന പദവി വഹിക്കുന്ന വ്യക്തികൾ കൂടാതെ കമ്മറ്റിയിൽ പ്രധാവ പങ്കുവഹിക്കാൻ കഴിവുള്ള വകുപ്പ് ഉദ്യോഗസ്ഥന്മാരെയും വാർഡ് മെമ്പർമാരെയും പങ്കാളികളാക്കാവുന്നതാണ്.പ്രദേശത്തെ കൂടുതൽ അറിയാവുന്ന എ.ഡി.സ്,സി.ഡി.എസ്

ചെയർപേഴ്സൺസ് തുടങ്ങിയവരെയും ക്ഷണിക്കാവുന്നതാണ്. താഴെത്തട്ടിൽ നിന്നും വിവരങ്ങൾ കൈമാറാൻ പ്രാദേശിക തലത്തിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തുന്നതിലൂടെ സാധ്യമാകും .

മുന്നറിയിപ്പ് ടീം

മുന്നറിയിപ്പു ടീമിൽ ഉൾപ്പെടുത്തിയിരിക്കുന്നത് വാർഡ് മെമ്പർമാരെയും വാർഡിലെ എല്ലാ പ്രദേശത്തെ പറ്റിയും ധാരണ ഉള്ളതുമായ ആളുകളെയാണ്. ദുരന്ത സാധ്യത മനസ്സിലാക്കി ദുരന്തത്തിന്റെ തീവ്രത അറിഞ്ഞുകൊണ്ട് മുന്നറിയിപ്പ് നൽകുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കാൻ അംഗങ്ങൾക്ക് സാധിക്കും. മറ്റൊരു നിർദേശത്തിനു വേണ്ടി കാത്തു നിക്കാതെ ഏറ്റവും വേഗത്തിൽ തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കാൻ ഈ ടീം പ്രാപ്തരായിരിക്കും .

അന്വേഷണ – രക്ഷാപ്രവർത്തന – ഒഴിപ്പിക്കൽ ടീം

കഴിഞ്ഞ പ്രളയകാലത്തു ആളുകളുടെ ജീവൻ സുരക്ഷിതമാക്കികൊണ്ട് തങ്ങളുടെ കഴിവ് തെളിയിച്ചതും അതിനു മേൽനോട്ടം വഹിച്ചു മുന്നിൽ പ്രവർത്തിച്ച വ്യക്തികളുടെ പേരുകളാണ് ഈ ടീമിലേക്ക് നിർദേശിക്കപ്പെട്ടിട്ടുള്ളത്.ദുരന്ത സാഹചര്യത്തിലും കൂടാതെ ദുരന്തത്തിന് ശേഷമുള്ള നാളുകളിലും വിവിധ ഇടങ്ങളിൽ രക്ഷാ പ്രവർത്തനംനടപ്പിലാക്കാൻ ഈ ടീം പ്രാപ്തരായിരിക്കും

ഷെൽട്ടർ മാനേജ്മെന്റ് ടീം

ദുരന്ത സാഹചര്യത്തിൽ ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകുന്നതും കൈകാര്യം ചെയ്യാൻ ഏറ്റവും പാടുള്ളതുമായ വിഭാഗമാണ് വെള്ളപ്പൊക്ക ക്യാമ്പുകൾ. കുടുംബശ്രീ പ്രവർത്തകരും പ്രദേശത്തെ പൊതുവിൽ എല്ലാ വ്യക്തിളുമായ് ബന്ധമുള്ള ആളുകളെയാണ് ഈ ടീമിലേക്ക് ആവശ്യം. ക്യാമ്പിലേക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് ഈ ടീമിലെ അംഗങ്ങൾ എപ്പോഴും ഉത്തരവാദിത്തപ്പെട്ടവർ ആയിരിക്കും.

പ്രഥമശുശ്രൂഷ / ബേസിക് ലൈഫ് സപ്പോർട്ട് ടീം

ഈ പട്ടികയിൽ നിന്ന് പൂയപ്പള്ളിപഞ്ചായത്തിന്റെ ദുരന്ത നിവാരണത്തിന്റെ ഭാഗമായി സാങ്കേതിക പരിജ്ഞാന തലത്തിൽ പ്രവർത്തിക്കുന്നവരുടെയും, സന്നദ്ധ സേവന ചാതൂര്യം ഉള്ളവരുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. പ്രദമ സുശ്രൂഷ കിറ്റും, അനുബന്ധ സംവിധാനങ്ങളും ലഭിക്കാൻ ഇടയുള്ള കേന്ദ്രങ്ങളുടെ വിവരങ്ങൾ ആശ്രയിക്കേണ്ട ആരോഗ്യ പ്രവർത്തകരുടെ വിവരങ്ങൾ എന്നിങ്ങനെ ഉള്ളവയും ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1. **ജലസുദിക്ഷതയിൽ നിന്നും ജല ദൌർല ദ്യത്തിലേക്ക്**

വർഷത്തിൽ 8 മാസം ജലം ലദ്യമായ അവസ്ഥയിൽ നിന്നും കടുത്ത വരൾച്ചയിലാക്കാണ് സംസ്ഥാനമൊട്ടാകെയും പഞ്ചായത്തും കൂപ്പു കുത്തിയിട്ടുള്ളത്.

2. **ധാന്യവിളകളിൽ നിന്നും തോട്ടവിളകളിലേക്ക്**

നെൽകൃഷി പ്രധാന വരുമാനം എന്നതിൽ നിന്നും ലാഭകരമായ കൃഷി എന്ന നിലയിൽ റബറിലേക്ക്. എന്നാൽ ഇത് വ്യാപകമായ വരൾച്ചയ്ക്കും ജല മലിനീകരണത്തിനും കാരണമായി

3. ജൈവ വസ്തുക്കളിൽ നിന്നും പ്ലാസ്റ്റിലേക്ക്

ലോകം നേരിടുന്ന ഏറ്റവും വലിയ ദുരന്തമാണ് പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം മൂലമുള്ള പരിസ്ഥിതി മലിനീകരണം. ജൈവമായ അഴുകി പോകുന്ന വസ്തുക്കളിൽ നിന്നും അഴുകി നശിക്കാത്തതും പരിസ്ഥിതിക്ക് കടുത്ത ഭീഷണി ഉയർത്തുന്നതുമായ പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം മണ്ണിനേയും ജലത്തേയും വായുവിനേയും കടുത്ത മലിനീകരണത്തിലേക്ക് തള്ളിവിട്ടത് 25 വർഷത്തെ വിശകലനത്തിൽ മുന്തിയ പ്രാധാന്യം അർഹിവക്കുന്നു.



4. കൃഷിയിൽ രാസവളങ്ങളുടെ അമിത ഉപയോഗം

വിള വർദ്ധനവിനും കള നശീകരണത്തിനുമായി ഉപയോഗിച്ച രാസവളങ്ങളും രാസ കീട നാശിനികളും മണ്ണിന്റെ സ്വാഭാവിക ഗുണങ്ങളേയും ചെടിയുടേയും വിത്തിനങ്ങളുടേയും സ്വാഭാവിക പ്രതിരോധ ശേഷിയേയും ഇല്ലാതാക്കുകയും മണ്ണ് വായു ജലമലിനീകരണങ്ങൾക്ക് ഇടയാക്കുകയും ചെയ്തു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയ ഹരിതകേരള മിഷൻ പ്രവർത്തനങ്ങൾ മാലിന്യ സംസ്ക്കരണ, ശുചിത്വ പദ്ധതി പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നല്കി.

ഹരിതകർമതസേന

2019-20 സാമ്പത്തിക വർഷം മുതലാണ് പൂയപ്പള്ളിഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മ സേന ആരംഭിച്ചത്. 16 വാർഡുകളിലായി 32 അംഗങ്ങൾ ആണ് ഹരിതകർമ്മ സേനയിൽ പ്രവർത്തിക്കുന്നത്. ഒരു വാർഡിൽ 2 പേർ എന്ന ക്രമത്തിൽ ഹരിതകർമ്മസേന അംഗങ്ങൾ കൺസോർഷ്യമായി രൂപീകരിക്കുകയും അതിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഹരിതകർമ്മസേനയുടെ അക്കൗണ്ട് കൺസോർഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിലാണ്.

വീടുകളിൽ നിന്നും അജൈവ മാനിന്യം ശേഖരണത്തിന് 50/-രൂപ നിരക്കും കടകൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും 100/-രൂപ എന്നതാണ് സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ടി തുകയാണ് പൂയപ്പള്ളി ഹരിതകർമ്മ സേന അംഗങ്ങൾ വാങ്ങുന്നത്. യൂസർഫീ കിട്ടുന്ന തുകയിൽ നിന്നും ഓരോ ഹരിതകർമ്മസേന അംഗങ്ങൾക്കും, ഓണറേറിയം നല്കുന്നു. തുടക്കത്തിൽ ഹരിതകർമ്മസേന അംഗങ്ങൾ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ സാധിച്ചില്ല എങ്കിലും 2021-22 സാമ്പത്തിക വർഷം മുതൽ ഹരിതകർമ്മസേന അംഗങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുകയും പൂയപ്പള്ളി പഞ്ചായത്തിലെ അജൈവ മാലിന്യം ഒരു പരിധിവരെ കുറക്കാനും സാധിച്ചിട്ടുണ്ട്. ഹരിതകർമ്മസേന യുടെ വരുമാനം 255250/- രൂപ വരെ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. തുടർന്നു വരുന്ന സാമ്പത്തിക വർഷങ്ങളിലും ഹരിതകർമ്മസേന പ്രവർത്തനം നല്ല രീതിയിൽ നടത്താനും അതുവഴി പഞ്ചായത്തിലെ അജൈവ മാലിന്യം കുറക്കാനും സാധിക്കും.

ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനായി 2019-20 കാലഘട്ടത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് എന്ന പ്രോജക്ട് വയ്ക്കുകയും അതിൽ നിന്നും ഹരിതകർമ്മസേനക്ക് ആവശ്യമായ യൂണിഫോം, ഐ.ഡി കാർഡ് എന്നിവ വാങ്ങി നല്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അവരുടെ പ്രവർത്തനത്തിന് വേണ്ടി ടി പ്രോജക്ടിൽ നിന്നും തുക ചെലവാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിലും വയബിലിറ്റി ഗ്യാപ് ഫണ്ട് എന്ന പ്രോജക്ട് ഉണ്ടായിരുന്നു.

ഹരിതകർമ്മസേനക്ക് ഓരൊ വാർഡിലും അജൈവ മാലിന്യ ശേഖരണത്തിന് മിനി എം.സി.എഫ്കൾ സ്ഥാപിച്ചു വരുന്നു. കൂടാതെ പഞ്ചായത്തിലും എം.സി.എഫ് ഉണ്ട്. മിനി എം.സി.എഫിൽ നിന്നും പഞ്ചായത്ത് എം.സി.എഫിലേക്ക് അജൈവ മാലിന്യങ്ങൾ കൊണ്ടു വരുന്നതിന് വേണ്ടി പഞ്ചായത്തിന് സ്വന്തം വാഹനം നടപ്പ് സാമ്പത്തിക വർഷം വാങ്ങുന്നതാണ്. എം.സി.എഫിൽ വച്ച് തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് അജൈവ മൈലിന്യങ്ങൾ കൈമാറുന്നു. ക്ലീൻ കേരള കമ്പനി ബ്ലോക്ക് പഞ്ചായത്തിലെ ആർ.ആർ.എഫിൽ എത്തിക്കുകയും ചെയ്യുന്നു.

ഹരിതകർമ്മസേനക്ക് ആവശ്യമായ മാസ്ക്, സാനിട്ടൈസർ, ഫെയ്സ് ഷീല്ഡ്, ഗ്ലൗസ് എന്നിവ 2021-22 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് വച്ച്, വാങ്ങി നല്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ ഹരിതകർമ്മസേന പൂയപ്പള്ളിഗ്രാമപഞ്ചായത്തിൽ ഒരു മുതൽക്കൂട്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

കോവിഡ് 19

13-ാം പഞ്ചവത്സര പദ്ധതിയുടെ അവസാന രണ്ട് വർഷങ്ങൾ കോവിഡ് എന്ന മഹാമാരിയുമായുള്ള പ്രാദേശിക ഭരണകൂടങ്ങളുടെ പോരാട്ടം അടയാളപ്പെടുത്തുന്ന വർഷങ്ങളാണ്. കോവിഡ് ചികിത്സ, തുടർ ചികിത്സ സംവിധാനങ്ങൾ, രോഗികൾക്ക് ഭക്ഷണം, രോഗികളെ മാറ്റി പാർപ്പിക്കൽ, ഹോം ഐസൊലേഷൻ സംവിധാനങ്ങൾ, മരണപ്പെടുന്ന രോഗികളുടെ സംസ്കാര ചടങ്ങുകൾ തുടങ്ങി അതിഥി തൊഴിലാളികൾക്ക് ഭക്ഷണം, സൗകര്യങ്ങൾ ഒരുക്കൽ, ലോക് ഡൗൺ

നിയന്ത്രണങ്ങൾ നടപ്പിലാക്കൽ, ഡി.സി.സി, സി.എഫ്.എൽ.റ്റി.സി സംവിധാനങ്ങൾ ഒരുക്കൽ, ആംബുലൻസ്, വാഹന സംവിധാനങ്ങൾ ഏർപ്പെടുത്തൽ വരെ ജനതയുടെ വിവിധ മേഖലകളിലുള്ള അതിജീവനത്തിനാവശ്യമായ മുഴുവൻ സേവനങ്ങളും പഞ്ചായത്തുകൾ നടപ്പിലാക്കി. മരുതമൺപള്ളി മാർബസേലിയോസ് സീനിയർ സെക്കണ്ടറി സ്കൂളിൽ ആരംഭിച്ച ഡി സി സി, പൂയപ്പള്ളി ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ ഇവ മാതൃക പരമായിരുന്നു.2020-21 വർഷത്തിൽ എല്ലാവർക്കും ഭക്ഷണം എന്ന ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിനായി ആരംഭിച്ച ജനകീയ ഹോട്ടൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ ഇപ്പോഴും തുടരുന്നു.

കോവിഡ് വാക്സിനേഷൻ ഡ്രൈവ് മികച്ച രീതിയിൽ നടപ്പിലാക്കുകയും മുഴുവൻ ജനങ്ങളും ഒന്നാംഘട്ട വാക്സിനേഷൻ പൂർത്തിയാക്കുകയും ചെയ്തു



അദ്ധ്യായം 6
പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ

കേരളത്തിലെ സുസ്ഥിരമായ വികസനമാണ് പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്നത് സാമൂഹിക വികസന രംഗത്ത് കേരളം ആർജ്ജിച്ചിട്ടുള്ള നേട്ടങ്ങൾ വർധിപ്പിക്കുന്നതിനു സ്ഥിരമായ സാമ്പത്തികവളർച്ച ഉറപ്പാക്കേണ്ടതുണ്ട് ഇതിനു സമ്പത്ത് വ്യവസ്ഥ വിജ്ഞാന അധിഷ്ഠിതമായി വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കണം. ആധുനിക വൈജ്ഞാനിക മേഖലകളുടെ പിൻബലത്തോടെ ഉൽപാദന വ്യവസ്ഥകളെ പുനരുജ്ജീവിപ്പിക്കുന്ന അതിനാണ് പ്രാധാന്യം നൽകുന്നത് കേരളത്തെ വൈജ്ഞാനിക സമൂഹമായി ആക്കി വളർത്തുകയും വിജ്ഞാന അധിഷ്ഠിതമായ സമ്പത്ത് വ്യവസ്ഥയായി പരിവർത്തനപ്പെടുത്താൻ കയും ചെയ്യുക എന്നതാണ് പതിനാലാം പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്നാമത്തേത് കേരളം ഇന്നുവരെ ആർജ്ജിച്ചിട്ടുള്ള സാമൂഹിക സാമ്പത്തിക വികസനത്തിന് കാരണമായ ഘടകങ്ങൾ ശക്തിപ്പെടുത്തുകയും ഓരോ വ്യക്തിയുടെയും സാമൂഹ്യനീതിയിലധിഷ്ഠിതമായ വികസനം ഉറപ്പുവരുത്തുകയും വേണം. നേട്ടങ്ങളുടെ തുടർച്ച ഉറപ്പുവരുത്തുന്നതിന് നമ്മുടെ പ്രകൃതി വിഭവങ്ങൾ ശ്രദ്ധയോടെ ഉപയോഗിക്കുകയും മനുഷ്യ വിഭവങ്ങൾ വൻതോതിൽ വികസിപ്പിക്കുകയും ചെയ്യണം.' വൈജ്ഞാനിക സമൂഹം മാനവ വികസനം, സുസ്ഥിര വളർച്ച എന്നിവയാണ് പതിനാലാം പദ്ധതിയുടെ മുദ്രാവാക്യങ്ങൾ.

കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് ഗതിവേഗം നൽകുകയെന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതു ലക്ഷ്യങ്ങളിൽ പ്രധാനം. പ്രാദേശിക സാമ്പത്തകി വികസനവും, തൊഴിലവസരങ്ങളുടെ സൃഷ്ടിയുമാണ് മറ്റ് ലക്ഷ്യങ്ങൾ, ഇതോടൊപ്പം കേരളത്തിന്റെ മികവുറ്റ മാനവ വികസന നേട്ടങ്ങൾ സുസ്ഥിരമായി നിലനിർത്തുക, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കി കൊണ്ടുള്ള സുസ്ഥിര വികസനം ഉറപ്പാക്കുക, കാലാവസ്ഥ വ്യതിയാനത്തെയും തൽഫലമായി ഉണ്ടാകുന്ന പ്രകൃതിദുരന്തങ്ങളെയും അതിജീവിക്കുന്നതിനുള്ള കഴിവുകൾ ആർജ്ജിക്കാൻ സമൂഹത്തെ സഹായിക്കുക എന്നിവയും പഞ്ചവത്സര പദ്ധതിയുടെ പൊതു ലക്ഷ്യങ്ങളിൽപ്പെടുന്നു.

പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്ന വികസനമാണ് നാം ലക്ഷ്യമാക്കുന്നത്. എല്ലാവരുടെയും മൗലികാവകാശങ്ങളുടെ സംരക്ഷണം, സമഗ്രമായ സാമൂഹിക സുരക്ഷ, ദാരിദ്രത്തിൽ നിന്നുള്ള പൂർണ്ണമായ മോചനം, മതസൗഹാർദ്ദത, സമാധാനം, ഉയർന്ന ഗുണനിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ, ആധുനികവും പരിസ്ഥിതി സൗഹൃദവുമായ സാങ്കേതിക വിദ്യകളുടെ ഉപയോഗം, മാലിന്യ നിർമ്മാർജ്ജനം തൊഴിൽ, ഉപജീവന സുരക്ഷ എന്നിവ പ്രധാനപ്പെട്ട വികസന ലക്ഷ്യങ്ങളിൽപ്പെടുന്നു

സമഗ്രമായ വികസന ഇടപെടലുകളിലൂടെ കേരളീയരുടെ ജീവിത ഗുണമേന്മ വർദ്ധിപ്പിക്കുകയും തദ്വാരാ സംതൃപ്തവും, സന്തോഷകരവുമായ ജീവിതം നയിക്കുന്നതിന് അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നത് പതിനാലാം പദ്ധതിയുടെ അന്തിമലക്ഷ്യം ആണ്.

സവിശേഷ വികസന ലക്ഷ്യങ്ങൾ

- കൃഷി മൃഗസംരക്ഷണം ക്ഷീരവികസനം വ്യവസായം എന്നീ മേഖലകളിൽ ഉൽപ്പാദനക്ഷമതയും ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളുടെ പ്രയോഗത്തിലൂടെ വർദ്ധിപ്പിക്കുക.
- സംയോജിത കൃഷി രീതിയെ പ്രോത്സാഹിപ്പിക്കുക.
- വ്യവസായം ടൂറിസം മറ്റ് സേവനങ്ങൾ എന്നീ മേഖലകളിൽ വർധിച്ച തോതിലുള്ള വളർച്ച ഉറപ്പാക്കുക.
- മേൽപ്പറഞ്ഞ മേഖലകളിലെ വളർച്ച ത്വരിതപ്പെടുത്തുന്ന അതിനായി നവീനമായ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ഉള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം നൽകുക.
- മേൽപ്പറഞ്ഞ മേഖലകളിലെ പൊതുസ്വകാര്യ മൂലധനനിക്ഷേപം പരമാവധി വർദ്ധിപ്പിക്കുക സഹകരണ സ്ഥാപനങ്ങളിലൂടെ സാമ്പത്തിക വിഭവങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തുക
- എല്ലാ മേഖലകളിലും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക ഇതിനായി ആവശ്യമുള്ള ഭൗതികസൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നതിനു സാങ്കേതികസഹായം ഉറപ്പാക്കുന്നതിനു സൗകര്യമൊരുക്കുക മുഖാന്തരം ലഭിച്ചിട്ടുള്ള പുതിയ തൊഴിൽ സാഹചര്യങ്ങൾ മുൻനിർത്തി വി ദൂരത്തുള്ള തൊഴിലുകൾ ഡിജിറ്റലായി ചെയ്യുന്ന ആശയം പ്രോത്സാഹിപ്പിക്കുകയും തൊഴിലുകൾ കരസ്ഥമാക്കുന്ന വർക്ക് അറ്റ് ഹോം പോലെയുള്ള സാധ്യതകൾ ഉപയോഗിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക
- സംസ്ഥാനത്തെ മുഖ്യ പ്രാദേശിക ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ പ്രാദേശിക ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സാങ്കേതിക സഹായം വികസന പദ്ധതികളിൽ ഉറപ്പാക്കുക
- അതിൽ ദാരിദ്ര്യ നിർമ്മാർജ്ജനം ചെയ്യുന്നതിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾക്ക് നേതൃത്വം നൽകുക അധികവരുമാനം ആരോഗ്യരക്ഷാ ജീവനോപാധികൾ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനുള്ള സൂക്ഷ്മ പദ്ധതികൾക്ക് രൂപം കൊടുത്ത നടപ്പിലാക്കുകയും ദാരിദ്ര്യം പൂർണമായും ഇല്ലാതാകുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക
- സാമൂഹികമായി പിന്നോക്കം നിൽക്കുന്നവർ വയോജനങ്ങൾ രോഗബാധിതർ ഭിന്നശേഷിക്കാർ എന്നിവരുടെ വീട്ടുപടിക്കൽ പഞ്ചായത്ത് വഴിയുള്ള സേവനങ്ങൾ എത്തിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക
- മാലിന്യ നിർമ്മാർജനത്തിന് കാര്യമായ മാർഗ്ഗങ്ങൾ ആവിഷ്കരിക്കുക ഖര ദ്രവ മാലിന്യ സംഭരണത്തിനും സംസ്കരണത്തിനും ശാസ്ത്രീയമായ വികേന്ദ്രീകൃത സംവിധാനങ്ങൾ സ്ഥാപിക്കുക (ഉറവിട മാലിന്യ സംസ്കരണം)
- ഗ്രാമപഞ്ചായത്തിനെ ഭൂരഹിതരും ഭവന രഹിതരും അഗതികളും ഇല്ലാത്ത പഞ്ചായത്ത് ആക്കി മാറ്റുക
- വർദ്ധിച്ചു വരുന്ന നഗരം വൽക്കരണത്തിന് സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ടുള്ള പശ്ചാത്തല വികസന പരിപാടികൾ ശുചിത്വ പരിപാടികൾ എന്നിവ ആസൂത്രണം ചെയ്യുക
- പൊതുജനാരോഗ്യ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുക കോവിഡ് 19 ന്റെ അനുഭവങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ടുകൊണ്ട് വ്യക്തികളുടെ ആരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുക പൊതുജനാരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വർധിപ്പിക്കുക

- പൊതുവിദ്യാഭ്യാസ രംഗത്ത് പതിമൂന്നാം പദ്ധതി കാലത്തുണ്ടായ മികവ് വർദ്ധിപ്പിക്കുക പൊതുവിദ്യാലയങ്ങളുടെ സൗകര്യങ്ങൾ വർധിപ്പിക്കുകയും പഠന നിലവാരം ഉയർത്തുകയും ചെയ്യുക
- കലാ, സംസ്കാരം എന്നീ മേഖലകളുടെ ബഹുമുഖമായ വികസനവും ജനകീയ വൽക്കരണവും ഉറപ്പാക്കുക.
- പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ മണ്ണ് ജലസംരക്ഷണ പദ്ധതികൾ നീർത്തട വികസന പദ്ധതികൾ എന്നിവ പുനരുജ്ജീവിപ്പിക്കുക
- കാലാവസ്ഥാ മാറ്റത്തിന് ഫലമായുണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾ ഉൽപ്പാദന മേഖലകളിലെ മാറ്റങ്ങൾ എന്നിവ മറികടക്കുന്നതിനുള്ള അതിജീവന ക്ഷമത കൈവരിക്കുക ദുരന്തനിവാരണം കാലാവസ്ഥാവ്യതിയാനം അഭിസംബോധന ചെയ്യൽ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഹ്രിസ്വ കാല - ദീർഘകാല ഇടപെടലുകൾ രൂപം നൽകുക
- ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ ആർജ്ജിക്കുന്ന അതിനുള്ള പ്രത്യേക കർമപദ്ധതി ആവിഷ്കരിക്കുക കേരളത്തിലെ ഉയർന്ന സുസ്ഥിര വികസന സൂചിക കൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനു സവിശേഷ ശ്രദ്ധ പുലർത്തുക

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടാൻ സംസ്ഥാന സർക്കാരിനോട് ഒപ്പം നമ്മുടെ ഗ്രാമപഞ്ചായത്തും ഒന്നിച്ചു പ്രവർത്തിക്കേണ്ടതുണ്ട് വിവിധ വികസന വകുപ്പുകളുടെ പദ്ധതികളുമായി ചേർന്നുകൊണ്ടാണ് ഓരോ മേഖലയിലും കർമ്മ പദ്ധതികൾ തയ്യാറാക്കേണ്ടത് കേരള സർക്കാർ ആവിഷ്കരിക്കുന്ന നവകേരള കർമ്മ പദ്ധതി ആസൂത്രണവും നിർവഹണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് വിഭാവനം ചെയ്തിട്ടുള്ളത് ഹരിത കേരളം എന്നീ പദ്ധതികൾ ഏകോപിപ്പിക്കേണ്ടത് പഞ്ചായത്ത് തലത്തിൽ ആണ്

ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

ഉൽപാദനം ഉൽപ്പാദനക്ഷമത വർധിപ്പിക്കുക

- കാർഷിക മൃഗസംരക്ഷണ ക്ഷീര മേഖലകളിലെ ഉൽപാദനം വർധിപ്പിക്കുന്നതിന് വിവിധ വിളകളുടെയും മറ്റു സംരംഭങ്ങളുടെയും വിസ്തൃതിയും ഉൽപ്പാദനക്ഷമതയും പരമാവധി വർധിപ്പിക്കണം ഇതിനായി ശരിയായ മാർഗ്ഗങ്ങളും ആധുനിക സാങ്കേതികവിദ്യകളും ഉപയോഗിക്കണം സർവകലാശാലകൾ ശാസ്ത്ര-സാങ്കേതിക ഗവേഷണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ശാസ്ത്രസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തണം. ഈ പച്ചക്കറി മുട്ട എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടാനും പാലുൽപാദനത്തിൽ ഉൽപാദനം കൈവരിക്കാനും കഴിയണം. സുഭിക്ഷ കേരളം പദ്ധതി കൂടുതൽ മികവോടെ നടപ്പാക്കും
- സംയോജിത കൃഷിരീതി ക്ക് മുൻഗണന അതിനുവേണ്ടുന്ന പരിശീലനം കാർഷിക സർവകലാശാലയുടെ സഹകരണത്തോടെ നടപ്പാക്കും
- ഉൽപാദകരുടെ ലാഭം ഗണ്യമായി വർധിപ്പിക്കുന്നതിന് കാർഷികയന്ത്രങ്ങൾ കർഷക സംഘങ്ങൾക്ക്
- കാർഷികോൽപ്പന്നങ്ങളുടെ മൂല്യ വ്യുശിസഹൃ വികസിപ്പിക്കുന്നതിനും മൂല്യവർധിത ഉത്പന്നങ്ങളിൽ അധിഷ്ഠിതമായ വ്യക്തിഗത കുടുംബശ്രീ സംരംഭങ്ങൾക്ക് പ്രോത്സാഹനം

അതിനായുള്ള പരിശീലനങ്ങളും സാങ്കേതിക വിദ്യയുടെ ലഭ്യതയും കാർഷിക സർവകലാശാലയുടെ സഹകരണത്തോടെ നടപ്പാക്കും

- സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് പ്രോത്സാഹനം
- ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ നൽകുന്നതിനുള്ള പ്രത്യേക പദ്ധതി വ്യവസായ വകുപ്പിന്റെ ഒരു ലക്ഷം സംരംഭങ്ങൾ, K-DISC (Kerala Development Innovation Strategic Council) ന്റെ തൊഴിലവസര വികസന പരിപാടികൾ നടപ്പാക്കുന്നതിന് പഞ്ചായത്തിലെ എല്ലാ വിധ സഹായ സഹകരണവും ഒപ്പം അതിനുവേണ്ടുന്ന പശ്ചാത്തല സൗകര്യവും ഒരിക്കൽ
- നൈപുണ്യ വികസന പരിശീലനം അദ്യസ്തവിദ്യർക്ക് അതിനായി ഇതിൽ ഡെവലപ്മെന്റ് സൊസൈറ്റി യുടെ പ്രവർത്തനങ്ങൾ സജീവമാക്കും കൊപ്പം പഞ്ചായത്ത് നിർമാണപ്രവർത്തനങ്ങൾക്ക് ഡെവലപ്മെന്റ് സൊസൈറ്റി മുഖേന നടപ്പിലാക്കും
- എല്ലാ വീടുകളിലും അജൈവ മാലിന്യ സംസ്കരണ പരിപാടി ബയോബിൻ ബയോഗ്യാസ് അഞ്ചുവർഷംകൊണ്ട് നടപ്പാക്കും
- അടുത്ത അഞ്ചുവർഷം കൊണ്ട് പഞ്ചായത്തിലെ ദ്രവ മാലിന്യ സംസ്കരണം നിർമ്മാർജ്ജന മാർഗങ്ങൾ പ്രാദേശിക സ്വീവേജ് സെപ്റ്റേജ് സംസ്കരണം എന്നിവ നടപ്പാക്കും
- വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി പഞ്ചായത്ത്-സ്വകാര്യ-പങ്കാളിത്തം (PPP), പഞ്ചായത്ത്-സഹകരണ സ്ഥാപന പങ്കാളിത്തം(PCP), പഞ്ചായത്ത്-സ്വകാര്യ-സഹകരണ സ്ഥാപനം പങ്കാളിത്തം(PPCP) എന്നീ രീതികളിൽ ഉൽപാദന, സേവന, അടിസ്ഥാന വികസന മേഖലകളിൽ നടപ്പാക്കും ഇതിനായി പഞ്ചായത്ത് നേതൃത്വത്തിൽ കൺസോർഷ്യം രൂപീകരിക്കും
- പ്രാദേശിക ടൂറിസം പുരപ്പുറ സൗര വൈദ്യുതി ഉത്പാദനം എന്നിവ ഇങ്ങനെ നടപ്പിലാക്കാവുന്നതാണ്
- വികസന പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പൊതുമേഖലാ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും കേരള ബാങ്ക് ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പ അധിഷ്ഠിത വിഭവസമാഹരണം നടത്തുവാൻ ശ്രമിക്കും വായ്പ സാധ്യതകളെക്കുറിച്ച് പഞ്ചായത്തിലെ ബാങ്കുകളും സഹകരണ സംഘം പ്രതിനിധികളുമായി സഹകരണാടിസ്ഥാനത്തിൽ യോജിച്ച നടപ്പിലാക്കാവുന്നതാണ് കുറിച്ച് കൂടിയാലോചനകൾ നടത്തും. ഇതിനായി വാർഷിക പദ്ധതിക്ക് മുൻപായി വായ്പ അധിഷ്ഠിത പ്രോജക്ടുകൾ തയ്യാറാക്കാം
- വ്യവസായ സംരംഭങ്ങൾ അടക്കമുള്ള എല്ലാ സംരംഭങ്ങളും അനായാസം തുടങ്ങുന്നതിനായി പഞ്ചായത്ത് അനുഭാവപൂർവമായ സമീപനം സ്വീകരിക്കും ഒപ്പം പീസ് ഓഫ് ബിസിനസ് കാര്യക്ഷമമാക്കുന്നതിന് ഉള്ള സഹായ സംവിധാനങ്ങൾ ഒരുക്കും
- കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ ഉൽപ്പാദന വ്യവസ്ഥയിലെ മാറ്റങ്ങൾ എന്നിവ ഉൾപ്പെടെയുള്ള പ്രത്യാഘാതങ്ങൾ അതിജീവിക്കുന്ന അതിനുള്ള ശേഷി വർധിപ്പിക്കുന്നതിന് പ്രത്യേക പരിഗണന
- കാലാവസ്ഥ വ്യതിയാനത്തെ ആഘാതങ്ങൾ കുറക്കുന്നതിനുള്ള ഹ്രസ്വ ദീർഘകാല പദ്ധതികൾ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട വിവിധ തോടുകളുടെ സംരക്ഷണം
- ദുരന്തനിവാരണത്തിന് പ്രകൃതിദുരന്തങ്ങൾക്ക് വിധേയമായ വരെ പുനരധിവസിപ്പിക്കുന്നതിന് ഉപജീവനവും വാദികൾ പുനസ്ഥാപിക്കുന്ന അതിനു പ്രത്യേക പരിഗണന ഇതിനായി തയ്യാറാക്കിയിട്ടുള്ള ദുരന്തനിവാരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കും. പ്രകൃതി ദുരന്ത സാധ്യതകളുള്ള പ്രദേശങ്ങളിൽ ആവശ്യമുള്ള ശാസ്ത്രീയ വികസന ഇടപെടലുകൾ വിദഗ്ധരുടെ സഹായത്തോടെ നടപ്പാക്കും

- നീർത്തട വികസന പദ്ധതികൾക്ക് പ്രത്യേക മുൻഗണന മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതികളിലൂടെ പ്രത്യേക പരിഗണന നൽകും
- കണ്ടെത്തിയ ഓരോ അതിരുദ്ര കുടുംബത്തെയും സവിശേഷ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു സൂക്ഷ്മ വികസന പരിപാടികൾ ഉപജീവന സുരക്ഷയും സാമൂഹിക സുരക്ഷയും ഉറപ്പു വരുത്തും.
- പൊതുവിദ്യാഭ്യാസ രംഗത്ത് ആർജിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനായി വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ബോധന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഡിജിറ്റൽ ഓൺലൈൻ സാങ്കേതികവിദ്യയുടെ സഹായത്തോടെ വിവിധ പദ്ധതികൾ നടപ്പാക്കും വിജ്ഞാനോത്സവം ഉന്നത വിദ്യാഭ്യാസരംഗത്തേക്ക് കടക്കുന്ന കുട്ടികൾക്ക് ആത്മവിശ്വാസം പകരുന്ന അതിനുള്ള പ്രത്യേകം കോച്ചിങ് ക്ലാസുകൾ ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ നടപ്പിൽ വരുത്തും.
- ആരോഗ്യ സ്ഥാപനങ്ങളിൽ (അലോപ്പതി,ആയുർവേദം,ഹോമിയോ) കൂടുതൽ മെച്ചപ്പെട്ട സേവനങ്ങളും അടിസ്ഥാനസൗകര്യങ്ങളും വർദ്ധിപ്പിക്കും
- പഞ്ചായത്തിലെ അർഹരായ എല്ലാവർക്കും പ്രധാനപ്പെട്ട സേവനങ്ങൾ വാതിൽപ്പടിയിൽ എത്തിക്കുന്നതിനുള്ള പരിപാടിയിൽ കൂടുതൽ സന്നദ്ധ പ്രവർത്തകരെ അണിനിരത്തി കാര്യക്ഷമമായി നടപ്പിലാക്കും

2022– 23 വാർഷിക പദ്ധതി യിലേക്കുള്ള പ്രോജക്ട് ആശയങ്ങൾ

- ✓ വീടുകളിലും അങ്കണവാടികളും സ്കൂളുകളിലും ഉറവിട ജൈവമാലിന്യ സംസ്കരണം
- ✓ പഞ്ചായത്തിലെ അജൈവ മാലിന്യ സംഭരണത്തിന് സംവിധാനം
- ✓ സംയോജിത കൃഷി സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കൽ അതിനായി ബോധവൽക്കരണ ക്ലാസുകൾ
- ✓ മണ്ണിന്റെ സ്വഭാവം അറിഞ്ഞ് വളപ്രയോഗം നടത്തുന്നതിന് മണ്ണുപരിശോധന ക്യാമ്പുകൾ സംഘടിപ്പിക്കുക
- ✓ പഞ്ചായത്തിലെ ഹരിതകർമ്മസേന ശക്തിപ്പെടുത്തുക ഓരോ വാർഡിലും ഉള്ള കൃഷിയിടങ്ങൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങളും സഹായവും നൽകാവുന്ന രീതിയിലേക്ക് അവരെ ശാക്തീകരിക്കുക. അതിനുവേണ്ട ശാസ്ത്രീയ അറിവുകൾ ലഭ്യമാക്കുക
- ✓ ലൈഫ് പദ്ധതി- ഭവനനിർമാണത്തിന് സ്ഥലം വാങ്ങൽ
- ✓ കാർഷിക ഉൽപന്നങ്ങൾ വിറ്റഴിക്കാൻ സ്വാശ്രയ ചന്തകൾ
- ✓ തീറ്റ ചെലവ് ഗണ്യമായി കുറയ്ക്കാൻ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുക അർഹരായവർക്ക് അറ്റകുറ്റപ്പണികൾ നടത്താൻ ധനസഹായം ചെയ്യുന്നതിലൂടെ വാസയോഗ്യമായ വീടുകൾ
- ✓ തുടർ പഠന സാധ്യതകൾ അറിയാൻ കരിയർ ഗൈഡൻസ് സംവിധാനം
- ✓ ഗ്രോ ബാഗ് തയ്യാറാക്കാനും വിതരണത്തിലും ഹരിതകർമസേന പ്രാപ്തരാക്കു
- ✓ ഹെൽത്ത് സ്വപ്നങ്ങളുടെ നവീകരണം
- ✓ സപ്ത എന്നിവരുടെ നേതൃത്വത്തിൽ ജീവിതശൈലീ രോഗികളുടെ ക്ലബ്ബുകൾ
- ✓ ഭക്ഷണത്തിൽ ഇലക്കറികളുടെ അഭാവം പരിഹരിക്കുന്നതിനായി വീട്ടുമുറ്റത്ത് ഇലക്കറി തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കാൻ
- ✓ വാതിൽ പടി സേവനം നടപ്പിലാക്കൽ
- ✓ എസ്.സി വനിതകൾക്ക് സ്വയംതൊഴിൽ ആവശ്യമായ സൗകര്യങ്ങൾ നൽകുക
- ✓ സീറോ കാർബൺ പഞ്ചായത്ത് വൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കുന്നത്

മോണിറ്ററിംഗ് സംവിധാനവും കാഴ്ചപ്പാടും

ആസൂത്രണ പദ്ധതികളുടെ നിർവഹണത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ഒരു പ്രവർത്തനമാണ് മോണിറ്ററിങ്. പദ്ധതിനിർവഹണം കാര്യക്ഷമമാക്കും ഫലപ്രദവും ആക്കി മാറ്റുക എന്നതാണ് മോണിറ്ററിങ്ങിനെ ലക്ഷ്യം. പദ്ധതിനിർവഹണത്തിൽ ഉടനീളം നിരന്തരമായ വിലയിരുത്തലും പരിശോധനയും ഉറപ്പായി എങ്കിൽ മാത്രമേ പദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർണമായും കൈവരിക്കാനാകൂ അതിനു പ്രോജക്റ്റ് രേഖയിൽ പറഞ്ഞിട്ടുള്ളതുപോലെ നിർമാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും കഴിയുകയുള്ളൂ. ചുരുക്കത്തിൽ പ്രോജക്ടുകളുടെ യും പദ്ധതികളുടെയും നിർവഹണത്തിൽ ഉടനീളം നിർവഹണ ഏജൻസിയും നിർവഹണ ചുമതലയുള്ള ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിറ്ററിങ്. അതുകൊണ്ടുതന്നെ പ്രോജക്ടുകളും പദ്ധതിയും പൂർത്തിയാക്കുന്നതിന് ശേഷമുള്ള വിലയിരുത്തലല്ല മോണിറ്ററിങ് എന്ന് വ്യക്തം. പ്രോജക്ട് നിർമ്മാണ ത്തോടൊപ്പം സമാന്തരമായി നടക്കേണ്ടതാണ് മോണിറ്ററിങ് പ്രവർത്തനം.

ലക്ഷ്യങ്ങൾ

1) പ്രോജക്റ്റിനെ ലക്ഷ്യങ്ങൾ നേടാൻ കഴിയുന്ന വിധത്തിൽ തന്നെയാണോ നിർവഹണം നടക്കുന്നത് എന്ന് ഉറപ്പുവരുത്തുക
2) പ്രോജക്ട് എന്റെ ഓരോ പ്രവർത്തനത്തിലും വിഭാവനം ചെയ്തിട്ടുള്ള നേട്ടങ്ങൾ ആ പ്രവർത്തനം പൂർത്തിയാവുന്നതോടെ ആർജ്ജിക്കാൻ കഴിഞ്ഞു എന്ന് പരിശോധിക്കുക
3) പ്രോജക്റ്റ് രൂപീകരണത്തിൽ മുൻകൂട്ടി കാണാൻ കഴിയാതിരുന്നതും എന്നാൽ നിർവഹണ ഘട്ടത്തിൽ ഉയർന്നു വരുന്നതുമായ പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടോ എന്നും അവയ്ക്ക് എങ്ങനെ പരിഹാരം കാണാം എന്നു നിശ്ചയിക്കുക
4) പ്രോജക്ട് ലക്ഷങ്ങൾ പൂർത്തിയാക്കുന്നതിനും കൂടുതൽ സാമൂഹിക നേട്ടം ഉറപ്പാക്കുന്നതിനും നിർദിഷ്ട പ്രവർത്തനങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ ആവശ്യമാണോ എന്ന് തീരുമാനിക്കുക
5) അധിക പ്രവർത്തനം ആവശ്യമെങ്കിൽ അതിനുള്ള തീരുമാനം നിയമാനുസൃതം കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ടവരോട് ശുപാർശ ചെയ്യുകയും തീരുമാനങ്ങൾ രേഖാമൂലം എടുത്ത് പ്രോജക്ട് രേഖയുടെ ഭാഗമാക്കുകയും ചെയ്യുക
6) പ്രോജക്ട് പൂർത്തീകരിച്ച് കഴിഞ്ഞാൽ പൂർത്തീകരണ സർട്ടിഫിക്കറ്റ് തയ്യാറാക്കി അംഗീകരിക്കുക
7) നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായും ചിട്ടയായും തയ്യാറാക്കി പ്രൊഫൈലിൽ ഉണ്ടെന്ന് ഉറപ്പാക്കുക

മോണിറ്ററിംഗ് ജനകീയാസൂത്രണത്തിൽ

ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിക്കുന്നതിന് മുമ്പ് തന്നെ എല്ലാ വകുപ്പുകളിലും വികസനപ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടന്നിരുന്നു ഔദ്യോഗിക ഭരണ നിർവ്വഹണത്തിന് ഭാഗമായിരുന്നു മോണിറ്ററിംഗ് എന്നാൽ നിർമ്മാണവുമായി ബന്ധപ്പെട്ട വരും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരും മാത്രമായിരുന്നു മോണിറ്ററിംഗ് സംവിധാനത്തിൽ ഉൾപ്പെട്ടിരുന്നത്. അനുവദിക്കപ്പെട്ട പണം നിശ്ചിത സമയപരിധിക്കുള്ളിൽ ചെലവഴിച്ചു എന്നു മാർച്ച് സൗദിക്ക് ലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് പരിശോധിക്കുന്ന പ്രവർത്തനം മാത്രമായിരുന്നു മോണിറ്ററിങ് അതുകൊണ്ടുതന്നെ നിർവഹണത്തിൽ ഉടനീളം സഹായിച്ചുകൊണ്ട് നിർവ്വഹണം കാര്യക്ഷമവും ഫലപ്രദവുമായ ആക്കുന്നതിന് മോണിറ്ററിംഗിനു കഴിഞ്ഞിരുന്നില്ല എന്നതാണ് വാസ്തവം

മോണിറ്ററിംഗ് എങ്ങനെ ?

പദ്ധതിരേഖ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചാലുടൻ തന്നെ മോണിറ്ററിംഗ് സംവിധാനം പ്രവർത്തനക്ഷമം ആക്കുന്നതിനുള്ള നടപടി ഭരണസമിതി കൈക്കൊള്ളേണ്ടതാണ്

- പ്രോജക്ട് മോണിറ്ററിങ് അതാത് വർക്ക് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ് അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികൾ ആയി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥരും ഭരണസമിതി ക്കും നൽകേണ്ടതാണ്.
- പ്രൊജക്റ്റ് മോഡൽ തുടങ്ങി മേൽനോട്ടത്തിനായി വിവിധ വർക്കിംഗ് ഗ്രൂപ്പിലെ മോണിറ്ററിംഗ് കൺവീനർമാരെ യും വിവിധ വിഷയങ്ങളിൽ വിദഗ്ധർ ആസൂത്രണ സമിതി അംഗങ്ങൾ അടങ്ങിയ ഒരു മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കണം കമ്മറ്റിയുടെ കൺവീനർ ആസൂത്രണ സമിതിയുടെ ഉപാദ്ധ്യക്ഷൻ ആയിരിക്കണം. മോണിറ്ററിങ് കമ്മിറ്റികൾക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നതും സജീവമാക്കി നിർത്തുന്നതും ഈ കമ്മിറ്റിയുടെ ചുമതലയാണ്
- വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആണെങ്കിൽ മോണിറ്ററിങ് കമ്മിറ്റിയുടെ കൺവീനർ ആയി വർക്കിംഗ് ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതും ഇങ്ങനെ തീരുമാനിച്ച കാര്യം സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്
- സാമൂഹിക അധിഷ്ഠിത സംഘടനകളേയും ജനകീയസമിതി കളയും പ്രാദേശിക മോണിറ്ററിംഗ് ചുമതലപ്പെടുത്തി ആവുന്നതാണ്
- പദ്ധതി നിർവഹണ പുരോഗതിയും ഭൗതിക നേട്ടവും മുഗൾ തലങ്ങളിലേക്ക് റിപ്പോർട്ട് ചെയ്യുന്ന സംവിധാനം പ്രവർത്തന ക്ഷമമാക്കാൻ അതുകൊണ്ട് ഇതിന് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്നും ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിനും ചുമതല നിശ്ചയിച്ച നൽകിയിട്ടുള്ള ഉദ്യോഗസ്ഥരെ പഞ്ചായത്തിൽ നടക്കുന്ന പദ്ധതി നിർവഹണ പുരോഗതി അവലോകനം യോഗങ്ങളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്
- നിർമ്മാണ പ്രവർത്തികൾ സംബന്ധിച്ച പ്രവർത്തിയുടെ പേര് വർഷം പ്രവർത്തി നടത്തുന്ന നിർമാണ ഏജൻസിയുടെ കരാറുകാരനെ പേരും ഫോൺ നമ്പറിൽ എൻജിനീയറുടെ പേരും ഫോൺ നമ്പറും അടങ്കൽ തുക പ്രവർത്തി ഈണങ്ങൾ ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്ന പ്രവർത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്. പ്രവർത്തി പൂർത്തീകരിച്ച ശേഷം പ്രവർത്തി നടക്കുന്ന സ്ഥലത്ത് പ്രവർത്തിയുടെ പേര് ചെലവഴിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലെക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണം. ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്
- ഗുണനിലവാര പരിശോധന ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കൂടാതെ മോണിറ്ററിങ് കമ്മിറ്റി കൂടി പരിശോധന വിധേയമാക്കേണ്ടതാണ്

സോഷ്യൽ ഓഡിറ്റ്

ഗ്രാമ പഞ്ചായത്തിൽ നിന്നോ കൈമാറ്റി ലഭിച്ച സ്ഥാപനങ്ങളിൽ നിന്നോ ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചും വികസന പ്രവർത്തനങ്ങളെ കുറിച്ചും പ്രസ്തുത പ്രദേശത്തെ ജനങ്ങൾ ഗുണഭോക്താക്കൾ രേഖകളുടെയും അനുഭവത്തെയും അടിസ്ഥാനത്തിൽ നേരിട്ട് നടത്തുന്ന വിലയിരുത്തലും പരിശോധനയും ആണ് സോഷ്യൽ ഓഡിറ്റ്. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി

ബന്ധപ്പെട്ട വിഷയ വിദഗ്ദ്ധർ അടങ്ങിയ ഒരു സോഷ്യൽ ഓഡിറ്റ് സമിതി പഞ്ചായത്ത് തലത്തിലും വാർഡു തലത്തിലും രൂപീകരിക്കുകയും ചെയ്യണം പഞ്ചായത്ത് തല സമിതി ആയിരിക്കണം വാർഡ് തല സോഷ്യൽ സമിതിയുടെ മേൽനോട്ട ചുമതല

പ്രവർത്തനം

സോഷ്യൽ ഓഡിറ്റ് ടീം സാമൂഹ്യ പരിശോധന നടത്തി ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്യേണ്ട കാര്യങ്ങൾ താഴെപ്പറയുന്നവയാണ്

1) പ്രോജക്റ്റ് രേഖയ്ക്ക് അനുസൃതമായ ആണോ നിർവഹണം നടന്നത്
2) വികസന പ്രവർത്തനങ്ങളിലെ മുതൽമുടക്കും കൈവരിച്ച നേട്ടവും തമ്മിൽ പൊരുത്തപ്പെടുന്നു ഉണ്ടോ
3) പ്രോജക്റ്റിനെ ലക്ഷ്യങ്ങൾ പൂർണമായും കൈവരിക്കാനാകൂ കഴിഞ്ഞുവോ ഇല്ലെങ്കിൽ എന്തുകൊണ്ട് അങ്ങനെ സംഭവിച്ചു എങ്ങനെ പരിഹരിക്കാനാവും നിർദ്ദേശങ്ങൾ എന്തെല്ലാം
4) പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്ന ജനകീയ പങ്കാളിത്തവും സുതാര്യതയും അധിക വിഭവ സമാഹരണവും ആർജ്ജിക്കാൻ കഴിഞ്ഞുവോ ഇല്ലെങ്കിൽ എന്തുകൊണ്ട് മെച്ചപ്പെടുത്തുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ എന്തെല്ലാം
5) ധനവിനിയോഗം സംബന്ധിച്ച രേഖകൾ പരിശോധിച്ച് ഉറപ്പാക്കുക
6) നിർമ്മാണത്തിന് ഗുണമേന്മയെ സംബന്ധിച്ചും ധനവിനിയോഗ ത്തിലെ കാര്യക്ഷമതയെ സംബന്ധിച്ചുള്ള വിലയിരുത്തലും മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സോഷ്യൽ ഓഡിറ്റ് ടീമിന്റെ റിപ്പോർട്ട് ഭരണസമിതിക്ക് നൽകുകയും ഭരണ സമിതി ചർച്ച ചെയ്ത് അംഗീകരിച്ച ഗ്രാമസഭയിൽ അവതരിപ്പിക്കുകയും ചെയ്യേണ്ടതാണ്

സദ്ഭരണം

ഗ്രാമപഞ്ചായത്ത് പൊതുഭരണം സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കിക്കൊണ്ട് മുന്നോട്ടു പോകുമ്പോൾ തന്നെ നീതിപൂർവ്വവും നിയമം ആഴ്ചയിൽ അധിഷ്ഠിതവും ജനപങ്കാളിത്തവും ഉള്ള ഒരു സംവിധാനം ആയിരിക്കണം എന്നാണ് ലക്ഷ്യമിടുന്നത്. പൗരാവകാശരേഖ വിവരാവകാശ നിയമം സേവനാവകാശ നിയമം എന്നിവ കൂടി പരിഗണിച്ച് സംരക്ഷിച്ചുകൊണ്ടുള്ള സമീപനമാണ് സ്വീകരിക്കുന്നത്. പഞ്ചായത്ത് ഓഫീസിലെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെയും രേഖകൾ സൂക്ഷിക്കലും പൊതുജനങ്ങളുടെ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങളും ഉണ്ടാകേണ്ടതുണ്ട്. അതുപോലെതന്നെ സ്ഥാപനങ്ങളിൽ ഉള്ള ആസ്തി സംരക്ഷണവും അതിന്റെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കലും പ്രധാനമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയെ സഹായിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള ആസൂത്രണ സമിതിയെ പ്രയോജനപ്പെടുത്തി കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കാൻ കഴിയണം. അയൽ സഭ വാർഡ് വികസന സമിതി ജാഗ്രതാസമിതി തുടങ്ങി ജനകീയ സമിതികളുടെ പ്രവർത്തനങ്ങൾ കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ജനപങ്കാളിത്തം വർധിപ്പിക്കാൻ കഴിയൂ ഗ്രാമ പഞ്ചായത്ത് ഓഫീസും വിട്ടുകിട്ടിയ സ്ഥാപനം ഓഫീസുകളുമായി നെറ്റ്വർക്ക് സിസ്റ്റത്തിലേക്ക് മാറേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും പൊതു ജനങ്ങൾക്ക് ലഭിക്കേണ്ടുന്ന സേവനങ്ങൾ കാലതാമസം കൂടാതെ ലഭിക്കുമെന്ന് ഉറപ്പ് ഉണ്ടാകണം. ഗ്രാമ പഞ്ചായത്തിലെ എല്ലാ രേഖകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുകയും വിരൽത്തുമ്പിൽ സേവനം ലഭിക്കുന്ന അവസ്ഥയിലേക്ക് മാറണമെന്നും ആണ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ മൂന്നുവർഷമായി ഐഎസ്ഒ അംഗീകാരം നിലനിർത്തി വരുന്ന പഞ്ചായത്താണ്.

ഗ്രാമ പഞ്ചായത്ത് വാർഡുകളിൽ ഗ്രാമ കേന്ദ്രം ഫലപ്രദമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു പ്രസ്തുത ഗ്രാമ കേന്ദ്രവും ഗ്രാമപഞ്ചായത്ത് ഓഫീസുമായി കമ്പ്യൂട്ടർ നെറ്റ്വർക്കിൽ ബന്ധിപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് അകത്ത് എല്ലാ വാർഡുകളും ആയി ബന്ധിപ്പിക്കുന്ന ഗതാഗതസൗകര്യം ഇല്ലാത്ത സാഹചര്യത്തിൽ ജനങ്ങൾക്ക് തങ്ങളുടെ ആവശ്യത്തിന് ഗ്രാമ പഞ്ചായത്ത് ഓഫീസിൽ എത്തിച്ചേരാൻ വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഈ വസ്തുത കണക്കിലെടുത്ത് വീട്ടുപടിക്കൽ സേവനം ലഭിക്കുന്ന തരത്തിൽ ഗ്രാമ കേന്ദ്രത്തെ പ്രവർത്തിപ്പിക്കേണ്ട ആയിട്ടുണ്ട്. എല്ലാത്തരത്തിലും സദ് ഭരണം കാഴ്ച വയ്ക്കുക എന്നതാണ് ലക്ഷ്യമിടുന്നത്